# സാഹിത്യ ചിന്തകൾ

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# സാഹിത്യചിന്തകൾ

സ്വരരാഗസുധ പബ്ലിക്കേഷൻസ്

Digitized By Kerala Sahitya Akademi

# SAHITYACHINTHAKAL

(Presidential address delivered at the Second Annual Conference of All-Kerala Progressive Writers' Association held at Kottayam.)

By

CHANGAMPUZHA KRISHNA PILLAI M. A.

First Impression 1120 M. E.
Second Impression July 1963, 1000 Copies.

Copyright:
MRS. SRIDEVI CHANGAMPUZHA

**PRICE 1-50**

SWARARAGASUDHA PUBLICATIONS,
EDAPPALLY

Distributors:
M. S. BOOK DEPOT, QUILON

Printed at:
Thilakam Press, Ernakulam.

Digitized By Kerala Sahitya Akademi

# സാഹിത്യചിന്തകൾ

(കോട്ടയത്തുവച്ചു നടന്ന 'അഖിലകേരളപുരോഗമന സാഹിത്യ സംഘടനയുടെ ദ്വിതീയ വാർഷിക സമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം.)

**ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.**

വില - 1-50

പ്രസാധകന്മാർ:

**സ്വരരാഗസുധ പബ്ലിക്കേഷൻസ്,**

ഇടപ്പള്ളി.

---

വിതരണക്കാർ:

**എം എസ് ബുക്കുഡിപ്പോ,**

**കൊല്ലം.**

Digitized By Kerala Sahitya Akademi

# മഹാകവി ചങ്ങമ്പുഴ

മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ള 1087 കന്നിമാസം 24-ാംതീയതി ഇടപ്പള്ളിയിൽ ചങ്ങമ്പുഴ വീട്ടിൽ ശ്രീമതി പാറുക്കുട്ടി അമ്മയുടെ പ്രഥമപുത്രനായി ജനിച്ചു. മട്ടാഞ്ചേരിയിൽ തെക്കേടത്തു വീട്ടിൽ ശ്രീ. നാരായണമേനോനായിരുന്നു പിതാവു്

നിർദ്ധനാവസ്ഥമൂലം ബാല്യകാലവിദ്യാഭ്യാസംപോലും വളരെ ക്ലേശകരമായിട്ടാണു് നിർവ്വഹിച്ചതു്. മൂന്നാംഫാറം വരെ ഇടപ്പള്ളിയിൽത്തന്നെ അദ്ധ്യയനം നടത്തി. ആലുവായിലും എറണാകുളത്തും അദ്ധ്യയനം നടത്തി ഹൈസ്കൂൾവിദ്യാഭ്യാസവും പൂർത്തിയാക്കി.

ഒമ്പതാമത്തെ വയസ്സുമുതൽ പ്രതിഭാശാലിയായ നമ്മുടെ സ്മര്യപുരുഷൻ കവിത എഴുതാൻതുടങ്ങി. ബാഷ്പാഞ്ജലി എന്ന പ്രഥമ കവിതാസമാഹാരത്തിലെ കവിതകളെല്ലാം ഇരുപതും ഇരുപത്തൊന്നും വയസ്സിനിടയിൽ രചിക്കപ്പെട്ടവയാണു്.

ചങ്ങമ്പുഴ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അവസരത്തിലാണു് ശ്രീ. ഇടപ്പള്ളി രാഘവൻപിള്ള നിര്യാതനായതു്. ആ ദുരന്തസംഭവം ചങ്ങമ്പുഴയുടെ ഹൃദയത്തെ അഗാധമായി മുറിവേല്പിച്ചു. അതിൽനിന്നും വിങ്ങിപ്പൊട്ടിയ ദീനരോദനമാണു് രമണൻ എന്ന ആരണ്യക നാടകീയ വിലാപകാവ്യം. ആ കൃതി മലയാളത്തിലെ ഒരു മഹാസംഭവമായി പരിണമിച്ചു.

Digitized By Kerala Sahitya Akademi

തുടൎന്നു നിരവധി കൃതികൾ അനായാസേന ചങ്ങമ്പുഴയിൽ നിന്നും കൈരളിക്കു ലഭിക്കുവാൻ തുടങ്ങി. ഇതിനിടയിൽ അദ്ദേഹം കോളേജ് വിദ്യാഭ്യാസവും ആരംഭിച്ചിരുന്നു. എറണാകുളത്തെ പഠനത്തിനുശേഷം തിരുവനന്തപുരം ആർട്ട്സ് കോളേജിൽ ചേൎന്നു ഓണേഴ്സ് ബിരുദം നേടി. അദ്ധ്യയനകാലത്തുതന്നെ ശ്രീമതി ശ്രീദേവിഅമ്മയെ അദ്ദേഹം വിവാഹംചെയ്തു.

പഠനാനന്തരം സാമ്പത്തികപരാധീനതകളിൽനിന്നും മോചനം നേടാനായി ചങ്ങമ്പുഴ യുദ്ധസേവനം അനുഷ്ഠിച്ചു. രണ്ടു കൊല്ലത്തിനുള്ളിൽ ഉദ്യോഗവും മതിയാക്കി ഉപരിപഠനാൎത്ഥം മദിരാശി ലാക്കോളേജിൽ ചേൎന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ അതും വേണ്ടെന്നുവച്ചു നാട്ടിലേയ്ക്കു മടങ്ങി.

സാഹിത്യപ്രവൎത്തനങ്ങൾകൊണ്ടുമാത്രം ധാരാളം ധനം നേടുവാൻ ചങ്ങമ്പുഴയ്ക്കു സാധിച്ചു. മംഗളോദയം മാസികയുടെ പത്രാധിപസമിതിയിലും അദ്ദേഹം അംഗമായിരുന്നു. അഖിലകേരള പുരോഗമന സാഹിത്യസമിതിയുടെ ദ്വിതീയ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു ചങ്ങമ്പുഴ ചെയ്ത ഉജ്ജ്വലപ്രഭാഷണം സാഹിത്യമണ്ഡലത്തിൽ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു.

ബഹുമുഖമായ ജീവിതായോധനങ്ങളിൽപ്പെട്ടു മാനസികവും ശാരീരികവുമായ യാതനകൾക്കു വിധേയനായി ചങ്ങമ്പുഴ കാവ്യസപര്യ ചെയ്തു. അതിനെത്തുടൎന്നു രോഗവും ധനനഷ്ടവും അദ്ദേഹത്തെ ഗ്രസിച്ചു.

ചങ്ങമ്പുഴയെ ഹൃദയംഗമമായി സ്നേഹിച്ചിരുന്ന കേരളീയർ പണം അയച്ചുകൊടുത്തു ആ അമൂല്യജീവൻ ഊതിത്തെളിക്കാൻ ശ്രമിച്ചു. എന്നാൽ അതെല്ലാം വിഫലമായിത്തീൎന്നു. ആബാലവൃദ്ധം കേരളീയരേയും അശ്രുധാരയിൽ ആഴ്ത്തികൊണ്ടു 1123 മിഥുനം 4-ാംനു- മദ്ധ്യാഹ്നത്തിൽ മഹാകവി

Digitized By Kerala Sahitya Akademi

തൃശ്ശിവപേരൂർ മംഗളോദയം നഴ്സിംഗ്ഹോമിൽവച്ച് ദിവംഗതനായി.

ചങ്ങമ്പുഴക്ക് ഒരനുജനും ഒരു പുത്രനും രണ്ടു പുത്രിമാരുമുണ്ട്. അദ്ദേഹത്തിൻെറ വൃദ്ധയായ മാതാവ് ഇന്നും ജീവിച്ചിരിക്കുന്നു. കവിതാസമാഹാരങ്ങളും, പരിഭാഷകളും, ചെറുകഥകളും, നോവലുകളും ഉൾപ്പെടെ 57 കൃതികൾ മഹാകവി ചങ്ങമ്പുഴ കൈരളിക്കു കാഴ്ചവച്ചിട്ടുണ്ട്.

ഒരു പുരുഷായുസ്സുകൊണ്ടുപോലും ആർജ്ജിക്കാനാവാത്ത അത്ഭുതസിദ്ധികൾ 36 വർഷങ്ങൾക്കുള്ളിൽ ആ അതിമാനുഷൻ പ്രകടിപ്പിച്ചു.

വേദനിപ്പിക്കുന്ന ആ മധുരസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ!

പ്രസാധകർ

Digitized By Kerala Sahitya Akademi

"ദയവുചെയ്തു് നിങ്ങൾ എന്നോടു് യോജിക്കുന്നുവെന്നു പറയരുതേ! ആരെങ്കിലും എന്നോടു യോജിക്കുന്നുവെന്നു പറയുമ്പോൾ, എന്റെ പ്രസ്താവം അബദ്ധമായിരുന്നെന്നു എപ്പോഴും എനിക്കു തോന്നിപ്പോകുന്നു."

—ജോറിസ് കാറൾ ഹൈപസ്മാൻസ്.

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

## പദ്യം

1. അപരാധികൾ
2. അമൃതവീചി
3. അസ്ഥിയുടെ പൂക്കൾ
4. ആകാശഗംഗ
5. ആരാധകൻ
6. ഉദ്യാനലക്ഷ്മി
7. ഓണപ്പൂക്കൾ
8. കലാകേളി
9. കല്ലോലമാല
10. ചൂഡാമണി
11. തളിർത്തൊത്തുകൾ
12. തിലോത്തമ
13. ദിവ്യഗീതം
14. ദേവഗീത
15. ദേവയാനി
16. ദേവത
17. നർത്തകി
18. നിർവൃതി
19. നിഴലുകൾ
20. നിർവ്വാണമണ്ഡലം
21. നീറുന്ന തീച്ചൂള
22. പാടുന്ന പിശാച്
23. ബാഷ്പാഞ്ജലി
24. മഗ്ദലമോഹിനി
25. മഞ്ഞക്കിളികൾ
26. മണിവീണ
27. മദിരോത്സവം
28. മയൂഖമാല
29. മാനസേശ്വരി
30. മൗനഗാനം
31. മോഹിനി
32. യവനിക
33. രമണൻ
34. രക്തപുഷ്പങ്ങൾ
35. രാഗപരാഗം
36. വസന്തോത്സവം
37. വത്സല
38. ശ്മശാനത്തിലെ തുളസി
39. ശ്രീതിലകം
40. സങ്കല്പകാന്തി
41. സുധാംഗദ
42. സ്വരരാഗസുധ
43. സ്പന്ദിക്കുന്ന അസ്ഥിമാടം
44. ഹേമന്തചന്ദ്രിക

## ഗദ്യം

45. അനശ്വരഗാനം
46. കഥാരത്നമാലിക
47. കളിത്തോഴി
48. കരടി
49. തുടിക്കുന്ന താളുകൾ
50. പെല്ലീസും
മെലിസാന്ദയും
51. പൂനിലാവിൽ
52. പ്രതികാരദുർഗ്ഗ
53. മാനസാന്തരം
54. വിവാഹാലോചന
55. ശിഥിലഹൃദയം
56. സാഹിത്യചിന്തകൾ
57. ഹനേലെ

Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മഹിതകളേ, മഹാന്മാരേ, നിങ്ങളെ ഞാൻ വന്ദിക്കുന്നു!

ഒരു ജനതയുടെ സാംസ്കാരികമായ വികാസത്തിന്റെ വിജയവൈജയന്തിയാണ് സാഹിത്യം. അതു തികച്ചും ആന്തരികമാണ്. ചരിത്രം രാഷ്ട്രത്തിന്റെ ബാഹ്യചലനങ്ങളെ മാത്രമേ പ്രതിഫലിപ്പിക്കുന്നുള്ളൂ. അതൊരിക്കലും തൊലിക്കപ്പുറം ചുഴിഞ്ഞിറങ്ങുന്നില്ല. മനുഷ്യരുടെ കായികമായ നേട്ടങ്ങളും നഷ്ടങ്ങളും, മാസ്തിഷ്കികങ്ങളായ പ്രവർത്തനങ്ങളുടെ പ്രകടനഫലങ്ങളും കൊണ്ടു മാത്രം ചരിത്രം തൃപ്തിപ്പെടുന്നു. ആത്മസത്തയുമായി അടുക്കുവാനുള്ള അഭിനിവേശം അതിനു കുറവാണ്. സാഹിത്യമാകട്ടെ രാഷ്ട്രത്തിന്റെ ആത്മസത്തയുടെ അഭിരാമസന്താനമായി സമുല്ലസിക്കുന്നു.

വളരാത്ത ഒരു ജനതയ്ക്കു പരിപുഷ്ടമായ ഒരു സാഹിത്യസമ്പത്തുണ്ടാവുകയില്ല; സ്വതന്ത്രമല്ലാത്ത ഒരു രാഷ്ട്രം സ്വതന്ത്രമായ ഒരു സാഹിത്യത്തെ സൃഷ്ടിക്കുകയുമില്ല. ഈ തോതുവെച്ചു നോക്കുമ്പോൾ നമ്മുടെ സാഹിത്യത്തിന്റെ കഥ അല്പം പരുങ്ങലിലാണെങ്കിൽ അത്ഭുതപ്പെടാനെന്തിരിക്കുന്നു? ഏററവും പ്രാചീനമെന്നു കരുതപ്പെടുന്ന 'രാമചരിതം' മുതൽ ആധുനികകാലത്തെ കൃതികൾവരെ സാമാന്യമായിട്ടെങ്കിലും ഒന്നു കണ്ണോടിച്ചുനോക്കിയാൽ, സാഹിത്യസംബന്ധമായ സകലസൌ

Digitized By Kerala Sahitya Akademi

ഭാഗ്യങ്ങളുടേയും ഇടയിൽ, ഒരു സംഗതി സ്പഷ്ടമായിക്കാണാൻ കഴിയും — ഗ്രന്ഥകാരന്മാരുടെ അടിമമനോഭാവം. ഒരൊററ നോട്ടത്തിൽ അതിൻെറ നഗ്നമായ രൂപം, പക്ഷേ, നമ്മുടെ കണ്ണിൽ പെട്ടുവെന്നു വരികയില്ല. എന്തുകൊണ്ടെന്നാൽ അന്ധമായ ഭക്തിയുടെ ഒരു നനുനനുത്ത ഉടുപ്പണിഞ്ഞുകൊണ്ടാണു് അതിൻെറ നില. ഒന്നുകിൽ ഈശ്വരൻ, അല്ലെങ്കിൽ രാജാവു്, അതുമല്ലെങ്കിൽ പൂർവ്വസൂരികൾ — ചിലപ്പോൾ ഇവരെല്ലാംതന്നെ ഒത്തുചേർന്നൊരു സംഘമായി — സാഹിത്യകാരൻെറ മുൻപിലങ്ങനെ വിലങ്ങടിച്ചുനില്ക്കുന്നു! അവരെ കാണാത്ത ഭാവം നടിച്ചു കടന്നുപോകുവാനുള്ള കരൾക്കരുത്തു സാഹിത്യകാരനുണ്ടാകുന്നില്ല. കാവടിപോലെ വളഞ്ഞു പോകുന്ന ആ നട്ടെല്ലു കാമ്യമായ വിനയത്തിൻെറ വിജയദണ്ഡമായി വാഴ്ത്തപ്പെട്ടുകയും, ഗതാനുഗതികരായ ആരാധകന്മാരാൽ ആ മാമൂൽതന്നെ തുടർച്ചയായി ആവർത്തിക്കപ്പെട്ടുകയും ചെയ്യുന്നു. നിഷ്കൃഷ്ടനിയമങ്ങളുടേയും സങ്കീർണ്ണസങ്കേതങ്ങളുടേയും അസഹനീയമായ ആഘാതം അനുകമ്പാർഹമായ ഈ അടിമത്തത്തെ കണക്കിലധികം പീഡിപ്പിച്ചിട്ടുണ്ടു്. അങ്ങനെ, കാലഗതിയിൽ ക്രമപ്പിടിച്ചുപോയ ഒരു സാഹിത്യസൈരന്ധ്രിയാണു് സുരഭിലമായ രാഗാംഗലേപവുമായി പുരോഗമനത്തിൻെറ കരസ്പർശത്തെ കൊതിച്ചുകൊണ്ടു് ഉൽക്കണ്ഠാകുലയായി നിലകൊള്ളുന്നതു്!

I

എൻെറ പ്രസ്താവം ഒരു വിശദീകരണത്തെ ആവശ്യപ്പെടുന്നുണ്ടു്. കവി, അഥവാ സാഹിത്യകാരൻ, എ

Digitized By Kerala Sahitya Akademi

പ്പോഴും ജനപ്രതിനിധിയായിരിക്കും. ജനത അയാളിലൂടെ സ്പന്ദിക്കുകയും ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. ജനസമൂഹത്തിന്റെ സമഗ്രമായ ജീവചൈതന്യമാണ് അയാളുടെ പ്രചോദനത്തിന്റെ പ്രഭവസ്ഥാനം. ഓരോ വ്യക്തിയുടേയും ജീവശക്തി അയാളുടെ സൃഷ്ടിയിൽ പങ്കെടുത്തിട്ടുണ്ട്. അക്കാരണത്താൽതന്നെ അയാൾ ഓരോ വ്യക്തിയോടും ധാർമ്മികമായി കടപ്പെട്ടിരിക്കുന്നു. ആ കടപ്പാടൊരിക്കലും വിസ്മരിച്ചുകൂടാ. വിസ്മരിക്കപ്പെടുന്നപക്ഷം പിൻതലമുറക്കാരെങ്കിലും അയാളെ വെറുതെ വിടുകയില്ല. ജനതയിൽനിന്നും സംഭരിക്കപ്പെടുന്ന ആ അമൂല്യമായ ശക്തിവിശേഷമാണ് ഒരു സാഹിത്യകാരന്റെ മൂലധനം. സ്വന്തമായ ഉദ്ദേശങ്ങൾക്കായി അതിനെ കണ്ടമാനം ധൂർത്തടിച്ചു കളയുകയല്ല, പിടിപ്പോടുകൂടി പെരുമാറി, മുതൽ വർദ്ധിപ്പിച്ച്, ജനതയുടെ പൊതുനന്മയ്ക്കായി അതിനെ വിനിയോഗിക്കുകയാണ് അയാളുടെ കർത്തവ്യം. ഉൽക്കർഷോന്മുഖമായ ആ വിഷയത്തിൽ അയാൾക്കു സർവ്വസ്വാതന്ത്ര്യവുമുണ്ട്. ന്യായമായ അവകാശങ്ങളെ, സ്വാതന്ത്ര്യങ്ങളെ, സ്ഥാപിക്കുവാൻ ആ ശക്തിസ്ഫുലിംഗങ്ങളുടെ സംയോഗത്താൽ അത്യന്തതീക്ഷ്ണവും അപ്രതിമവുമായി വർത്തിക്കുന്ന അയാളുടെ വ്യക്തിത്വം സദാ സമരോത്സുകതയോടെ ത്രസിച്ചുകൊണ്ടിരിക്കണം. ജനതയുടെ മേൽ അയാൾക്കുള്ള സ്വാധീനശക്തി എതിരററതാണ്. ജനതയുടെ ഭാവി അയാളുടെ വ്യക്തിത്വത്തെ ആശ്രയിച്ചിരിക്കുന്നു. അടിമമനസ്ഥിതിയോടുകൂടിയ ഒരു ജനസമൂ

Digitized By Kerala Sahitya Akademi

ദായമാണു് അയാളുടെ സൃഷ്ടിക്കുത്തരവാദിത്വം വഹിക്കു ന്നതെങ്കിൽ, അതിനെ പിന്നേയും അടിയുറപ്പിക്കുവാന ല്ല, വേരോടെ പിഴുതെറിഞ്ഞു സ്വതന്ത്രമായ ഒരു നൂതന സമുദായത്തെ സൃഷ്ടിക്കുവാനാണു് അയാളുടെ സിദ്ധി കരം വിനിയോഗിക്കപ്പെടേണ്ടതു്. അതിനുള്ള ഒരു പോരാട്ടമായിരിക്കണം അയാളുടെ ജീവിതം. പരിത സ്ഥിതികളാണു് സാഹിത്യകാരനെ സൃഷ്ടിക്കുന്നതെന്നു 'ടെയിൻ' തുടങ്ങിയ നിരൂപകന്മാർ പറയുമായിരിക്കാം; അതിൽ കുറച്ചു പരമത്ഥാവും ഉണ്ടായിരിക്കാം. പക്ഷേ, പരിതസ്ഥിതികളുടെ സൃഷ്ടിയായതുകൊണ്ടു സാഹിത്യ കാരൻ അവൻെറ അന്ത്യശ്വാസംവരെ അശരണമാംവി ധം അവയ്ക്കടിമയായി വത്തിച്ചുകൊള്ളണമെന്നില്ല. അ വയ്ക്കു പന്തികേടുണ്ടാകുമ്പോരം അവനവയെ പരിഷ്കരി ക്കും; പുതിയവയെ സൃഷ്ടിക്കും അല്ലാത്തപക്ഷം അവ ൻെറ സ്ഥാനത്തിനു യാതൊരു മഹത്വവുമില്ല സാഹി ത്യകാരൻെറ പരമപ്രധാനമായ ഈ കത്തവ്യം വിജയ പൂവ്വം നിവ്വഹിച്ചിട്ടുള്ളവരായി നമ്മുടെ സാഹിത്യകാര ന്മാരിൽ എത്രപേരുണ്ടെന്നു ചിന്തിക്കുമ്പോരം നാം യഥാ ത്ഥത്തിൽ നിരാശപ്പെട്ടുന്നില്ലേ? കുറെ നേരത്തേയ്ക്കൊരു പൊട്ടിച്ചിരിക്കു വകയുണ്ടാക്കിയതല്ലാതെ സമുദായപരി ഷ്കത്താവെന്നു പലരും ഘോഷിയ്ക്കാറുള്ള കുഞ്ചൻന മ്പ്യാർപോലും ഈ വിഷയത്തിലെന്തു സാധിച്ചിട്ടുണ്ടു്? മഹാകവി കുമാരനാശാൻെറ കാലത്തിനു മുമ്പുവരെ, കേവലം വിനോദത്തിനോ പാണ്ഡിത്യപ്രകടനത്തിനോ ഉള്ള ഒരുപകരണമെന്നതിൽക്കവിഞ്ഞു്, നമ്മുടെ സാ

Digitized By Kerala Sahitya Akademi

ഹിത്യത്തിന്ന സൃഷ്ടിപരമായി എന്തു മേന്മയാണുണ്ടായി രുന്നതു്?

നമ്മുടെ സാഹിത്യത്തിനു് ഇത്തരത്തിലൊരു ഗൎത്ത വരുവാനുള്ള കാരണം എന്തെന്നു ചിന്തിക്കേണ്ടതായിട്ടുണ്ടു്. രാജക്കന്മാരും പ്രഭുക്കളും സമുദായത്തിലെ ഉയൎന്ന പടികളിൽ വൎത്തിക്കുന്ന ചുരുക്കം ചില വ്യക്തികളും മാത്രം ഭദ്രമായി കാത്തുസൂക്ഷിച്ചു കൈകാൎയ്യം ചെയ്തു പോന്ന ഒരു സ്വത്തായിരുന്നു നമ്മുടെ സാഹിത്യം. വിശ്രമാവസരങ്ങളിലെ വിനോദത്തിനു മാത്രമേ അവർ അതു വിനിയോഗിച്ചിരുന്നുള്ളു. അതു് ഒരിക്കലും ജനകീയമായ ഒരാവശ്യമായി വൎത്തിച്ചിട്ടില്ല. നമ്മുടെ ഭാഷയിൽ കവിത എന്നാൽ പാണ്ഡിത്യത്തിൻെറ ഗോദാവിൽ യമകാലങ്കാരങ്ങളുടെ ഗുസ്തിപിടുത്തം എന്നായിരുന്നു അർത്ഥം. സമുദായത്തിലെ തുച്ഛമായ ഒരു ന്യൂനപക്ഷത്തിൻെറ പ്രീണനത്തെമാത്രം ലക്ഷ്യമാക്കിച്ചെയ്യപ്പെടുന്ന ഒരു സാഹിത്യവ്യാപാരം ഒരിക്കലും സ്വതന്ത്രമായിരിക്കാൻ നിവൃത്തിയില്ല. പ്രഭുസേവകരായ കവികറംക്കു യജമാനന്മാരുടെ ഇഷ്ടാനിഷ്ടങ്ങളിലല്ലാതെ ജനസമുദായത്തിൻെറ പൊതുനന്മയിൽ കണ്ണു ചെന്നിരുന്നില്ല. അക്കാരണത്താൽ ഒരേ അച്ചിൽ അടിക്കടി വാൎത്തെടുക്കപ്പെട്ടിട്ടുള്ള കൃത്രിമസൃഷ്ടികളായിപ്പോയി നമുക്കു സിദ്ധിച്ചിട്ടുള്ള സാഹിത്യകൃതികളിൽ ഭൂരിഭാഗവും. നാടോടിപ്പാട്ടുകളിൽ കൃത്രിമത്വംകുറഞ്ഞിരിക്കുന്നതു മേൽ പ്രസ്താവിച്ച അഭിപ്രായത്തിന്നു ശരിയായ ഒരു തെളിവാണു്.

Digitized By Kerala Sahitya Akademi

തമിഴിന്റെ പിടിയിൽനിന്നു വിട്ടു സംസ്കൃതവു മായുള്ള ബന്ധം സുദൃഢമായതോടുകൂടി ഭാഷാസാഹിത്യത്തിൽ ഈ കൃത്രിമത്വം അതിന്റെ പരമോച്ചനിലയെ പ്രാപിക്കുകയുണ്ടായി. നമ്മുടെ എണ്ണപ്പെട്ട പ്രാചീനകവികളിൽ, സംസ്കൃതത്തിലുള്ള അതിരുകവിഞ്ഞ ഭ്രമം മൂലം, അനുകരണത്തിനോ വിവർത്തനത്തിനോ അല്ലാതെ, തങ്ങളുടെ കഴിവുകളെ സ്വതന്ത്രമാർഗ്ഗങ്ങളിൽ പ്രവർത്തിപ്പിച്ചു വിജയം നേടിയിട്ടുള്ളവർ എത്ര പേരുണ്ടു്? അഥവാ രണ്ടോ മൂന്നോ പേരുണ്ടെന്നു സമ്മതിച്ചാൽത്തന്നെ, കാവ്യത്തിന്റെ ബാഹ്യസ്വരൂപത്തിൽ—സാങ്കേതികമായ വശത്തിൽ—അല്ലാതെ അവരുടെ കണ്ണെത്തിയിട്ടുണ്ടോ? ഈ ദുഷിച്ച പാരമ്പര്യം തലമുറകളായി തുടർന്നുവന്നു് ഇന്നും നിലനിന്നുപോരുന്നില്ലേ? അന്ധമായ അനുകരണഭ്രമം മാത്രമല്ല ഇതിനടിസ്ഥാനം?

ഭാരതത്തിലെ മറേറതു ഭാഷയിലും ഇതിനേക്കാഠം ക്രൂരതലായി ഈ അനുകരണഭ്രമം ലജ്ജാവഹമായ രീതിയിൽ പ്രത്യക്ഷപ്പെടുന്നതു നമ്മുടെ സാഹിത്യത്തിലാണെന്നുള്ളതു വേദനാജനകമായ ഒരു പരമാർത്ഥമാണു്. ഉദാഹരണമായി സന്ദേശകാവ്യപ്രസ്ഥാനമോ ചമ്പൂകാവ്യപ്രസ്ഥാനമോ എടുത്തു നോക്കുക. കാളിദാസന്റെ 'മേഘദൂതം' മലയാളികളുടെമാത്രം പൊതുസ്വത്തല്ലല്ലോ. എന്നാൽ അതിനെ അനുകരിച്ചുകൊണ്ടു്—അല്ല, അതിന്റെ ചട്ടക്കൂടിനെ അനുകരിച്ചുകൊണ്ടു് — ഡസൻകണക്കിലുള്ള പീറക്കവിതകഠം—ചോരയും നീരും വററി, രോമം കൊഴിഞ്ഞു്, എല്ലുന്തിയ നാല്ക്കാലികഠം

Digitized By Kerala Sahitya Akademi

—കണ്ണാടകത്തിലോ തമിഴിലോ തെലുങ്കിലോ ബംഗാളിയിലോ കാണുന്നുണ്ടോ? ഇതിനു കാരണമെന്തു്? കാളിദാസകൃതിയുടെ കമനീയമായ ആ ബാഹ്യരൂപത്തിൽ കണ്ണഞ്ചിയതല്ലാതെ അതിൻെറ ആത്മസത്തയുമായി താദാത്മ്യം പ്രാപിക്കുവാൻ അനുകരണത്തിനായി ചാടിപ്പുറപ്പെട്ട കവിമാനികളിൽ ഒരാൾക്കെങ്കിലും സാധിച്ചിട്ടുണ്ടോ? ഇല്ലെന്നുള്ളതിനു തെളിവു് അവരുടെ അനുകരണങ്ങളാകുന്ന അസ്ഥിക്കൂട്ടകൾതന്നെ; ഉണ്ടായിരുന്നെങ്കിൽ, അവർ ഒരിക്കലും ഇത്തരത്തിലുള്ള പേക്കൂത്തുകൾക്കു് ഒരുമ്പെട്ടമായിരുന്നില്ല. അഴകിൻേറയും ആനന്ദാനുഭൂതികളുടേയും ആവാസരംഗമായ അളകാപുരിയിൽ ഭർത്തൃവിരഹാർത്തയായിത്തപിച്ചുകൊണ്ടിരിക്കുന്ന ആ ശുഭദർശനയായ യക്ഷാംഗനയുടെ രത്നഹർമ്മ്യത്തിനു മുമ്പിൽ ഒരു പൊന്നശോകവും പൂത്തിലഞ്ഞിയും നില്ക്കുന്നതായി കാളിദാസൻ വർണ്ണിച്ചിട്ടുണ്ടു്. പിന്നാലെ പോയ സന്ദേശകാവ്യകർത്താക്കൾ ലക്കില്ലാതെ പടച്ചു തള്ളിയ സന്ദേശങ്ങളിലെല്ലാം നായികമാരുടെ മണിമാളികകൾക്കു മൻപിൽ എന്തെങ്കിലുമൊരു മരത്തെ പൂവണിയിച്ചുനിർത്തിയില്ലെങ്കിൽ അവക്കിരിക്കപ്പൊറുതിയില്ലാതായി. നായികാപാർശ്വത്തിൽ പോത്തുപോലെ കൂർക്കംവലിച്ചുറങ്ങിക്കിടന്നിരുന്ന ഒരു നായകനെ അവിടെനിന്നകററി, അയാളെ ഒരു വിരഹിയാക്കിത്തീർത്തു്, അങ്ങനെ ഒരു സന്ദേശത്തിനുള്ള സന്ദർഭം സൃഷ്ടിക്കാൻ ഒരു മഹാകവിക്കു് എവിടെയോ കിടന്ന ഒരു യക്ഷിയെ അഭയംപ്രാപിക്കേണ്ടിവന്നു. മോങ്ങാനിരുന്ന നായിൻെറ

Digitized By Kerala Sahitya Akademi

തലയിൽ തേങ്ങ വീണതുപോലെ, വിധിതന്നെ ചിലക്ക് സന്ദേശത്തിനുള്ള സന്ദർഭം സജ്ജമാക്കിക്കൊടുത്തതിനാൽ, അക്കൂട്ടക്ക് മതിയായ കാരണവും കിട്ടി. അങ്ങനെ കാളിദാസൻെറ മേഘംമൂലം കേരളത്തിലെ പക്ഷിമൃഗാദികൾക്കുപോലും ഇരിക്കപ്പൊറുതിയില്ലാതായി. ഇത്രത്തോളം കൃത്രിമമായ ഒരു കാവ്യപ്രസ്ഥാനവും അതിലിത്രത്തോളം കമ്പംപിടിച്ച കവികളും നമ്മുടെ നാട്ടിലല്ലാതെ കാണുകയില്ല.

അനുകരണം അപലപനീയമാണെന്നല്ല ഞാൻ പറയുന്നതു്. പക്ഷേ ചട്ടക്കൂട്ടിൽമാത്രം കണ്ണുപതിഞ്ഞാൽ പോരാ. "താൻ ഏററവും വിലമതിക്കുന്ന ഒന്നിനെ മാത്രമേ ഒരാൾ അനുകരിക്കുവാൻ തുനിയുകയുള്ളു. പ്രശംസയുടെ ഏററവും ആത്മാർത്ഥമായ രൂപമാണു് അനുകരണം" എന്നു ക്ലട്ടൺ ബ്രോക്ക് പറയുന്നു എന്നാൽ ഒന്നോർക്കണം. കലാകാരൻെറ വ്യക്തിമുദ്ര പതിയാത്ത ഒരു കലാസൃഷ്ടിക്കും ലോകത്തിൽ ദീർഘായുസ്സുണ്ടായിട്ടില്ല. "കവികൾ കടല്പുറയിലെ മണൽത്തരികൾപോലെ തിങ്ങിക്കൂടുമ്പോൾ അവരിൽ മിക്കവരേയും വിസ്മൃതിയുടെ വീചീപ്രവാഹം വിഴുങ്ങിക്കളയുന്നു" എന്നു സർ. എഡ്മൺഡ് ഗ്രസ് അഭിപ്രായപ്പെട്ടിട്ടുള്ളതു് അക്ഷരംപ്രതി പരമാർത്ഥമാണു്. കവിയുടെ വ്യക്തിത്വത്തെക്കുറിച്ചു പ്രസിദ്ധ കലാവിമർശകനായ വാൾട്ടർ പേററർ പറയുന്നതു നോക്കുക:—

"ഒരു കവിയുടെ കൃതിക്കു് ഏററവും സമുന്നതമായ രസസൌഭാഗ്യം സിദ്ധിക്കണമെങ്കിൽ, ജിജ്ഞാസ

Digitized By Kerala Sahitya Akademi

യെ തൃപ്തിപ്പെടുത്തുകയെന്നതിൽക്കവിഞ്ഞു് എന്തെങ്കിലും പ്രവത്തിക്കുവാൻ അതിനു സാധിക്കണമെങ്കിൽ. ചരിത്രപരമായതിൽനിന്നും വ്യതിരിക്തമായിനില്ക്കുന്ന രസബോധനിഷ്ഠമായ ഒരു മൂല്യം അതുൾക്കൊള്ളണമെങ്കിൽ, അയാൾ താൻ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ യഥാത്ഥസന്താനമായിരിക്കുകയും, അതിന്റെ രസബോധപരമായ നിയമങ്ങളെ അനുസരിക്കുകയും, അങ്ങനെയുള്ള അനുസരണം ഹേതുവായി തനിക്കു് ആ കാലഘട്ടത്തെ ആകർഷിക്കുവാനും ഉത്തേജിപ്പിക്കുവാനും സാധിക്കുകയും ചെയ്യുതുകൊണ്ടു മാത്രമല്ല; അയാളുടെ കൃതിയിൽ വ്യക്തിഗതവും കല്പനാചതുരവും അപ്രതിമവുമായ എന്തെങ്കിലുമൊന്നു്, രചയിതാവിന്റെ സ്വന്തം മാനസികപ്രകൃതിയുടേയും സത്വത്തിന്റേയും മുദ്ര, പരിസ്ഫുടമായി വത്തിക്കേണ്ടതാവശ്യമാണു്."

ഞാൻ ഒരിക്കലും പ്രാചീനകവികളുടേയോ കവിതകളുടേയോ ശത്രുവല്ല. അവയെ നശിപ്പിക്കണമെന്നും ഞാൻ പറയുകയില്ല. മനോഹരമായ ഒരു ഹമ്മ്യത്തിന്റെ മട്ടുപ്പാവിൽ മാദകമായ മധുചന്ദ്രികയുമേററിരിക്കുമ്പോൾ, ഉത്തുംഗമായ ആ ചന്ദ്രശാലയെത്താങ്ങിനിൽക്കുന്ന ആ ഹമ്മ്യത്തിന്റെ അടിയുറച്ച അസ്ഥിവാരത്തോടു് അവജ്ഞയല്ല, തീർച്ചയായും ബഹുമാനമാണെനിക്കു തോന്നുക. പക്ഷേ ആ അസ്ഥിവാരംകൊണ്ടുമാത്രം മന്ദിരത്തിന്റെ ആവശ്യം പരിപൂർണ്ണമായി നിർവ്വഹിക്കപ്പെട്ടുവെന്നഭിമാനിക്കുവാനും എനിക്കു നിവൃത്തിയില്ല. ചുമരുകൾ കെട്ടിപ്പൊക്കി, മുറികൾ വേർതിരിച്ചു്, കതകുക

Digitized By Kerala Sahitya Akademi

ളും കിളിവാതിലുകളും ഇണക്കിച്ചേർത്തു്, മച്ചും മേൽപ്പു
രയും ഉറപ്പിച്ചു്, ഓടിട്ടു്, നിലവും തിണ്ണയും തേച്ചുമി
നുക്കി ശരിപ്പെടുത്തിയാൽ മാത്രമേ അതാവാസയോഗ്യ
മാകൂ. കസേരയും കട്ടിലും പങ്കയും വിളക്കും അതിനു
ള്ളിലാവശ്യമാണു്. അവ നമ്മുടെ സുഖത്തെ വർദ്ധിപ്പി
ക്കുന്നു. ഏതെല്ലാംവിധത്തിൽ ആ ഹർമ്മ്യത്തെ മോടി
പിടിപ്പിക്കാമോ അതൊക്കെച്ചെയ്തുകൊള്ളുക; നല്ലതുത
ന്നെ. അങ്ങനെ ഉറപ്പും ഭംഗിയുമുള്ള ഒരു സാഹിത്യ
സൌധം മണ്ണടിഞ്ഞ മഹാശയന്മാർ നമ്മുടെ സ്വച്ഛ
ന്ദവിഹാരത്തിനായി നമുക്കു വിട്ടുതന്നിട്ടുണ്ടു്. നമുക്കെ
ല്ലാവർക്കും ഒന്നുപോലെ അതിൽ പരിപൂർണ്ണമായ സ്വാത
ന്ത്ര്യവുമുണ്ടു്. അതിനെ അധികമധികം മോടിപിടി
പ്പിക്കുവാൻ നമുക്കെല്ലാവർക്കും ഒന്നുപോലെ അവകാശമു
ള്ളതാണു്. അങ്ങനെ ചെയ്തുകൊള്ളൂ; സല്ലാപത്തിനാ
യെത്തുന്ന നിങ്ങൾ പരസ്പരം മല്ലടിക്കേണ്ട യാതൊരാവ
ശ്യവുമില്ല—അങ്ങനെ ചെയ്തേ ഒക്കൂ എന്നു നിർബ്ബന്ധ
മാണെങ്കിൽ അതും നടക്കട്ടെ. പക്ഷേ മൂടുപിടിച്ച വി
കാരങ്ങളുടെ തള്ളിച്ചയിൽ വെളിവുകെട്ടു്, തൂമ്പായും
മൺവെട്ടിയുമായി ആർത്തിരമ്പിച്ചെന്നു് അതിന്റെ അടി
ത്തറ കുളംകോരണമെന്നു നിങ്ങൾ ആക്രോശിക്കരുതേ!
പക്ഷേ ഒന്നുണ്ടു്: നിങ്ങളുടെ ആവക സ്വപ്നപ്രലപന
ങ്ങൾ ചില ഒച്ചപ്പാടുകളുണ്ടാക്കിയിട്ടു് വിശാലമായ അ
ന്തരീക്ഷത്തിൽ ദയനീയമാംവിധം വിലയംപ്രാപിക്കുന്ന
തല്ലാതെ അതുകൊണ്ടു പറയത്തക്ക യാതൊരു പ്രയോജ
നവും ഉണ്ടാകുന്നില്ല. നിങ്ങൾ ഒരിക്കലും പ്രവൃത്തിപഥ

Digitized By Kerala Sahitya Akademi

തിയിലേയ്ക്കു മുന്നിട്ടിറങ്ങുകയില്ല. ഇന്നത്തെ ദേശീയക വികളെപ്പോലെ ക്രൂക്കംവലികരംക്കിടയിൽ 'ഉണരൂ, ഉണരൂ!' എന്നു കാകളിയിലോ കേകയിലോ ഞെരങ്ങുകയല്ലാതെ, സൃഷ്ടിപരമായി എന്തെങ്കിലും ചെയ്യുവാൻ നിങ്ങരം കരുത്തില്ല. അടിയുറച്ച ആ അസ്ഥിവാരത്തിന്മേൽ നിങ്ങളുടെ മൺവെട്ടികൊണ്ടു് ആവുന്നിടത്തോളം ആഞ്ഞുതന്നെ ഒന്നു വെട്ടിനോക്കൂ; അതിൻെറ വായ്ത്തല മടങ്ങുകയും നിങ്ങളുടെ കൈ ഉളുങ്ങുകയുമല്ലാതെ ഒരു മൺതരിക്കുപോലും ക്ഷതമേൽക്കുമെന്നു നിങ്ങരം കരുതേണ്ട. അതുകൊണ്ടു നമുക്കിപ്പോരം നമ്മുടെ കാര്യം സംസാരിക്കാം.

ഭംഗിയുള്ള കണ്ണാടിച്ചില്ലുകരം നിങ്ങളുടെ കൈവശമുണ്ടു്; വലിപ്പത്തിലും വർണ്ണത്തിലും ആകൃതിയിലും വൈവിദ്ധ്യത്തോടുകൂടിയ നല്ല നല്ല കണ്ണാടിച്ചില്ലുകരം. കതകുകളിലും കിളിവാതലുകളിലും ഘടിപ്പിക്കുവാൻ അവ നന്നു്. പക്ഷെ അസ്ഥിവാരത്തിനവ കൊള്ളുകയില്ല. ഭംഗിയില്ലാത്ത കരിങ്കൽക്കട്ടകരം മാത്രമേ അതിനു പററൂ. പച്ച പുതച്ച കാടുകളും, അണിയിട്ടുനിൽക്കുന്ന കുന്നിൻമുടികളും, മരതകപ്പച്ച വിരിച്ച മൈതാനമണ്ഡലങ്ങളും, അവയെല്ലാമകലെ ഉയരത്തിൽ ഉലഞ്ഞുതിരുന്ന ആദിത്യകാന്തിയിലാറാടി മദാലസകളായ കിന്നരകന്യകകളെപ്പോലെ സ്വച്ഛന്ദം വിഹരിക്കുന്ന ആ വെൺമേഘശകലങ്ങളും നിങ്ങളുടെ കണ്ണാടിയിലൂടെ പ്രത്യക്ഷപ്പെടുമ്പോരം—ഹാ, അവയെന്തൊരാകർഷകതമമാണു്! ആത്മാവിനെ കോരിത്തരിപ്പിക്കുന്ന അത്ഭുതമാ

Digitized By Kerala Sahitya Akademi

ളും കിളിവാതിലുകളും ഇണക്കിച്ചേർത്തു്, മച്ചും മേൽപ്പുരയും ഉറപ്പിച്ചു്, ഓടിട്ടു്, നിലവും തിണ്ണയും തേച്ചുമിനുക്കി ശരിപ്പെടുത്തിയാൽ മാത്രമേ അതാവാസയോഗ്യമാകൂ. കസേരയും കട്ടിലും പങ്കയും വിളക്കും അതിനുള്ളിലാവശ്യമാണു്. അവ നമ്മുടെ സുഖത്തെ വർദ്ധിപ്പിക്കുന്നു. ഏതെല്ലാംവിധത്തിൽ ആ ഹർമ്മ്യത്തെ മോടിപിടിപ്പിക്കാമോ അതൊക്കെച്ചെയ്തുകൊള്ളുക; നല്ലതുതന്നെ. അങ്ങനെ ഉറപ്പും ഭംഗിയുമുള്ള ഒരു സാഹിത്യസൌധം മണ്ണടിഞ്ഞ മഹാശയന്മാർ നമ്മുടെ സ്വച്ഛന്ദവിഹാരത്തിനായി നമുക്കു വിട്ടുതന്നിട്ടുണ്ടു്. നമുക്കെല്ലാവർക്കും ഒന്നുപോലെ അതിൽ പരിപൂർണ്ണമായ സ്വാതന്ത്ര്യവുമുണ്ടു്. അതിനെ അധികമധികം മോടിപിടിപ്പിക്കുവാൻ നമുക്കെല്ലാവർക്കും ഒന്നുപോലെ അവകാശമുള്ളതാണു്. അങ്ങനെ ചെയ്തുകൊള്ളൂ; സല്ലാപത്തിനായെത്തുന്ന നിങ്ങൾ പരസ്പരം മല്ലടിക്കേണ്ട യാതൊരാവശ്യവുമില്ല—അങ്ങനെ ചെയ്തേ ഒക്കൂ എന്നു നിർബ്ബന്ധമാണെങ്കിൽ അതും നടക്കട്ടെ. പക്ഷേ മുട്ടുപിടിച്ചു വികാരങ്ങളുടെ തള്ളിച്ചയിൽ വെളിവുകെട്ടു്, തൂമ്പായും മൺവെട്ടിയുമായി ആത്തിരമ്പിച്ചെന്നു് അതിൻെറ അടിത്തറ കിളച്ചുകോരണമെന്നു നിങ്ങൾ ആക്രോശിക്കരുതേ! പക്ഷേ ഒന്നുണ്ടു്: നിങ്ങളുടെ ആവക സ്വപ്നപ്രലപനങ്ങൾ ചില ഒച്ചപ്പാടുകളുണ്ടാക്കിയിട്ടു് വിശാലമായ അന്തരീക്ഷത്തിൽ ദയനീയമാംവിധം വിലയംപ്രാപിക്കുന്നതല്ലാതെ അതുകൊണ്ടു പറയത്തക്ക യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. നിങ്ങൾ ഒരിക്കലും പ്രവൃത്തിപഥ

Digitized By Kerala Sahitya Akademi

തിയിലേയ്ക്കു മുന്നിട്ടിറങ്ങുകയില്ല. ഇന്നത്തെ ദേശീയകവികളെപ്പോലെ ക്രുക്കംവലികറംക്കിടയിൽ 'ഉണരൂ, ഉണരൂ!' എന്നു കാകളിയിലോ കേകയിലോ ഞെരങ്ങുകയല്ലാതെ, സൃഷ്ടിപരമായി എന്തെങ്കിലും ചെയ്യുവാൻ നിങ്ങറംക്കു കരുത്തില്ല. അടിയുറച്ച ആ അസ്ഥിവാരത്തിന്മേൽ നിങ്ങളുടെ മൺവെട്ടികൊണ്ടു് ആവുന്നിടത്തോളം ആഞ്ഞുതന്നെ ഒന്നു വെട്ടിനോക്കൂ; അതിൻെറ വായ് തല മടങ്ങുകയും നിങ്ങളുടെ കൈ ഉളുങ്ങുകയുമല്ലാതെ ഒരു മൺതരിക്കുപോലും ക്ഷതമേൽക്കുമെന്നു നിങ്ങറം കരുതേണ്ട. അതുകൊണ്ടു നമുക്കിപ്പോറം നമ്മുടെ കാര്യം സംസാരിക്കാം.

ഭംഗിയുള്ള കണ്ണാടിച്ചില്ലുകറം നിങ്ങളുടെ കൈവശമുണ്ടു്; വലിപ്പത്തിലും വർണ്ണത്തിലും ആകൃതിയിലും വൈവിദ്ധ്യത്തോടുകൂടിയ നല്ല നല്ല കണ്ണാടിച്ചില്ലുകറം. കതകുകളിലും കിളിവാതലുകളിലും ഘടിപ്പിക്കുവാൻ അവ നന്നു്. പക്ഷേ അസ്ഥിവാരത്തിനവ കൊള്ളുകയില്ല. ഭംഗിയില്ലാത്ത കരിങ്കൽക്കട്ടകറം മാത്രമേ അതിനു പററൂ. പച്ച പുതച്ച കാടുകളും, അണിയിട്ടുനിൽക്കുന്ന കുന്നിൻമുടികളും, മരതകപ്പച്ച വിരിച്ച മൈതാനമണ്ഡലങ്ങളും, അവയെല്ലാമകലെ ഉയരത്തിൽ ഉലഞ്ഞുതിരുന്ന ആദിത്യകാന്തിയിലാറാടി മദാലസകളായ കിന്നരകന്യകകളെപ്പോലെ സ്വച്ഛന്ദം വിഹരിക്കുന്ന ആ വെൺമേഘശകലങ്ങളും നിങ്ങളുടെ കണ്ണാടിയിലൂടെ പ്രത്യക്ഷപ്പെടുമ്പോറം—ഹാ, അവയ്ക്കെന്തൊരാകർഷകത്വമാണു്! ആത്മാവിനെ കോരിത്തരിപ്പിക്കുന്ന അത്ഭുതമാ

Digitized By Kerala Sahitya Akademi

ന്ത്രികശക്തിയോടുകൂടിയ നിങ്ങളുടെ കണ്ണാടികഠം ഈ മനോഹരഹമ്മ്യത്തിനെത്ര യോജിച്ചിരിക്കുന്നു! അവ അതിൻെറ അഴകിനെ എത്ര വികസിപ്പിക്കുന്നു! നിങ്ങളുടെ കൈയിലെ ആ നിറമലർച്ചെണ്ടുകഠം—നില്ക്കു, നില്ക്കു, അതാ അവിടെനിന്നു ചില ആക്രോശങ്ങഠം!—"അരുതു്, അവയൊന്നും അവിടെ ഘടിപ്പിക്കരുതു്. തൊട്ടാൽ പൊട്ടുന്ന കണ്ണാടിച്ചില്ലുകഠം! നമുക്കവ ആവശ്യമില്ല. അവ പലതും പ്രതിഫലിപ്പിക്കുന്നു. നമ്മുടെ കൈവശം എത്രയോ കരിങ്കല്ലുകളുണ്ടു്! മണ്ണിനടിയിൽനിന്നും ഇനി എത്രയോ കുഴിച്ചെടുക്കാനിരിക്കുന്നു!"—വെറും അപസ്മാരസ്വരങ്ങഠം! തഴമ്പിച്ച ചില മേൽക്കോയ്മകളുടെ വെളിവററ വെളിപാടുകഠം! അസംബന്ധം! ജനലുകളിൽ കരിങ്കല്ലുകഠം ഘടിപ്പിക്കുകയെന്നോയ്! കഷ്ടം!—ആ ആക്രോശങ്ങളുടെ ഉത്ഭവസ്ഥാനങ്ങഠംക്കു് എവിടെനിന്നു കിട്ടി ഈ മേൽക്കോയ്മ? പാടില്ല, അതു നിങ്ങഠം അനുവദിക്കാൻ പാടില്ല. അവർ ഭാഷാസ്നേഹികളാണത്രേ! സാഹിതീഭക്തരാണത്രേ! ആയിക്കൊള്ളട്ടേ; യഥേഷ്ടം ആയിക്കൊള്ളട്ടേ! പക്ഷേ ഈ ജ്വരജല്പനങ്ങഠം മാമൂലിൻെറ അന്ധോപാസകന്മാരുടേതാണു്. അവരോടുള്ള എതിർപ്പു തികച്ചും ഉചിതമാണു്, അത്ഥവത്താണു്. പുരോഗതിയുടെ കഴുത്തു ഞെരിക്കുന്ന വെറും ഘാതകന്മാരാണവർ. അവരെ നമുക്കാവശ്യമില്ല!

ആപൽക്കരമായ ഒരു പൈശാചികകാലഘട്ടത്തിലാണു് നാമിന്നെത്തിച്ചേന്നിരിക്കുന്നതു, അത്യുഗ്രമായ സമരവേതാളം വിശ്വശാന്തിയെ ഒട്ടുമുക്കാലും കരണ്ടൊ

Digitized By Kerala Sahitya Akademi

ട്ടക്കിക്കഴിഞ്ഞു. പട്ടിണിയും പകർച്ചവ്യാധികളും കാട്ടുതീപോലെ പടന്നുപിടിച്ചു്, അന്നദിനം ആയിരമായിരം പാവങ്ങഠം തെരുവീഥികളിൽ ചത്തടിഞ്ഞു കുന്നുകൂട്ടുന്നു. കേരളവും വംഗദേശവുമാണു് ക്ഷാമയക്ഷിയുടെ ഈ ക്രൂരമായ ആക്രമണത്തിനു് ഏററവും ദയനീയമായ വിധത്തിൽ ഇരയായിത്തീന്നിട്ടുള്ളതു്. എന്നാൽ പണക്കാരെസ്സംബന്ധിച്ചിടത്തോളം ഇന്നും ഒരു കോട്ടവും തട്ടിയിട്ടില്ല—ഇതൊരു സുവർണ്ണകാലമാണവക്കു്. അമിതലാഭേച്ഛുക്കളായ വത്തകപ്രമുഖന്മാരുടെ പണ്ടേതന്നെ തടിച്ച മടിശ്ശീല ഇപ്പോഠം കണക്കില്ലാതെ കനത്തിട്ടുണ്ടു്. കേരളത്തിൽ ധനധാന്യങ്ങഠക്കു് ഇന്നും യാതൊരു കുറവും വന്നിട്ടില്ല. ചില നിശ്ചിതസ്ഥാനങ്ങളിൽ അവ തുടർച്ചയായിച്ചെന്നങ്ങനെ പററിക്കൂടുമ്പോഠം വിപുലായ ഒരു മണ്ഡലം കേവലം ശൂന്യമായി പരിണമിക്കുന്നുവെന്നേയുള്ളു. യഥാത്ഥത്തിൽ എല്ലുന്തിവലിഞ്ഞ അനേകം വരണ്ട മാത്തുകഠം നാം നിത്യവും കൺമുന്നിൽ ക്കാണുന്നു, രക്തവും മാംസവും അവയിൽ ഉണ്ടാക്കുകയില്ലെന്ന മക്കടമുഷ്ടിയൊന്നും പ്രകൃതിക്കില്ല; പക്ഷേ മനുഷ്യനുണ്ടു്. അവയിൽ എത്തിച്ചേരേണ്ട മാംസം അപൂവ്വം ചില മേദസ്സുകഠക്കായിച്ചെലവഴിയ്ക്കപ്പെടുന്നു. ഇന്നത്തെ നമ്മുടെ സാമൂഹ്യസ്ഥിതി ഇതിനുപററിയ ഒരന്തരീക്ഷമാണു് സൃഷ്ടിച്ചിട്ടുള്ളതു്. ചിരകാലമായി അടിയുറച്ചു നിലനിന്നുവരുന്നതും, സ്വേച്ഛാധികാരത്തിന്മേൽ കെട്ടിപ്പടുത്തിട്ടുള്ളതും, മനുഷ്യവർഗ്ഗത്തിൻെറ സമാധാനഭരിതമായ നിലനില്പിനു തികച്ചും വിരുദ്ധമായതും, സാ

Digitized By Kerala Sahitya Akademi

ന്മാഗ്ഗികതത്ത്വങ്ങളേയും നീതിധമ്മങ്ങളേയും സദാ കൊഞ്ഞനംകുത്തിക്കൊണ്ടു നില്ക്കുന്നതുമായ ഇന്നത്തെ ഈ ജീണ്ണിച്ച സാമൂഹ്യഘടനയെ അടിച്ചുടച്ച്, അതിൻെറ സ്ഥാനത്തു സുദൃഢവും സാഹോദയ്യത്തിൽ അധിഷ്ഠിതവുമായ ഒരു നൂതനസംവിധാനം സംസ്ഥാപിതമായെങ്കിൽ മാത്രമേ, ഭാവിയിൽ മനുഷ്യവർഗ്ഗത്തിനെന്തെങ്കിലും ഒരാശയ്ക്കു വഴിയുള്ളുവെന്നതു് അവിതക്കിതമായ ഒരു പരമാത്ഥമാണ്.

ഈ സ്ഥിതിയിൽ ഒരു സാഹിത്യകാരൻെറ നിലയെന്തെന്നു ചിന്തിക്കേണ്ടതായിട്ടുണ്ടു്. ഒരു വശത്തു വഞ്ചനാത്മകമായ കൈയൂക്കും അനീതിയും, മറുവശത്ത് ത്യാഗസാന്ദ്രവും ക്ഷതക്ലാന്തവുമായ മനുഷ്യസ്നേഹം; ഒരിടത്തു പാഷാണപങ്കിലമായ അധമ്മത്തിൻെറ അട്ടഹാസം, മറെറാരിടത്തു വിശുദ്ധസുന്ദരമായ ധമ്മത്തിൻെറ ദയനീയ ഗദ്ഗദം; ഒരുഭാഗത്തു ഭോഗലോലുപമായ പൈശാചനൃത്തം, മറുഭാഗത്തു ക്ഷുൽപീഡിതമായ പ്രാണദണ്ഡം—മദ്ധ്യവത്തിയായ സാഹിത്യകാരൻ ഇതിലേതു ഭാഗത്തു ചേരണമെന്നുള്ളതാണ് നമ്മുടെ പ്രശ്നം. അയാറം തീർച്ചയായും മനുഷ്യസ്നേഹിയാണ്. അധമ്മത്തിനോടും അനീതിയോടും അക്രമത്തോടും പടവെട്ടുവാൻ സജ്ജീകൃതശസ്ത്രനായി ആദ്യം മുന്നിട്ടിറങ്ങേണ്ട ആറം അയാളാണ്. സാഹിത്യകാരൻെറ ആ പരമമായ കത്തവ്യം അയാളെ അനുസ്മരിപ്പിക്കുകയെന്നുള്ളതാണ് പുരോഗമനപ്രസ്ഥാനത്തിൻെറ ആദ്യത്തെ ലക്ഷ്യം. പുരോഗമനസാഹിത്യം പൂരപ്പാട്ടിൻെറ പുതിയ പതി

Digitized By Kerala Sahitya Akademi

പ്പാണെന്നു ചിലർ പറയാറുണ്ട്. അല്ലാ—അതു പുരുഷകേസരികളുടെ പുലിയങ്കക്കളമാണ്. പട്ടിൽപ്പൊതിഞ്ഞ നിങ്ങളുടെ പഴുത്ത പുണ്ണുകൾ അവർ വെളിച്ചത്തു കാട്ടുന്നു. അതു നിങ്ങൾക്കു രസിക്കുന്നില്ല. അവർ അതു ശസ്ത്രക്രിയ ചെയ്യുന്നു. അതേ, നിങ്ങൾക്കു നോവും, നിങ്ങൾക്കു നോവും. അപ്പോൾ നിങ്ങൾ പലതും പുലമ്പും. അതു സ്വാഭാവികമാണ്. പക്ഷേ അവരുടെ ഉദ്ദേശശുദ്ധിയെ നിങ്ങൾ അപലപിച്ചുകൂടാ!

സാഹിത്യകാരനു ജനതയുടെ മേലുള്ള സ്വാധീനശക്തിയെക്കുറിച്ചു ഞാൻ മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അയാളുടെ തൂലികയ്ക്കു ജനതയെ ഉത്തേജിപ്പിക്കുവാനും കർമ്മപദ്ധതിയിലേയ്ക്കു ആനയിക്കുവാനും കഴിയും. അതുതന്നെയാണ് നമുക്കിന്നേററവും ആവശ്യം. മഹനീയമായ ഈ ആദർശത്തെ ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ടിരിക്കുന്ന ഈ സംഘടനയുടെ ഉദ്ദേശശുദ്ധിയെ മനുഷ്യസ്നേഹികളാരും അപലപിക്കുമെന്നു തോന്നുന്നില്ല. ഇത്തരത്തിലുള്ള ഒരു സംഘടനയ്ക്കു സൃഷ്ടിപരമായുണ്ടാകാവുന്ന സാദ്ധ്യതകളെ സംശയദൃഷ്ടിയോടുകൂടി വീക്ഷിക്കുവാൻ പ്രജ്ഞാശക്തിക്കു സാരമായ എന്തെങ്കിലും തകരാറു പററിയവർക്കല്ലാതെ സാധിക്കുമെന്നും ഞാൻ കരുതുന്നില്ല.

പുരോഗമനസാഹിത്യം കമ്മ്യൂണിസ്ററുകക്ഷിയുടെ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുവാനുള്ള ഒരു പ്രസ്ഥാനാഭാസമാണെന്നു പലരും പരിഹാസപൂർവ്വം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. അതിനെ ഈ പ്രസ്ഥാനക്കാ

Digitized By Kerala Sahitya Akademi

രിൽ ചിലർ ആവേശപൂർവ്വം എതിർക്കുന്നതും എനിക്കനുഭവപ്പെട്ടിട്ടുണ്ടു്. പക്ഷേ അവിടെയാണു് ഈ പ്രസ്ഥാനത്തെസ്സംബന്ധിച്ചിടത്തോളം ഒന്നാമത്തെ കുഴപ്പം. കമ്മ്യൂണിസ്സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുവാൻതന്നെയാണു് പുരോഗമനസാഹിത്യമെന്നു വിചാരിക്കുക: അതുകൊണ്ടെന്താണു് ദോഷം, എന്താണതിനൊരു കുറവു്? നിങ്ങൾ ഉറച്ച സ്വരത്തിൽ ഉച്ചത്തിൽ വിളിച്ചുപറയുക, "അതേ, പുരോഗമനസാഹിത്യം കമ്മ്യൂണിസ്സിദ്ധാന്തങ്ങളുടെ കളരിയാണു്" എന്നു്. അഭിമാനപൂർവം നിങ്ങൾ ആ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്ന സാഹിത്യത്തെ ആശ്ലേഷിക്കുക, ആശീർവദിക്കുക!

കമ്മ്യൂണിസമെന്നു കേൾക്കുമ്പോൾ ചുകപ്പുകണ്ട നാടൻകാളകളെപ്പോലെ ആരുമങ്ങനെ 'വെകിളി' പിടിക്കേണ്ടതായിട്ടില്ല. മാനവസമുദായത്തിൻെറ നന്മയ്ക്കും ഉൽക്കർഷത്തിനും നിദാനമായ ഒരു സാമ്പത്തികശാസ്ത്രത്തിന്മേൽ അധിഷ്ഠിതവും, വിശ്വസമാധാനത്തിനും വിശ്വസാഹോദര്യത്തിനും വഴിതെളിക്കുന്ന ആരോഗ്യപൂർണ്ണമായ ഒരു നൂതനസാമൂഹ്യഘടനയുടെ വിജയകരമായ സാദ്ധ്യതയിലുള്ള വിശ്വാസത്താൽ ഉദ്ദീപ്തവുമായ ഒരു തത്ത്വസംഹിതയെ അടിസ്ഥാനമാക്കി, അടിയുറച്ച ആത്മാർത്ഥതയോടും അചഞ്ചലമായ കർമ്മധീരതയോടും അഭികാമ്യമായ ത്യാഗബുദ്ധിയോടുംകൂടി വീറോടെ പ്രവർത്തിക്കുന്ന ഒരു മഹാ സംഘടനയാണു് കമ്മ്യൂണിസ്റ്റു് പാർട്ടി. അതിൻെറ ഏകലക്ഷ്യം ഇതാണു്: മനുഷ്യൻെറ നന്മ! ആ നിലയിൽ അതിൻെറ സിദ്ധാന്ത

Digitized By Kerala Sahitya Akademi

ങ്ങൾക്ക പ്രചാരം നല്കുവാനായി പുരോഗമനസാഹിത്യം പരിശ്രമിക്കുന്നെങ്കിൽ, അതിലിത്ര പരിഭ്രമിക്കാനെന്തുണ്ട്? പഴിയ്ക്കുവാനും പാതിത്യം കല്പിക്കുവാനും എന്തുണ്ട്?

ഒരുക്കൂട്ടർ ഈ ഘട്ടത്തിൽ വീഃറാട്ടുകൂടി കൊണ്ടുവരുന്ന ഒരു വാദമുഖമുണ്ട്: സാഹിത്യം കേവലംപ്രചരണത്തിനുള്ള ഒരുപകരണമല്ല. ഇതു തികച്ചും ശരിയാണോ എന്നൊന്നു ചിന്തിക്കുക. പ്രചരണം എന്ന ഘടകം ഉൾക്കൊള്ളാത്ത ഏതൊരു കലയുണ്ട്, ഈ ലോകത്തിൽ? ഏതൊരു കലാകാരനും തന്റെ ചിന്തകളേയും വികാരങ്ങളേയും, നാദം, വർണ്ണം, വാക്ക് എന്നിങ്ങനെ ഓരോ ഉപാധിയിലൂടെ ഓരോ രൂപത്തിൽ ജനതയിലേയ്ക്കു പകരുന്നു. സ്വന്തം ആനന്ദത്തിനായി ആരും കലാസൃഷ്ടിചെയ്യുന്നില്ല. തന്റെ കലാസൃഷ്ടിയെസ്സംബന്ധിച്ചിടത്തോളം, ഒരു സാമൂഹ്യജീവി എന്ന നിലയിൽ, ഒരു കലാകാരന്റെ ഒന്നാമത്തെ ലക്ഷ്യം പ്രകടനം അഥവാ പ്രചരണമാണ്. സർവ്വകലകളും പ്രകടനമാണെന്നു ക്രോച്ചേ പറയുന്നുണ്ട്. ഈ പ്രകടനം ഏകാന്തതയുടെ—ശൂന്യതയുടെ—മുൻപിലല്ല, സ്പന്ദിക്കുന്ന മനുഷ്യരാശിയുടെ മുൻപിലാണ്. മനുഷ്യരാശി കലാകാരനെത്തേടി അങ്ങോട്ടു ചെല്ലുകയല്ലാ, കലാകാരൻ പ്രകടനവുമായി സ്വയം മനുഷ്യരാശിയുടെ മുൻപിലേയ്ക്കു വരികയാണ് ചെയ്യുന്നതു്. തന്മൂലം പ്രചരണോദ്ദേശം ഈ പ്രകടനത്തിൽനിന്നുതന്നെ പ്രകടമാകുന്നുണ്ട്. ഏതു കാലത്തെ, ഏതു ദേശത്തെ, സാഹിത്യവും ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ ചില ആശയസഞ്ചയങ്ങളെ ജനതാ

Digitized By Kerala Sahitya Akademi

മദ്ധ്യത്തിൽ പ്രചരിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. പ്ര ത്യക്ഷമായിട്ടാകട്ടേ, പരോക്ഷമായിട്ടാകട്ടേ, ഏതെങ്കിലും ചില തത്വങ്ങളുടെ പ്രചരണത്തിനായിട്ടൊരുമ്പെട്ടിട്ടി ല്ലാത്ത ഒരു സാഹിത്യഗ്രന്ഥം ലോകത്തിലെവിടെയെങ്കി ലും ഉണ്ടായിട്ടുണ്ടോ? "പശു ഒരു നാൽക്കാലിമൃഗമാകു ന്നു'' എന്ന ബാലപാഠവാചകം മുതൽ "യദാ യദാഹിധ ർമ്മസ്യ" എന്നാരംഭിക്കുന്ന ഗീതാസൂക്തം വരെ ഈ പ്രച രണം വ്യാപിച്ചിട്ടുള്ളതായിക്കാണാം. ആ നിലയിൽ ക മ്മ്യൂണിസ്റ്റ്സിദ്ധാന്തങ്ങൾമാത്രം സാഹിത്യത്തിൽ വി ലക്കപ്പെട്ട ഫലങ്ങളായി നിന്നുകൊള്ളണമെന്നു ശഠിക്കു ന്നതു് എത്രമാത്രം അർത്ഥശൂന്യമാണു്! കമ്മ്യൂണിസ്റ്റ്സി ദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന എത്രയെത്ര മഹാഗ്രന്ഥ ങ്ങൾ അടുത്തകാലത്തു യൂറോപ്പിൽ — വിശേഷിച്ചും റഷ്യയിൽ — ആവിർഭവിച്ചിട്ടുണ്ടു്! മേൽസൂചിപ്പിച്ച വാദം കഴമ്പില്ലാത്തതാണെന്നു് ഇതിൽനിന്നു വെളിവാ കുന്നുണ്ടല്ലോ!

*　　　*　　　*

ഏതെങ്കിലുമൊരു ഭാഷ അതിൻെറ സ്വന്തം സാ ഹിത്യംകൊണ്ടുമാത്രം വളൎന്നുവന്നതായിട്ടെനിക്കറിവില്ല. സ്വന്തം നേട്ടത്തിൽമാത്രം ദുരഭിമാനം ഭാവിച്ചുകൊ ണ്ടിരുന്നാൽ കാലാന്തരത്തിൽ അതു ക്ഷയിച്ചുപോവുക യേ ഉള്ളൂ. സംസ്കൃതത്തിനു പററിയ സാരമായ ഒരു തകരാറാണിതു്. ഇംഗ്ലീഷിനുള്ളതു് ഇതിനു നേരേവിരു ദ്ധമായ ഒരു സ്വഭാവമാണു്. ഇംഗ്ലണ്ടു് സ്വന്തം കവിക

Digitized By Kerala Sahitya Akademi

ളുടേയോ സാഹിത്യകാരന്മാരുടേയോ കുറവുണ്ടായിട്ടല്ല, അന്യഭാഷകളിലെ കൃതികൾ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുന്നതു്. പോരായ്മയായിട്ടല്ല, അഭിമാനമായിട്ടാണു് ഇംഗ്ലീഷുകാർ അതു കണക്കാക്കുന്നതെന്നോർക്കണം. ഏതു ഭാഷയിലുള്ള ഉത്തമഗ്രന്ഥങ്ങളും ഇംഗ്ലീഷിലേയ്ക്കു വിവർത്തനം ചെയ്യപ്പെടുന്നു. ചിലപ്പോൾ ഒരു കൃതിയുടെ തന്നെ പല പരിഭാഷകൾപോലും കണ്ടുവരുന്നുണ്ടു്. മറെറതു മഹാഭാഷകൾ ഉണ്ടായിരുന്നാലും വിശ്വസാഹിത്യവുമായി അടുത്തു പരിചയപ്പെടണമെങ്കിൽ നമുക്കു് ഇംഗ്ലീഷുഭാഷയെത്തന്നെ ആശ്രയിച്ചേ ഒക്കൂ. ഇതരസാഹിത്യങ്ങളിലുള്ള നവീനപ്രസ്ഥാനങ്ങളെ സന്തോഷപൂർവം സ്വാഗതംചെയ്യുന്ന ഒരു വിശാലമായ മനോഭാവമാണു് ആംഗലസാഹിതിക്കുള്ളതു്. സംസ്കൃതമെന്നു കേൾക്കുമ്പോൾ രോമാഞ്ചവും, വ്യാസനെന്നു കേൾക്കുമ്പോൾ ദിഗ്ഭ്രമവും മറവുമുണ്ടായിപ്പോകുന്ന ഋഷിഭക്തരായ പണ്ഡിതമല്ലന്മാർപോലും സംസ്കൃതത്തിൽ കലാശാലാബിരുദം സമ്പാദിച്ചിട്ടു് ക. പ്ര (കലാപ്രവീണൻ) എന്നും നിയമബിരുദം സമ്പാദിച്ചിട്ടു് നി. ബ്ര (നിയമബ്രഹ്മചാരി) എന്നുമല്ലാ, എം. ഏ എന്നും ബി. എൽ എന്നുമാണു് ഇന്നും തങ്ങളുടെ നാമധേയത്തോടു ബിരുദം ഘടിപ്പിക്കുന്നതെന്നു കാണുമ്പോൾ ചിരിച്ചു തലതല്ലിപ്പോകുന്നു. ഞാനിങ്ങനെ പറയുമ്പോൾ എനിയ്ക്കു ദേശാഭിമാനമില്ലെന്നും ഞാനൊരു വിദേശഭ്രമക്കാരനാണെന്നും പലരും എന്നെ പഴിക്കാറുണ്ടു്. അർത്ഥശൂന്യവും അടിസ്ഥാനരഹിതവുമായ ഒരാക്ഷേപമാണ

Digitized By Kerala Sahitya Akademi

ത്ു്. മേൽക്കാണിച്ച എൻെറ അഭിപ്രായംകൊണ്ടു് ഞാനൎത്ഥമാക്കുന്നതു് ഇന്ത്യ എന്നെന്നും ഇംഗ്ലണ്ടിൻെറ അടിമയായിരുന്നുകൊള്ളണമെന്നല്ല. Give the Devil his due എന്ന ചൊല്ലിനെ ആദരിക്കുന്നു എന്നുമാത്രം.

ഭാരതത്തിൻെറ അപദാനങ്ങളെ ശ്വാസംവിടാതങ്ങനെ ഈരടികളിൽ തട്ടിമൂളിച്ചതുകൊണ്ടോ, മഹാത്മാഗാന്ധിയെ ആസ്പദമാക്കി കുറേ ഉല്ലേഖമാലകൾ കോൎത്തിണക്കി ചെപ്പടിവിദ്യ കാട്ടിയതുകൊണ്ടോമാത്രം ഒരു കവിയോ മഹാകവിയോ ദേശാഭിമാനത്തിൻെറ അവതാരമാണെന്നു കൊട്ടിഘോഷിക്കുന്നതു വെറും വിഡ്ഢിത്തമാണു്. നാടൊട്ടുക്കു പരന്ന ദേശീയബോധം വൃത്തത്തിലാക്കി വിതറിയതല്ലാതെ നമ്മുടെ ദേശീയകവികളെന്നു ഘോഷിക്കപ്പെട്ടുന്നവർ ദേശീയപ്രസ്ഥാനത്തിൽ സൃഷ്ടിപരമായി എന്തുചെയ്തിട്ടുണ്ടു്? ഇംഗ്ലീഷുകാരോടുള്ള കുറെ ശകാരവും, മഹാത്മാഗാന്ധിയുടെ തൃപ്പാദങ്ങളിൽ കുറെ കൂപ്പുകൈമൊട്ടുകളും, ഖദർ ചക്രം, അഹിംസ, സ്വാതന്ത്ര്യം, ഭാരതമാതാ എന്നിങ്ങനെ ഒഴിച്ചുകൂടാത്ത ചില പദങ്ങളും, ഹാ, അഹോ, എന്നുതുടങ്ങുന്ന ഏതാനും വ്യാക്ഷേപകങ്ങളും കൂട്ടിയും കുഴച്ചും മാററിയും, മറിച്ചും പലപല രൂപങ്ങളാക്കി അവയെ ശ്ലഥകാകളികളുടേയും ദ്രുതകാകളികളുടേയും വളയം ചാടിച്ചു് ഉല്ലേഖത്തിൻേറയും ഉൽപ്രേക്ഷയുടേയും ഞാണിന്മേൽ കയററി കസൎത്തുചെയ്യിക്കുന്നതാണു് ദേശീയകവിതയെങ്കിൽ, സമ്മതിച്ചു നമുക്കു ദേശീയകവിതയുണ്ടു്—കുറച്ചൊന്നുമല്ലാ; പെരുത്തു്, പെരുത്തു്!

Digitized By Kerala Sahitya Akademi

ച്ചുണ്ണയും തൻേറടവുമില്ലാത്ത ചില മരമണ്ടന്മാരുടെ കൊള്ളരുതായ്മകൊണ്ട് അന്തസ്സും സമ്പത്തും യഥേഷ്ടം അനുഗ്രഹിച്ചിരുന്ന ചില പഴയ തറവാടുകൾ ദയനീയമാംവിധം ക്ഷയിച്ചും, 'അന്യം നിന്നും' അധഃപതിച്ചുപോയിട്ടുണ്ട്; അവരിൽ തെരുവുനീളെത്തെണ്ടിത്തിരിയുന്ന ചില അംഗങ്ങൾ, അല്പ്പട്ടിണിക്കിടയിലും ആ പണ്ടത്തെ തറവാട്ടുമഹിമകൾ തട്ടിമൂളിച്ചു ഞെളിയുന്നതു കാണാം. പഴയ നാലുകെട്ടും നിലവിളക്കും കുററിച്ചൂലും നെററിപ്പട്ടവും മററും, കേരളസംസ്കാരത്തിൻെറ പേരിൽ, കുത്തിപ്പൊക്കിക്കൊണ്ടുവരുന്ന ചില നവീനന്മാരുടെ ദേശാഭിമാനപ്രലാപം കേൾക്കുമ്പോൾ മേൽപ്രസ്താവിച്ച സംഗതിയാണ് എനിക്കോർമ്മവരുന്നതു്. കേരളത്തിലിന്നിതുവരെ ഉണ്ടായിട്ടുള്ള സാധനസാമഗ്രികളുടെ ഒരു 'ക്യാററലോഗ്' ആയിരിക്കുമോ ഈ കേരളസംസ്കാരമെന്നു പറയപ്പെടുന്നതു്, ആവോ!

ഈ ദേശാഭിമാനത്തിൻെറ വൈതാളികന്മാരെ ഒന്നപഗ്രഥിച്ചുനോക്കു. കർമ്മപദ്ധതിയിലേയ്ക്കു ധീരതയോടെ ഇറങ്ങിച്ചെല്ലുവാനോ ക്ലേശങ്ങൾ സഹിക്കുവാനോ ഉള്ള സന്നദ്ധത അവരിൽ തൊട്ടുതേച്ചിട്ടില്ല; ജനതയെ കർമ്മനിരതരാക്കുവാനുള്ള കാന്തശക്തിയും അവരുടെ വാക്കുകൾക്കില്ല. എന്തുകൊണ്ടെന്നാൽ വാക്കുകൾ അത്ഭുതാവഹമായ ആ ശക്തിവിശേഷത്തെ ഉൾക്കൊള്ളുന്നമെങ്കിൽ, അവ ആത്മാവിലേയ്ക്കു ചുഴിഞ്ഞിറങ്ങിച്ചെല്ലുണമെങ്കിൽ, അവയുടെ ഉത്ഭവം കലർപ്പററ ആത്മാർത്ഥതയിൽനിന്നായിരിക്കണം. സ്വാർത്ഥോദ്ദേശങ്ങളും

Digitized By Kerala Sahitya Akademi

കാലികമായ ഒഴുക്കിൽ മുന്നണിയിലെത്തുവാനുള്ള യശോഭിലാഷവും മററമാണടിസ്ഥാനമെങ്കിൽ, ആ വാക്കുകൾ അതേപടി അന്തരീക്ഷത്തിലങ്ങു ലയിച്ചുപോവുകയേ ഉള്ളൂ. ഒരു റൂസോവോ വോൾട്ടയറോ, ഒരു ലെനിനോ സ്റ്റാലിനോ, ഒരു ഗോക്കിയോ തൻെറ വാക്കുകളെക്കൊണ്ടു ജനതയെ ഉത്തേജിപ്പിച്ച്, ത്യാഗസന്നദ്ധമാക്കി, കർമ്മരംഗത്തിലേയ്ക്കു കൊണ്ടുവന്നിട്ടുണ്ടെങ്കിൽ, അതിനൊന്നാമത്തെ കാരണം അവരുടെ ആത്മാർത്ഥതയാണ്. അല്ലാതെ അവരുടെ വാക്കുകളിൽ നൃത്തം തുള്ളുന്ന അപഹ്നുതിയോ അപസ്മാരമോ ഒന്നുമല്ല. അവരുടെ വാക്കുകൾ—അവയിൽ അവർ ജീവിച്ചു. അവരുടെ ജീവിതം അവരുടെ വാക്കുകളായി രൂപാന്തരപ്പെട്ടു. അവർ മരിച്ചാലും അവരുടെ വാക്കുകൾ—അവരുടെ ജീവിതങ്ങൾ—ജീവിക്കും. ബന്ധുക്കളല്ലാ, സിൽബന്ധികളല്ലാ, നിസ്തൃതമായ ലോകം അവരുടെ വാക്കുകൾക്കു പെരുമ്പാ കൊട്ടും. മഹാകവി വള്ളത്തോൾമുതൽ കീഴോട്ടുള്ള ദേശാഭിമാനാഭിമാനികളായ കവികളുടെ ഈരടിപ്രസംഗങ്ങളിൽ ആത്മാർത്ഥതയുടെ ഒരു നേരിയ പാദമുദ്രയെങ്കിലും ഉണ്ടായിരുന്നവെങ്കിൽ അവയ്ക്കുന്നെല്ലാം അത്ഭുതകൃത്യങ്ങൾ നമ്മുടെ നാട്ടിൽ ചെയ്യുവാൻ കഴിയുമായിരുന്നു! പക്ഷേ അഞ്ചു മക്കളുടെ പ്രേതം മുൻപിൽ കിടക്കുമ്പോഴും ഉല്ലേഖത്തിൽ മുറവിളികൂട്ടാൻ മുതിന്ന ഉമാകേരളത്തിലെ ഉമയമ്മറാണിയെപ്പോലെ, അവരുടെ ദേശാഭിമാനം തലയിൽ കെട്ടുംപേറി "അയ്യപ്പോ" എന്നു

Digitized By Kerala Sahitya Akademi

വിളിച്ചുകൊണ്ടു് അലങ്കാരത്തിൻെറ കരിമലകയറാനാ ണുത്സാഹിച്ചതു്.

ഞാൻ ഒന്നുകൂടി വിശദമാക്കാം. ഇന്നത്തെ സോവി യററുസാഹിത്യം ഒന്നു പരിശോധിച്ചുനോക്കൂ. അവരുടെ ദേശാഭിമാനം വിദൂരവർത്തികളായ നമ്മെപ്പോലും കോ രിത്തരിപ്പിക്കുന്നുണ്ടു്. അവരുടെ ജീവിതരക്തത്തിൻെറ അവസാനബിന്ദുപോലും തങ്ങളുടെ രാജ്യത്തിനുവേണ്ടി സമർപ്പിക്കുവാൻ സന്നദ്ധരായ സാഹിത്യകാരന്മാരേ മ ഹിമയുള്ള ആ മണ്ണിൽ ജനിച്ചിട്ടുള്ളൂ. അടർക്കളത്തിൽ അലറിപ്പായുന്ന പീരങ്കിയുണ്ടകൾക്കഭിമുഖമായി വർത്തി ച്ചു്, ത്യാഗതീഷ്ണതയോടെ സ്പന്ദിക്കുന്ന ഉത്തമഹൃദയങ്ങ ളിൽ നിന്നാണു് ആവേശജനകങ്ങളായ കവിതകൾ - ആ ത്മസ്ഥലിംഗങ്ങൾ - അനുസ്യൂതമായങ്ങനെ പൊട്ടിപ്പുറ പ്പെടുന്നതു്. മനുഷ്യൻെറ നന്മയ്ക്കുവേണ്ടി അനീതിയോ ടുള്ള ആ പോരാട്ടത്തിൽ ആത്മസമർപ്പണം ചെയ്യുന്ന ആ സൈനികകവികളുടെ രക്തത്തിൻെറ ഒരു തുള്ളിയെ ങ്കിലും നമ്മുടെ കവികൾക്കുണ്ടായിരുന്നെങ്കിൽ! എങ്കിൽ അവർ അലങ്കാരഭാഷയിൽ ഇത്രയൊന്നും പ്രസംഗിക്കു മായിരുന്നില്ല. നാടിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി പ ടവെട്ടുന്ന പോരാളികളല്ല, അതിനായിപ്പോരാടുന്ന പൌരസഞ്ചയത്തിൻെറ ദേശീയബോധത്തെ വൃത്തത്തി ലാക്കി വിററു മുതലെടുക്കുന്ന ചൂഷകന്മാരാണു് നമ്മുടെ ദേശീയകവികൾ! ഭാരതത്തിലെ ദേശീയസമരത്തിൽ എന്തെങ്കിലും ഒരു ത്യാഗമനുഷ്ഠിച്ച ദേശീയകവികൾ ന മുക്കുണ്ടോ? കർമ്മരംഗത്തിലേയ്ക്കു കാൽകുത്തുവാനുള്ള

Digitized By Kerala Sahitya Akademi

കരൾക്കരുത്തവർക്കുണ്ടായിട്ടുണ്ടോ? കാരാഗൃഹത്തിൻെറ ഇരുമ്പഴികളെക്കണ്ടു വിറയ്ക്കുന്ന പേടിത്തൊണ്ടന്മാർ എങ്ങനെ ദേശീയകവികളാകും? ഏതാനും ചിലർ ഒത്തുചേൎന്നു പെരുമ്പറയടിച്ചാൽ കേരളം അപ്പാടേയതങ്ങു വിശ്വസിക്കുമെന്നോ, - വിശ്വസിക്കണമെന്നോ? ഇല്ല; വസ്തുസ്ഥിതികളുടെ യഥാൎത്ഥ്യം നോക്കിക്കാണുവാൻ കേരളത്തിനു കണ്ണുണ്ടു്.

രാഷ്ട്രീയമായി ഇംഗ്ലീഷുകാരോടു നമുക്കവജ്ഞയുള്ളതുകൊണ്ടു് ഇംഗ്ലീഷുസാഹിത്യത്തെ വെറുക്കുന്നതു് അന്യായമാണു്. ജർമ്മനിയിൽ ഹിററ്ലർ ജനിച്ചതുകൊണ്ടു ഗേഥേയുടെ ഫാസ്റ്റിനു് അപകർഷം ആരോപിച്ചുകൂടാ. എന്നാൽ നമ്മുടെ നാട്ടിൽ ഈയിടെയായിക്കണ്ടുവരുന്ന ഒരു ലക്കില്ലാത്ത ആവേശമാണിതു്. മഹാകവി ടാഗോറിൻെറ ക്ഷണമനുസരിച്ചു് ജപ്പാനിലെ മഹാകവിയായ യോൺനോഗുച്ചി ശാന്തിനികേതനം സന്ദർശിച്ച കാലത്തു് ഇന്ത്യയിലെ പ്രമുഖപത്രങ്ങളും സാഹിത്യകാരന്മാരും അദ്ദേഹത്തെ വാനോളം വാഴ്ത്തുകയുണ്ടായി. അതേ ഇൻഡ്യയുടെ കണ്ണിൽ അല്പകാലത്തിനിടയിൽ ആ മഹാസാഹിത്യകാരൻ വെറുമൊരു Scribler (ക്ഷുദ്രഗ്രന്ഥകാരൻ) ആയിപ്പോയതു് അത്യന്തം അത്ഭുതകരമായിരിക്കുന്നു. (Cf:- Literature and the people by S. A. Dange)

മലയാളസാഹിത്യത്തിനു സംസ്കൃതവുമായുണ്ടായിരുന്ന സുദൃഢമായ ബന്ധം കാലഗതിയിൽ ക്രമേണ അഴിഞ്ഞഴിഞ്ഞു് ഇപ്പോൾ ഏതാണ്ടററുപോകാറായിരിക്കു

Digitized By Kerala Sahitya Akademi

ന്നു. പാശ്ചാത്യസാഹിത്യവുമായിട്ടാണു് ഇന്നതിനു് അധികം മമത കാണുന്നതു്. സാഹിത്യപുരോഗതിയെ സ്സംബന്ധിച്ചിടത്തോളം ഈ അടുപ്പം അനാശാസ്യമാണെന്നോ ആപൽക്കരമാണെന്നോ എനിക്കു തോന്നുന്നില്ല. ചോരെങ്കിൽ അതാശാവഹമാണെന്നുപോലും വിശ്വസിക്കുന്ന ഒരുവനാണു് ഞാൻ. അനുഭവം എന്നെ പഠിപ്പിച്ചിട്ടുള്ളതങ്ങനെയാണു്. പാശ്ചാത്യസാഹിത്യവുമായുള്ള സമ്പക്ക്ത്തിൽനിന്നു് ആധുനികഭാഷാപദ്യസാഹിത്യത്തിനു പലേ നേട്ടങ്ങളും ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. മാമൂൽപ്രിയംമൂലം നിങ്ങഠം എത്രതന്നെ ശഠിച്ചാലും, കാലം അതു സമ്മതിച്ചു തരികയില്ല; അതു നിങ്ങളെ പിടിച്ചുനിർത്തി സമ്മതിപ്പിക്കുകതന്നെ ചെയ്യും. നൂതനങ്ങളായ പല പ്രസ്ഥാനവിശേഷങ്ങളും മലയാളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ ബന്ധംമൂലം ഉണ്ടായിട്ടുള്ള ഒരു വമ്പിച്ച നേട്ടം സാഹിത്യം അധികമധികം ജനകീയമായിത്തീരുന്നുണ്ടെന്നുള്ളതാണു്. ഗദ്യനാടകങ്ങഠം, ഏകാങ്കനാടകങ്ങഠം, ചെറുകഥകഠം, നിരൂപണങ്ങഠം, ആഖ്യായികകഠം, ഗീതകങ്ങഠം, ഭാവഗീതങ്ങഠം, വിലാപകാവ്യങ്ങഠം, ഉപന്യാസങ്ങഠം, കത്തുകഠം, സഞ്ചാരവിവരണങ്ങഠം ഇങ്ങനെ സാഹിത്യത്തിൻെറ വിവിധശാഖകളിലും കലാസുഭഗങ്ങളും ചിന്താഭാസുരങ്ങളുമായ നല്ല നല്ല കൃതികഠം അടുത്ത കാലത്തു നമ്മുടെ ഭാഷയിൽ അവതരിച്ചിട്ടുണ്ടു്. സംസ്കൃതത്തിൻെറ പിടിയിൽനിന്നു പിന്മാറി ആംഗലസാഹിതിയോടടുത്തതു സാഹിത്യപുരോ

Digitized By Kerala Sahitya Akademi

ഗതിയെസ്സംബന്ധിച്ചിടത്തോളം ആശാസ്യമായ ഒന്നാണെന്നു സമർത്ഥിക്കാൻ ഒരു നിസ്സാരമായ ഉദാഹരണം മതിയാകും. 'സാഹിത്യകൗതുകം' ഒന്നാംഭാഗത്തിൽ നിന്നാരംഭിച്ചു 'ചെങ്കതിരുക'ളിൽ എത്തിച്ചേർന്നിട്ടുള്ള 'ജി'യുടെ കാവ്യഗതി ഒന്നു പരിശോധിച്ചുനോക്കുക. തന്റെ നയനങ്ങളേയും അതോടൊപ്പം ഹൃദയത്തേയും അപഹരിച്ച സാമാന്യം സുന്ദരിയും ശ്യാമാംഗിയുമായ ഒരു കർഷകയുവതിയുടെ കാർക്കുന്തൽ വിളുത്തുകൊണ്ടുള്ള നില്പ് ഉത്തേജനമരുളുകയാൽ, ആ ചിത്രത്തെ ഒരു സുന്ദരമായ മൂടുപടമിടുവിച്ച്

"നീരന്ധ്റനീലജലദപ്പലകപ്പുറത്തു-
വാരഞ്ചിടുന്ന വളർവില്ലു വരച്ചുമാച്ചും
നേരററ കൈവളകളാൽച്ചില മിന്നൽചേർത്തും
പാരം ലസിക്കുമമലപ്രകൃതിക്കു കൂപ്പാം."

എന്നിങ്ങനെ കാവ്യരൂപത്തിൽ പകർത്തിയ ഒരു നാടൻ യുവാവിന്റെ ഹൃദയം.

"രക്തസൈനിക, വെല്ലുക!

മരണംവമിക്കുന്ന ഫാസിസം, നിന്റെ ദൃഢഗംഭീരമായ പദന്യാസം കേട്ടു നടുങ്ങുന്നു; പരത്തിയ പത്തികൾ ചുളുക്കുന്നു; അതിന്റെ മരവിച്ച ഇരകൾ മയക്കം വിട്ടുണരുന്നു"

എന്നിങ്ങനെ റഷ്യയിലെ രക്തസൈനികന്റെ ഹൃദയത്തോടൊപ്പം ജൈത്രപടഹമടിക്കണമെങ്കിൽ, ആംഗലസാഹിത്യം അതിന്മേൽ എത്ര സ്വാധീനശക്തി ചെലുത്തിയിരിക്കണമെന്നനുമാനിക്കാം.

Digitized By Kerala Sahitya Akademi

മാമൂൽപ്രിയന്മാരായ ചിലർ, തങ്ങൾക്കു പരിച യമില്ലാത്ത പ്രസ്ഥാനങ്ങൾ കാണുമ്പോൾ, ഫലരഹിത മായി കലമ്പൽക്കൂട്ടുന്നുണ്ടായിരിക്കാം; പക്ഷേ യഥാർത്ഥ മായ വാസനയുടേയും പ്രതിഭയുടേയും സ്വാതന്ത്ര്യമായ പ്ര വാഹത്തെ തടുത്തുനിർത്തുവാൻ എത്ര കരുത്തേറിയ കൽ ച്ചിറകൾക്കും സാദ്ധ്യമല്ലതന്നെ. ശ്രീമാൻ നാലപ്പാട്ടു നാരായണമേനവൻെറ 'പാവങ്ങൾ' എന്ന വിശിഷ്ടഗ്ര ന്ഥം കേരളത്തിൽ ആദ്യമായി ആവിർഭവിച്ചപ്പോൾ അ വജ്ഞാപൂർണ്ണങ്ങളായ എത്ര ഒച്ചപ്പാടുകളാണു് കേരള ത്തിലുണ്ടായതു്! "വായിൽ വെള്ളിക്കരണ്ടിയുമായി ജനി ക്കുക" എന്ന വാക്യശകലത്തിൻെറ വാലിന്മേൽ കട ന്നുപിടിച്ചു് അനേകം നിരൂപകമ്മന്യന്മാർ ആ കൃതിയു ടെ നേർക്കു പല്ലിളിച്ചുകാട്ടി. എന്നാൽ മലയാളത്തിലെ ഗദ്യശൈലിക്കു് അഭിനവമായ വികാസത്തിനു് ഒന്നാ മത്തെക്കാരണം 'പാവങ്ങ'ളാണെന്നു് ആ ഗ്രന്ഥത്തി ൻെറ ആവിർഭാവത്തിനു മുൻപും പിൻപുമുള്ള ഗദ്യകൃതി കളെ താരതമ്യപ്പെടുത്തി പരിശോധിച്ചാൽ, പക്ഷപാ തബുദ്ധിയില്ലാത്ത ഏതൊരു സഹൃദയനും കൃതജ്ഞതാപൂ ർവ്വം സമ്മതിക്കുന്നതാണു്. പാശ്ചാത്യസാഹിത്യത്തിനു നേരേ പരാങ്മുഖത്വം പ്രചരിപ്പിച്ചിരുന്നെങ്കിൽ ഒരു നാലപ്പാടനോ തകഴിയോ ബാലകൃഷ്ണപിള്ളയോ മുണ്ട ശ്ശേരിയോ ഭാസ്കരൻനായരോ ഗുപ്തൻനായരോ രാമ കൃഷ്ണപിള്ളയോ നമ്മുടെ സാഹിത്യത്തെ അലങ്കരിക്കുമാ യിരുന്നോ?—രാമായണം ചമ്പുവിനേക്കാൾ മികച്ച ഒരു കവിതയോ, സി. വി. രാമൻപിള്ളയെക്കവിഞ്ഞൊരു

Digitized By Kerala Sahitya Akademi

ആഖ്യായികാകാരനോ ലോകത്തിലുണ്ടെന്ന് ഇന്നു സമ്മതിക്കാത്ത പല സഹൃദയന്മാരേയും എനിയ്ക്കറിയാം. പക്ഷേ ആ അഭിപ്രായങ്ങളെല്ലാം ആധുനികപ്രസ്ഥാനങ്ങളുടെ ആന്ദോളനത്തിൽ ചിതറിത്തെറിച്ചുതുടങ്ങിയിരിക്കുന്നു.

ജീവിതത്തിൻെറ ഇരുണ്ട വശങ്ങളെ ചിത്രീകരിച്ചുകൂടെന്നുള്ള സാഹിത്യക്ഷേത്രത്തിലെ കാവിവസ്ത്രക്കാരുടെ മുറവിളി കേരളത്തിൽ കേട്ടുതുടങ്ങിയിട്ട കാലം കുറച്ചായി. എന്നാൽ അതിനതിന് ആവക ചിത്രീകരണങ്ങൾ അടിയ്ക്കടി വർദ്ധിച്ചുവരുന്നതേയുള്ളു. ഇതുകൊണ്ടുതന്നെ ആ മുറവിളികളുടെ നിഷ്പ്രയോജനത വെളിപ്പെടുന്നില്ലേ? നമുക്കു ഹിതമായ അഭിപ്രായമേ അന്യന്മാർ പറഞ്ഞുകൂട്ടു എന്നു ശാഠ്യംപിടിക്കുന്നതു കേവലം ബാലിശമായ ഒരു സ്വഭാവമാണ്. പ്രസ്ഥാനങ്ങളുടെ വൈചിത്ര്യവും സുലഭതയും തീർച്ചയായും സാഹിത്യത്തെ മേല്ക്കുമേൽ വികസിപ്പിക്കുകയേ ഉള്ളു. മാററാലിക്കൃതികൾ കുമിളുകൾപോലെ ആയിരക്കണക്കിനു മുളച്ചുപൊന്തിയാലും ഒട്ടും പരിഭ്രമിക്കേണ്ടതായിട്ടില്ല. അവയെല്ലാം രണ്ടുനാലു ദിവസത്തിനുള്ളിൽ താനേ നശിച്ചുപോകും. വ്യക്തിമുദ്രയോടുകൂടിയ കൃതികൾ മാത്രമേ വേരുറച്ചു പന്തലിച്ചു പടരുകയുള്ളു. ഏതു ഭാഷയിലും പ്രത്യക്ഷപ്പെടുന്ന ഒരു സാമാന്യസ്വഭാവമാണിതു്.

ഗുണദോഷസമ്മിശ്രമാണ് മനുഷ്യപ്രകൃതി. നന്മയ്ക്കും തിന്മയ്ക്കും ലോകത്തിൽ സ്ഥാനമുണ്ട്. തിന്മയെ ചിത്രീകരിക്കുന്നവർ അതിനെ വാഴ്ത്തുന്നവരാണെന്നു

Digitized By Kerala Sahitya Akademi

തെററായി വ്യാഖ്യാനിക്കപ്പെടുന്നു. അതു ന്യായമല്ല. വെളിച്ചത്തിനും ഇരുട്ടിനും തുല്യാവകാശമുള്ളതാണല്ലോ ഈ ബാഹ്യപ്രപഞ്ചം; അതിൻെറ പ്രതിഫലനമായ കലാപ്രപഞ്ചത്തിൽ വെളിച്ചം മാത്രമേ ആയിക്കൂട്ടൂ എന്നു ശഠിക്കുന്നതു മക്കടമുഷ്ടിയല്ലാതെ മറെറാന്നുമല്ല. എത്ര തെളിമയുള്ള അഗ്നിജ്വാലയും ധൂമാങ്കിതമായിരിക്കും. പേരും പെരുമയുമാന്ന മഹാക്ഷേത്രങ്ങളുടെ ഗോപുരഭിത്തികളിൽ പ്രകൃതിവിരുദ്ധമായ സംഭോഗവൈകൃതങ്ങൾ കല്ലിൽ കൊത്തിവെയ്ക്കുവാൻ സധൈര്യം സമ്മതമേകിയ കേരളത്തിൻെറ ഹൃദയം, ഭക്ത്യുത്തേജകമായ ലിംഗപൂജയിൽ നിർല്ലീനമായി വത്തിക്കുന്ന കേരളത്തിൻെറ ഹൃദയം, സങ്കുചിതമാണെന്നെനിക്കു തോന്നുന്നില്ല; പരിപാവനമെന്നു പരിഗണിക്കപ്പെടുന്ന ക്ഷേത്രാങ്കണത്തിൽ വെച്ചു്, ഉല്ലാസപൂണ്ണങ്ങളായ ഉത്സവരാത്രികളിൽ, മനഃപൂർവം അണിഞ്ഞൊരുങ്ങി മദനപരവശയായ ഉർവശി—കാമതിമിരംകൊണ്ടു കണ്ണുകാണാത്ത സ്വൎഗ്ഗത്തിലെ തേവിടിശ്ശി—ഭർത്തൃപുത്രനായ അർജ്ജുനനെ സമീപിച്ചു ലജ്ജയില്ലാതെ കുഴഞ്ഞാടുന്ന കാമോദ്ദീപ്തമായ കലാരംഗം, സഹോദരനും സഹോദരിയും മാതാവും ബന്ധുക്കളും ഒന്നിച്ചിരുന്നു് അനേകതലമുറകളായി കണ്ടാനന്ദിച്ചുപോരുന്ന കേരളീയരുടെ ഉൽകൃഷ്ടസംസ്കാരത്തിനു ടവുതട്ടിയിട്ടുണ്ടോ, നെററിയിൽ ചുളുക്കുവീഴാതെ സഫോക്ലിസ്സിൻെറ "ഈഡിപ്പസ് രാജാവു്" എന്ന വിശിഷ്ടകൃതി വായിച്ചുനോക്കുവാൻ അവക്കു സാധിക്കുകയില്ലെന്നോ വിശ്വസിക്കാവതല്ല. ദേവന്മാരുടേയും ഗന്ധൎവ്വ

Digitized By Kerala Sahitya Akademi

ന്മാരുടേയും വ്യഭിചാരകോലാഹലങ്ങളെല്ലാം യഥേഷ്ടം വർണ്ണിക്കപ്പെടാം. അവ ഉൽകൃഷ്ടകാവ്യങ്ങളുമാണ്! അവയ്ക്കു പുരാണത്തിന്റെ മറയുണ്ടുപോലും; കൺമുമ്പിൽ പ്രദർശിക്കപ്പെടുന്ന ആവക കാമക്കൂത്തുകൾക്ക് അന്തരീക്ഷത്തിന്റെ മറയുണ്ടെന്നു പറയുന്നതുപോലുള്ള അർത്ഥമേ അതിനുള്ളൂ. കുഞ്ചൻനമ്പ്യാരുടെ പുറംകഥകൾക്കുനേരേ മാമൂൽപ്രിയന്മാരായ പഴയ സാഹിത്യകാരന്മാരും ചന്ദ്രഹാസമെടുത്തതായി ഞാൻ കേട്ടിട്ടില്ല. അങ്ങനെയിരിക്കെ അവരെന്തിനാണ് ദേവിന്റേയും തകഴിയുടേയും നേർക്കു തട്ടിക്കയറുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. സ്വവർഗ്ഗസംഭോഗാസക്തകളായ രണ്ടു യുവതികളുടെ ചാപല്യങ്ങളെ വിഷയമാക്കി ആംഗലമഹാകവി സ്വിൻബേൺ മനോഹരമായ ഒരു കാവ്യം രചിച്ചിട്ടുണ്ട്. സ്വിൻബേണും ഓസ്കർവൈൽഡും ആംഗലസാഹിത്യത്തിലെ അധഃകൃതരല്ലെന്നു നാമോർക്കണം. വാൾട്ട്വിററ്മാനേയോ എഡ്ഗർഅല്ലൻപോവിനേയോ അമേരിക്ക ക്രൂട്ടിൽകയററിയിട്ടില്ല; ഫ്രാൻസിലെപർണ്ണാസിയൻകവികളും, സിംബോളിക് കവികളും, ഡിക്കാഡൻസുകവികളും വെറും തെറിപ്പാട്ടുകളാണ് പാടിയിട്ടുള്ളതെന്നു പറഞ്ഞ് ആധുനികലോകം അവരെ ചവുട്ടിതാഴ്ത്തുന്നില്ല. അനുഗൃഹീതന്മാരായ കലാകാരന്മാരുടെ യശസ്സ് അവർ തിരഞ്ഞെടുത്ത വിഷയങ്ങളിലല്ല അവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള അവരുടെ കലാസൃഷ്ടികളിലാണ് സ്ഥിതിചെയ്യുന്നത്. പരിപാവനമായ ഒരു യാഗരംഗത്തെ പരമഭക്തിയോടെ വാഴ്ത്തി സ്തുതിക്കുന്നതുകൊ

Digitized By Kerala Sahitya Akademi

ണ്ടുമാത്രം ഒരു പദ്യം ഉത്തമമായിത്തീരുകയില്ല; അതു പോലെ നിസ്സഹായയായ ഒരു "നാട്ടുംപുറത്തെ വേശ്യ" യുടെ ചിത്രീകരണം നികൃഷ്ടമാകുന്നുമില്ല. ഏതു വിഷയത്തെ സ്വീകരിച്ചു എന്നതല്ല എങ്ങനെ ചിത്രീകരിച്ചു എന്നതാണു് പ്രധാനം.

ഒരുദാഹരണംകൊണ്ടിതു വിശദമാക്കാം. മഹാകവി ഉള്ളൂരിൻെറ ഉമാകേരളമഹാകാവ്യത്തിലെ ആദിത്യവർമ്മമഹാരാജാവിൻെറ അമൃതേത്തുരംഗം ഒന്നു വായിച്ചു നോക്കുക. കവി ഉദ്ദേശിക്കുന്നതും നാം ഉറക്കൊള്ളുന്നതുമായ പ്രതീതിക്കിടയിൽ എത്ര ആഴമേറിയ ഒരുൾക്കടലാണു് സ്ഥിതിചെയ്യുന്നതു്! കബന്ധസംയോഗത്താൽ ക്ഷിതിപയുദ്ധഭൂമിയായിത്തീരുന്ന ഒരു ഭോജനരംഗം— അതു രാജാവിൻേറതല്ല, ഈശ്വരൻേറതാണെങ്കിൽപ്പോലും—നമ്മെ ഛർദ്ദിപ്പിക്കുന്നു. നാം പട്ടിണികിടന്നു നരകിച്ചാലും വേണ്ടില്ല, അവിടെനിന്നു പറപറക്കുന്നു. അതോടൊപ്പം ജോറിസ്കാർൾ ഹൈസ്മാൻസ് എന്ന ഫ്രഞ്ചുസാഹിത്യകാരൻെറ A Rebours എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗവും ഒന്നു വായിച്ചുനോക്കുക. ഹൈസ്മാൻസ് ചിത്രീകരിച്ചിട്ടുള്ളിടത്തോളം നികൃഷ്ടവും പൈശാചികവുമായ രംഗങ്ങൾ മറേറതെങ്കിലും ഗ്രന്ഥകാരൻ സ്വീകരിച്ചിട്ടുണ്ടോ എന്നു സംശയമാണു്. അദ്ദേഹത്തിൻെറ Marthe എന്ന നോവൽ ഇതിനു തികച്ചും സാക്ഷ്യം വഹിക്കുന്നു. A Rebours എന്ന കൃതിയിലെ നായകനായ Des Esseintes ഒരു രാത്രിയിൽ തെരുവിൽവെച്ചു സിഗററ കൊളുത്തുവാൻ തീയിനു

Digitized By Kerala Sahitya Akademi

വേണ്ടിത്തന്നെ സമീപിച്ച പതിനഞ്ചോ പതിനാറോ വയസ്സുള്ള ഒരു ബാലനെ നയത്തിൽ വശത്താക്കി ഒരു വേശ്യാലയത്തിൽ കൂട്ടിക്കൊണ്ടുപോകുന്നു. അവിടത്തെ വേശ്യകളും അവനും ഒന്നുപോലെ അത്ഭുതസ്തബ്ധരാകുമാറു ജീവിതത്തിൽ അന്നാദ്യമായി മാരകമായ സ്ത്രീസ്പർശം അയാൾ, അവനെ അനുഭവിപ്പിക്കുന്നു.......ആ രംഗത്തിന്റെ ചിത്രീകരണം നമ്മുടെ ഹൃദയത്തിൽ എന്തൊരിടിമുഴക്കമാണുണ്ടാക്കുന്നതു്! ആ രംഗത്തിന്റെ ചിത്രീകരണംകൊണ്ടു നമ്മിൽ ഉറങ്ങിക്കിടക്കുന്ന മൃഗീയവികാരങ്ങളെ തട്ടിയുണർത്തണമെന്നല്ല, ഉണർന്നു ലക്കില്ലാതെ പ്രവർത്തിക്കുന്നവയെ കിടുകിടുപ്പിച്ച് അടിച്ചമർത്തണമെന്നാണു് ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും അ- അതിൽ അദ്ദേഹത്തിനു് അത്ഭുതാവഹമായ വിജയം കിട്ടിയിട്ടുണ്ടെന്നും നമുക്കു കാണുവാൻ കഴിയും! "Oh perish Society! Die, Old world' എന്ന അദ്ദേഹത്തിന്റെ അട്ടഹാസം ഫ്രഞ്ചുലോകത്തെ കിടുകിടുപ്പിക്കുകതന്നെ ചെയ്തു.

ഫ്രാൻസ് അസാന്മാർഗ്ഗികങ്ങളായ നടപടികളുടെ കൂത്തരങ്ങായിരുന്നുവെന്നും അക്കാരണത്താലാണു് ഇത്തരം നാറുന്ന സാഹിത്യത്തിനവിടെ പ്രതിഷ്ഠകിട്ടിയതെന്നും നമ്മുടെ ഇടയിൽ ചിലർ പറയാറുണ്ടു്. എനിക്കവരോടു, ഇത്രയേ പറയുവാനുള്ളു. ആഭാസജടിലങ്ങളായ ഇത്തരം കൃതികൾ അനവധി എഴുതിക്കൂട്ടിയ ഫ്രഞ്ചുകാർ അക്കാലത്തു സ്വപ്നത്തിൽപ്പോലും അറിഞ്ഞിട്ടില്ലാത്ത ലക്ഷ ലൈംഗികവൈകൃതങ്ങളിലും, ആദർശാത്മകങ്ങളായ

Digitized By Kerala Sahitya Akademi

ചമ്പൂകാവ്യാദികൾ ആലപിച്ചുകൊണ്ടിരുന്ന കേരളീയർ, അത്യന്തവൈദഗ്ധ്യം പ്രദർശിപ്പിച്ചിരുന്നു......പക്ഷേ അവരും പറയും, സാഹിത്യം ജീവിതത്തിന്റെ പ്രതിഫലനമാണെന്നു്. ജീവിക്കുന്ന ജീവിതത്തെയല്ല സ്വപ്നം കാണുന്ന ജീവിതത്തെയായിരിക്കാം അവർ ജീവിതമെന്നു വിളിക്കുന്നതു്. "പമ്പയെക്കാൾ ഗാംഭീര്യമുള്ള നദികളും, സഹ്യനെക്കാൾ ഔന്നത്യമുള്ള പർവ്വതങ്ങളും, വേമ്പനാട്ടുകായലിനെക്കാൾ വിശാലതയുള്ള ജലാശയങ്ങളും കാണുവാനുള്ള കണ്ണു കേരളീയനില്ലെന്നോ?........ കേരളീയത്വത്തെ മേൽക്കുമേൽ കെട്ടിപ്പട്ടുക്കണമെങ്കിൽ തന്നെ നാം കേരളത്തിൻെറ അപ്പുറം കാണണം, അറിയണം. വിജ്ഞാനത്തോടും ചിന്തയോടും, അവ ആരുടേതായിരുന്നാലും, നാം തീണ്ടലാചരിക്കരുതു്. അവ ജീവിതമാണു്; ജീവൻെറ ജീവനാണു്. നാം സാധിമാനം വിചാരിക്കാറുള്ളതുപോലെ പാശ്ചാത്യൻ വെറും പരിഹാസ്യനോ പൗരസ്ത്യൻ ആരാധ്യനോ അല്ല." (സഹൃദയ. വി. പ്ര: പുറം 37)—പാശ്ചാത്യരുടേയും പൌരസ്ത്യരുടേയും ചിന്താഗതി സൂക്ഷ്മമായി പഠിച്ചിട്ടുള്ള നിരീക്ഷണപടുവായ ശ്രീ. വക്കം എം. അബ്ദുൽ കാദറിൻെറ ഈ അഭിപ്രായം എത്രയും അത്ഥവത്താണു്: സ്വീകാര്യമാണു്. തൃശ്ശിവപേരൂർ പൂരത്തിനെഴുന്നള്ളിക്കുന്ന കൂടലാററപുറത്തെ ആനയുടെ നെററിപ്പട്ടത്തിലെ നട്ടക്കമിളയിലും പാറമേക്കാവമ്പലത്തിലെ പാലത്തറമേൽ ചെലങ്കയും വാളും കലുക്കി തുള്ളിക്കൊണ്ടു നിൽക്കുന്ന വെളിച്ചപ്പാടിൻെറ അരമണികളിലുമാണു് കേരളീയത്വം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതെന്നു വിശ്വ

Digitized By Kerala Sahitya Akademi

സിക്കകയും അറിവില്ലായ്മയാൽ പാശ്ചാത്യസാഹിത്യത്തെ പുച്ഛിക്കയുംചെയ്യുന്ന കവിമാനികഠം ഈ തത്വം അറിഞ്ഞിരുന്നെങ്കിൽ!

അശ്ലീലമെന്നപഹസിക്കപ്പെടുന്ന രംഗങ്ങളും വർണ്ണനകളും ഏററവുമധികം കയറിപ്പററിയിട്ടുള്ളതു യഥാൎത്ഥത്തിൽ സംസ്കൃതസാഹിത്യത്തിലും അതിനെ അനുകരിച്ച പ്രാചീനഭാഷാസാഹിത്യത്തിലുമാണു്. ഒരൊററ വ്യത്യാസമേ ഉള്ളു: പാശ്ചാത്യസാഹിത്യങ്ങളിൽ ദുർബ്ബലരായ മനുഷ്യരാണു് അത്തരം ചാപല്യങ്ങഠക്കു വിധേയരാകുന്നതെങ്കിൽ, നമ്മുടെ സാഹിത്യങ്ങളിൽ ദേവന്മാരും ജീവാത്മപരമാത്മാക്കളുമാണു് ആ പേക്കൂത്തുകളിൽ മുഴുകിമറിയുന്നതു്. അതു കാണുമ്പോഠം കൈകൂപ്പിക്കൊള്ളണം. ആവക പച്ചത്തെറികഠം പരമവേദാന്തങ്ങളാണു്. അവയ്ക്കിടയിൽ ഒരായിരം അമൂല്യചിഹ്നങ്ങളും തത്വഭാണ്ഡങ്ങളും കുത്തിത്തിരുകിയിട്ടുണ്ടത്രേ! 'ആലിലപോലെയിരുന്ന മണിവയറെങ്ങനെ വീൎത്തിതെടീ—കുറവീ, എങ്ങനെ വീൎത്തിതെടീ?' എന്നിത്യാദി തെറിപ്പാട്ടുകഠം തിങ്ങിനിറഞ്ഞ 'കുറത്തിയാട്ടം' എന്ന കലാപ്രദൎശനം പ്രതിഫലംകൊടുത്തു ഗവണ്മെൻറക്ഷേത്രങ്ങളിൽപ്പോലും ഇന്നും നടത്തിവരുന്നതിൽ നമ്മുടെ ആദൎശവാദികളായ സാഹിത്യകാരന്മാൎക്കു് ഒരു പരാതിയുമില്ല. അവിടെ അവരുടെ സന്മാൎഗ്ഗബോധം അണുപോലും ചൂളുന്നുമില്ല. യാതൊന്നിൽനിന്നു ചുരന്നുവന്ന അമൃതപൂരത്താൽ നമ്മുടെ ജീവരക്തം പരിപുഷ്ടമായോ, പരിപാവനമായ ആ 'മുല' എന്ന പദത്തെ പാഠപുസ്തകങ്ങളിൽ നക്ഷത്രചിഹ്നങ്ങളിട്ടു തള്ളി ഇളംകുഞ്ഞുങ്ങ

Digitized By Kerala Sahitya Akademi

ളിൽ സദാചാരബോധം കുത്തിവെയ്ക്കുവാനായി നമ്മുടെ ബഹുമാനപ്പെട്ട സാഹിത്യകാരന്മാർ ഉദ്യമിക്കുമ്പോഠം, അവരുടേയും നമ്മുടേയും കുഞ്ഞുങ്ങഠം സന്ധ്യാസമയത്തു നിലവിളക്കിന്റെ മുമ്പിൽ ചടഞ്ഞിരുന്നു കൃപ്പുകൈക ളോടെ

"പാലാഴിമങ്കതൻ കൊങ്കപുണരുന്ന
കോലമെന്നുള്ളത്തിൽ കാണാകേണം."

എന്നിങ്ങനെ ഭക്തിപാരവശ്യത്തോടെ മുറവിളികൂട്ടുന്നതു രസാവഹമായിരിക്കുന്നില്ലേ? ദേശാഭിമാനത്തിന്റെ ഈറ്റുവെയ്പായി വാഴ്ത്തപ്പെടുന്ന മഹാകവി, വിലപിടിച്ച സമ്മാനങ്ങളാൽ ആകൃഷ്ടനായി ഒരു നാട്ടുരാജാവിന്റെ തൃപ്പാദങ്ങളിൽ സ്തുതിഗീതങ്ങഠം കാഴ്ചവെയ്ക്കുന്നതു കാണുമ്പോഠം ഉണ്ടാകുന്ന ആ പന്തികേട് ഇവിടേയും നമുക്കനുഭവപ്പെടുന്നില്ലേ? ഭാവിസന്താനങ്ങളുടെയെങ്കിലും സദാചാരത്തിൽ താൽപര്യമുള്ളവർ ആവക പടങ്ങഠം അവരെക്കാഠം ബാലിശമായ രീതിയിൽ പാഠപുസ്തകങ്ങളിൽ കുത്തിട്ടു തള്ളുകയല്ല, അവക്കു നന്നേ ചെറുപ്പം മുതൽക്കുതന്നെ ലിംഗബന്ധപരമായ വിദ്യാഭ്യാസം നല്കുന്നതിലേയ്ക്കു പരിശ്രമിക്കുകയാണു് വേണ്ടതു്. നിഷ്കളങ്കത നിറഞ്ഞുതുളുമ്പുന്ന ശിശുക്കളുടെ കണ്ണിൽനിന്നു് ആവക പടങ്ങളെ കുത്തിട്ടു മറയ്ക്കുന്നവർതന്നെയാണു്, ഉയന്ന കോളേജുക്ലാസ്സുകളിൽ, പ്രകൃതിശക്തിയാൽ പരസ്പരം ആകർഷിക്കപ്പെടുകയും തൽഫലമായി അനന്തരപരിപാടികളിലേയ്ക്കു് ആനയിക്കപ്പെടുകയും ചെയ്യേയ്ക്കാവുന്ന യുവതീയുവാക്കന്മാർ ഒന്നിച്ചിരുന്നു് അമര്ത്ത

Digitized By Kerala Sahitya Akademi

പ്പെട്ടന്ന പുഞ്ചിരിയോടും ഒളിച്ചെറിയപ്പെട്ടന്ന കൺമുന കളോടുംകൂടി, 'ആററിൽക്കിടന്നു ചില കന്യകമാർ കളിച്ചു നീന്തുന്ന......' എന്നു തുടങ്ങിയ അനേകമനേകം ആഭാസപദ്യങ്ങൾ കുസൃതിക്കാരനായ ലക്ഷ്ചററുടെ മുഖത്തുനിന്നു വ്യാഖ്യാനപൂർവ്വം കേട്ടുപഠിക്കുവാനിടയാകുന്നതെന്നും പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു...... ഫൈഡസ്മാൻസിൻെറ കൃതിയെ ആഭാസമെന്നു് അവഹേളിക്കുന്നവരോട്ട ഞാൻ പറയുന്നു, 'ലോകത്തിൽ ഏററവും മഹാപാപിയായ കവി, ചണ്ഡാളനായ കവി, ജനിച്ചിട്ടുള്ളതു കേരളത്തിലാണെന്നു്.

"സൌവർണ്ണകിങ്ങിണി കിലുങ്ങെ മുദാ കമിണ്ണാ-
ളാരോമലമ്പൊടു ചിരിച്ചു ചിരിച്ചു കാഞ്ചേധ
മേലിൽത്തിരണ്ട പുരുഷായിതസൂത്രധാര-
ശ്രീമൽപ്രവേശമിവ കോമളഗാത്രവല്ലി"

എന്ന പൈശാചപദ്യമടങ്ങിയ "ചന്ദ്രോത്സവ"ത്തിൻെറ കത്താവിനെപ്പോലെ ആഭാസനായ ഒരു കവി ഒരുകാലത്തും ഒരു ദേശത്തും ജനിച്ചിട്ടില്ല. ദൈവികതത്തിന്റെ നിദർശനമായ നിഷ്കളങ്കശൈശവം ഏതു പിശാചിൻേറയും ഹൃദയത്തെ മൃദുമസൃണമാക്കിച്ചമയ്ക്കുന്നു. നമ്മുടെ മഹാകവിയുടെ ഹൃദയമാകട്ടെ, ഒന്നു സങ്കല്പിക്കാൻപോലും സാദ്ധ്യമല്ലാത്തവിധത്തിൽ പുഴുത്തുനാറി കാട്ടുകയാണു. അതും ലോകോത്തരകാവ്യമാണത്രേ! അതിൻെറ കത്താവിൻെറ ഊരും പേരും കിട്ടാൻ ഊഴിമാന്തിയുഴലുന്ന ഗവേഷണപ്പെരുച്ചാഴികൾ മുഖത്തോടുമുഖം നോക്കിനിന്നു പല്ലിളിച്ചു ചീററിക്കൊണ്ടു പരസ്പരം മല്ലടി

Digitized By Kerala Sahitya Akademi

കുന്നു! ഇതൊക്കെക്കാണുമ്പോൾ എത്ര അടക്കമുള്ള മനസ്സും അല്പമൊന്നു കതറുന്നെങ്കിൽ അത്ഭുതപ്പെടാനില്ല. രണ്ടു യുവതികളുടെ സ്വവർഗ്ഗഭോഗാസക്തിയെ വിഷയമാക്കി കവിതയെഴുതിയ സ്വിൻബേൺപോലും ഇളംകുഞ്ഞുങ്ങൾ പിച്ചനടക്കുമ്പോൾ വീണു കേടുതട്ടാതെ, വെള്ളച്ചിറകൊതുക്കി അദൃശ്യരായ ദേവതകൾ അവരെ പ്രേമപൂർവ്വം അനുഗമിക്കുന്നതായി, പുളകംകൊള്ളിക്കുന്ന രീതിയിൽ വർണ്ണിച്ചിട്ടുണ്ടെന്നു് ഈ സന്ദർഭത്തിൽ ഓർത്തിരിക്കേണ്ടതാണു്. സദാചാരസംരക്ഷകന്മാരെന്നു ഭാവിക്കുന്ന നമ്മുടെ ചില സാഹിത്യകാരന്മാർ മി. വൈക്കം മുഹമ്മദ്ബഷീറിന്റെ "ശബ്ദങ്ങൾ" എന്ന കൃതി വായിച്ചാൽ ബോധംകെട്ടുവീഴുകയില്ലേ എന്നുകൂടി ഞാൻ സംശയിച്ചുപോകുന്നു.

* * *

നമ്മുടെ ഭാഷയുടേയും സാഹിത്യത്തിന്റേയും പരിണാമഗതി പരിശോധിക്കുന്നപക്ഷം ഓരോ പടിയിലും ആന്തരികമായ ചൈതന്യത്തിന്റെ പാദമുദ്രകൾ പതിഞ്ഞിട്ടുള്ളതായും, കാലികമായ പ്രേരണകളിൽനിന്നും അഭിനവമായ വികാസസൌഭാഗ്യം അതിനു കൈവന്നിട്ടുള്ളതായും വെളിപ്പെടുന്നതാണു്. കാലാനുസൃതങ്ങളായ പരിഷ്കാരപരിപാടികളിൽ പരാങ്മുഖത്വം പ്രദർശിപ്പിച്ചിരുന്നെങ്കിൽ,

"തരതലന്താനളന്തവിളന്തപൊന്നൻതനക
ചെന്താർ വിരിന്ത മൽബാണൻതന്നേ
കരമരിന്ത പെരുന്താനവന്മാരുടെ
കരളരിന്ത പുരാനേ, മുരാരീ, കണാ

Digitized By Kerala Sahitya Akademi

ഒരുവരന്താ പെരുന്താമമേ നീ കനി-
ന്നുരകചായീ പിണിപാപ്പ്നിന്തവണ്ണം
ചിരതരം താൾചണിന്തേനയ്യോ താങ്കെന്നെ_
ത്തിരുവനന്തപുരം തങ്കമാനന്തനേ!

എന്നിങ്ങനെ ഇന്നു നമുക്കു വിചിത്രമായിത്തോന്നുന്ന ഗാനങ്ങളിൽ പററിപ്പിടിച്ചിരുന്ന നമ്മുടെ ഭാഷ,

"സംസ്കൃതമാകിന ചെങ്ങഴിനീരും
നററമിഴാകിന പിച്ചകമലരും
ഏകകലന്നു"

പരിമളം തുളുമ്പുന്ന കമനീയങ്ങളായ 'കരമ്പകമാലകൾ' കണ്ഠത്തിൽച്ചാർത്തി,

"ഒരുനാൾ വന്നു പിറക്കും പിന്നെ-
യുടൽവളരും ബാലപ്രായം പോം
തെരുതെരെ മുററം തേയും മായും
തേറുകിലാറും ദേഹപ്രകൃതികൾ"

എന്ന തത്വം ശരിയായി മനസ്സിലാക്കി നവംനവങ്ങളായ വിലാസപരിപാടികളെ സന്തോഷപൂർവ്വം സ്വാഗതം ചെയ്തു",

"വണ്ടിണ്ട തങ്ങളിൽക്കൂടിക്കലർന്നുടൻ
മണ്ടുന്നതെങ്ങമേ നോക്കി നോക്കി,
തൂകുന്ന കോകിലം തന്നോടു നേരിട്ടു
ഗീതികൾ നീതിയിൽ പാടിപ്പാടി,
തേനുററ പൂവുകൾ മെല്ലെപ്പറിച്ചുടൻ
മാനിച്ചു വേണിയിൽ ചൂടിച്ചൂടി,

Digitized By Kerala Sahitya Akademi

ഞെഞ്ചിൽ നിറഞ്ഞോരും കൌതുകം തന്നാലെ
പുഞ്ചിരി സന്തതം തൂകിത്തൂകി,
അന്നത്തിൻപേടയ്ക്കു മെല്ലെ നടത്തംകൊ-
ണ്ടല്ലലെയുള്ളത്തിൽ നല്കിനല്കി,
കന്തളംകൊണ്ടു തൻക്രൂട്ടരെ നേത്തിട്ടു
മണ്ടിവരുന്നൊരു വണ്ടിനത്തെ,
ലീലയ്ക്കു തൻകൈയാൽ ചേത്തൊരു താമര-
പ്പൂവുകൊണ്ടങ്ങുടൻ പോക്കിപ്പോക്കി,"
ആകഷ്കാംഗിയായ ഒരു ദേവനത്തകിയെപ്പോലെ,

"കോകശ്രേണീവിരഹനിഹിതം
തീന്നവങ്ങെൻറപോലേ
തൂകിത്തൂകിത്തുഹിനകണികാം
തുന്ന പൂങ്കാ"

വുകളിൽ സൈ്വരമായി വിഹരിച്ചു്,

"മന്ദീഭൂതേ ജനൌഘേ പരിമളബഹുളാം
കൈയിലാദായ മാലാം
മന്ദാരാഭോഗമന്ദസ്മിതമധുരമുഖീ
മംഗലസ്ത്രീസമേതാ,
മന്ദം മന്ദം നയന്തീ ഘനജഘനഭരം
പ്രാഭൃതപ്രായമഗ്രേ
മന്ദാക്ഷാലംകൃതാക്ഷീ മനസിജകലികാ—"

സർവ്വാഡംബരവിഭൂഷിതഗാത്രിയായി, സകലജനമനോ
മോഹിനിയായി സഹൃദയസമക്ഷം പ്രവേശിച്ചു്,

"അൻപത്തൊന്നക്ഷരാളീകലിതതനുലതേ,
വേദമാകുന്ന ശാഖി-

Digitized By Kerala Sahitya Akademi

കൊമ്പത്തമ്പോട്ട പൂക്കും കുസുമതതിയിലേ-
　　ന്തുന്ന പൂന്തേൻകുഴമ്പേ!
ചെമ്പൊൽത്താർബ്ബാണഡംഭപ്രശമനസുകൃതോ-
　　പാത്തസൌഭാഗ്യലക്ഷ്മീ-
സമ്പത്തേ, കുമ്പിടുന്നേൻ കഴലിണ, വലയാ-
　　ധീശ്വരീ, വിശ്വനാഥേ!"

എന്നിങ്ങനെ ആത്മാവിനെ കോൾമയിർക്കൊള്ളിക്കുന്ന സജീവപ്രാർത്ഥനയോടും,

"കാന്താരേ ഹന്ത മാം ബന്ധുരവിപുലതരേ
　　സിന്ധുരേന്ദ്രാതിഘോരേ
കാന്താരേ പേർത്തുമിട്ടേച്ചിഹ സപദി ഭവാ-
　　നെങ്ങുപോയീ, ഗുണാബ്ധേ?
താന്താനത്യുരവട്ടം നിജഗമനവിധൌ
　　യാത്രയും ചൊല്ലിയേച്ചേ
താന്താമെന്നെപ്പിരിഞ്ഞിട്ടൊരു പദമിളക്കു
　　പണ്ടു നീ പുണ്യരാശേ!"

എന്നു ഹൃദയത്തിന്റെ നിഗൂഢതലങ്ങളെപ്പോലും അള്ളിപ്പിടിക്കുന്ന വികാരഭരിതമായ വിലാപധാരയോടുംകൂടി, പടിപടിയായിക്കടന്നുവന്നു്, ഇന്നിപ്പോൾ അകൃത്രിമ രമണീയമായ രീതിയിൽ,

"വായനക്കാർക്കിഷ്ടമാണെങ്കിൽ സങ്കല്പ-
വായുവിമാനത്തിലേറിയാലും,
പ്രീതരായ് സഞ്ചാരം ചെയ്യാം നമുക്കെല്ലാം
ഭൂതകാലാകാശവീഥിയിങ്കൽ."

Digitized By Kerala Sahitya Akademi

എന്ന ഭാവഭാസുരമായ ഒരു ഭാവനാന്തരീക്ഷത്തിലേയ്ക്കു നമ്മെ ക്ഷണിക്കുകയും,

"ജ്ഞാനംതാൻ ക്ഷണവൃത്തി; ബുദ്ധിയിമ-
വെട്ടുമ്പോളിടയ്ക്കൊത്തമ-
സ്ഥാനം കാണുവതില്ലലാതവലയ-
ത്തോടൊത്ത വേഗത്തിനാൽ;

നൂനം, ഹാ, ക്ഷണമൃത്യുവിങ്ങനുദിനം
നിദ്രാഖ്യമായ് ദീർഘമാ-
മൂനം വിട്ടതു നീണ്ടനന്തരമിതാം
വിശ്രാന്തി ജന്തുക്കളിൽ!"

എന്നിങ്ങനെ ആത്മാവേശകമായ അലൌകികഭാഷയിൽ തത്ത്വചിന്തയുടെ അസീമസാമ്രാജ്യത്തിലേയ്ക്കു മാന്ത്രികശക്തിയാലെന്നപോലെ നമ്മെ ആനയിക്കുകയും,

"എൻകൊച്ചുകൈപ്പിടിയ്ക്കുള്ളിലൊതുങ്ങുമി-
ത്തങ്കക്കുടത്തെ ബ്രഹ്മാണ്ഡമാക്കി,
വീണ്ടുമെൻ കൈയിലൊതുക്കിത്തരുന്നു, ഹാ,
നീണ്ടുനിൽക്കുന്ന നിന്നിന്ദ്രജാലം!
ഇമ്മറ നീങ്ങിയൊന്നങ്ങയെക്കാണുമോ
നിർമ്മലനിഷ്കളപ്രേമമേ, ഞാൻ!"

എന്നു്, പ്രപഞ്ചത്തിലെ നാനാത്വങ്ങളിലൂടെ ഏകത്വത്തിന്റെ പ്രേമാത്മകമായ അനശ്വരചൈതന്യത്തേയും അതിന്റെ അപ്രമേയമായ മഹിമാവിലാസത്തേയും ആത്മീയദർശനങ്ങളാൽ ആവിഷ്കരിച്ചു്, അവയ്ക്കു കലാസുഭഗമായ രൂപം കൊടുക്കുകയും,

Digitized By Kerala Sahitya Akademi

"ജന്മസിദ്ധമാം പദം പുണ്യലബ്ധമെന്നോർത്ത്
വന്മദം ഭാവിക്കുന്നൊരുന്നതനക്ഷത്രമേ,
വെമ്പുക, വിളറുക, വിറകൊള്ളുക, നോക്കൂ
നിൻപുരോഭാഗത്തതാ ധീരധ്വജസ്സാം 'നാളെ!"

എന്നിങ്ങനെ ആസന്നമാകുന്ന പരിവർത്തനനാടകത്തിന്റെ സൂത്രധാരകർമ്മം വശ്യവാഗ്മിതയോടെ നിർവ്വഹിക്കുകയും,

"ആഹ്ലാദിക്കൂ, ഹൃദയമേ,
ആഹ്ലാദിക്കൂ!
റഷ്യൻസൈനികനു ജൈത്രപടഹമടിക്കൂ!
സമരകൌതുകമല്ല, അവന്റെ വാളിൽ,
തീവ്രയാതനയുടെ നാളിൽ, പുഞ്ചിരിക്കൊള്ളുന്നത്!
സമാധാനത്തിനുള്ള മോഹം, മനുഷ്യത്വത്തോടുള്ള സ്നേഹം, ആണ്.
വിയർപ്പും കണ്ണീരും ചോരയുംകൊണ്ട്, അവന്റെ ദുർജ്ജയമായ വാറം പവിത്രമായ കൈയിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു,
അവസാനംവരെ ആ പിടി അഴയുകയില്ല.
അഹിംസാവ്രതിയാണ്, ആ വാറം.
ആഹ്ലാദിക്കൂ, ഹൃദയമേ,
ആഹ്ലാദിക്കൂ!
മനുഷ്യത്വത്തിന്റെ വിജയോന്മാദത്തിൽ മത്തടിക്കൂ!"

Digitized By Kerala Sahitya Akademi

എന്നിങ്ങനെ ശുഭാപ്തിവിശ്വാസത്തിന്റെ ലഹരിയിൽ, ഉജ്ജ്വലപരിവേഷത്തോടുകൂടി ദൃശ്യമാകുന്ന ഭാവിയുടെ സാങ്കല്പികദർശനത്താൽ ഉദ്ദീപ്തവും വികാരവിക്ഷുബ്ധവുമായ ഹൃദയത്തിന്റെ അനിയന്ത്രിതാഹ്വാനങ്ങളെ, കൃത്രിമമായ അകൃത്രിമത്വത്തോടെ, മനസ്സിരുത്തിപ്പഠിച്ച അശ്രദ്ധയോടെ, തന്മയത്വം തുളുമ്പുന്ന രീതിയിൽ ആവിഷ്കരിക്കുകയും ചെയ്യുന്ന, അടിയുറച്ച, അഭിമാനാർഹമായ ഒരു സാഹിത്യസമ്പത്തിനു് അധിനായികയായിത്തീരുമായിരുന്നോ എന്നു ചിന്തിച്ചുനോക്കുക!

അതീതകാലങ്ങളിലേയ്ക്കു കണ്ണോടിക്കുമ്പോൾ ഇന്നിതുവരെ ഭാഷാസാഹിത്യത്തിനു് ഉൽക്കർഷമല്ല, അപകർഷമാണുണ്ടായിട്ടുള്ളതെന്നു് ആർക്കു പറയാൻ കഴിയും? പദ്യവിഭാഗത്തെസ്സംബന്ധിച്ചുമാത്രമല്ല ഈ പരമാർത്ഥം സാധുവാകുന്നതു്. സാഹിത്യത്തിന്റെ ഏതേതു ശാഖകൾ പരിശോധിച്ചാലും ആശാസ്യമായ പുരോഗമനം സ്പഷ്ടമായിക്കാണാം. "കുന്ദലത"മുതൽ "പതിതപങ്കജം" "സുധ", "ബാല്യകാലസഖി", "ഓടയിൽനിന്നു്" എന്നിതുവരെയുള്ള ആഖ്യായികകളും; "സദാരം", "ഹരിശ്ചന്ദ്രചരിതം" എന്നിവമുതൽ "മുല്ലയ്ക്കൽ ഭവനം", "പൊലിഞ്ഞ ദീപം", "ഭഗ്നഭവനം", "നിഴലുകൾ", "ഋതുമതി", "സമത്വവാദി" എന്നിതുവരെയുള്ള നാടകങ്ങളും, കെ. രാമകൃഷ്ണപിള്ളയുടെ ലേഖനങ്ങൾമുതൽ "മാററൊലി", "അന്തരീക്ഷം", "സാഹിതീയം" ഏ. ബാലകൃഷ്ണപിള്ള ഗുപ്തൻനായർ എന്നിവരുടെ ലേഖനങ്ങൾ, എന്നിവവരെയുള്ള വിമർശനങ്ങളും സൂചിപ്പിക്കുന്നതു പടിപടിയായുള്ള പുരോഗമനമല്ലെങ്കിൽ പിന്നെന്താണു്? എന്നാൽ

Digitized By Kerala Sahitya Akademi

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്: ചെറു കഥ, നോവൽ, ഗദ്യനാടകം, വിമർശനം — ഈ സാഹിത്യശാഖകൾക്കു വികാസം സിദ്ധിച്ചതു് അടുത്ത കാലത്താണു്. ആയിരക്കണക്കിനു് നമുക്കു നോവലുകൾ ഉണ്ടു്. പക്ഷേ ഇന്ദുലേഖയോ, ശാരദയോ, സി. വി. യുടെ കൃതികളോ ഒഴിച്ചു്, നമ്മുടേതായി എത്ര നോവലുകളുണ്ടെന്നു ചിന്തിക്കുമ്പോഴാണു് നാം നിരാശരാകുന്നതു്. ആധുനിക ചെറുകഥാപ്രസ്ഥാനത്തിനു് വിത്തുപാകിയതു തകഴിയുടെ 'വെള്ളപ്പൊക്ക'ത്തിൽ (പുതുമലർ) എന്ന കഥയും, നോവലിനു മുത്തിരിങ്ങോടിന്റെ 'അഫന്റെ മകളും', ഗദ്യനാടകത്തിനു് കെ. രാമകൃഷ്ണപിള്ളയുടെ 'തപ്തബാഷ്പ'വുമാണെന്നു കൃതജ്ഞതാപൂർവ്വം നാം ഓർക്കേണ്ടിയിരിക്കുന്നു. 'തൂലികാചിത്ര'രചനയ്ക്കു ശ്രീ. വക്കം അബ്ദുൽകാദറിനോടും, വിമർശനത്തെ ഒരു കലയാക്കി രൂപാന്തരപ്പെടുത്തിയതിനു് ശ്രീ. മുണ്ടശ്ശേരിയോടും, വിശ്വസാഹിത്യത്തെ മലയാളികൾക്കു് ആദ്യമായി പരിചയപ്പെടുത്തിക്കൊടുത്തതിനു്, അവരുടെ നിർഭാഗ്യംകൊണ്ടു നിന്നുപോയ "കേസരി" പത്രത്തോടും കൈരളി എന്നെന്നും കൃതജ്ഞയായിരിക്കും. ലൈംഗിക ശാസ്ത്രം, മനശ്ശാസ്ത്രം, ധനതത്വശാസ്ത്രം, ജന്തുശാസ്ത്രം, ജ്യോതിശ്ശാസ്ത്രം എന്നിവ ലളിതമായ രീതിയിൽ സാഹിത്യരസം കലർത്തി, എഴുതപ്പെട്ടിട്ടുള്ളതു് അടുത്ത കാലത്താണു്. ശ്രീമാന്മാരായ നാലപ്പാട്ടു നാരായണമേനവൻ, പി. എൻ. മൂസ്സതു്, കെ. ഭാസ്കരൻനായർ, എൻ. ജി. കർത്താ എന്നിവർ ആ തുറകളിലെ നായകന്മാരാണു്. മനശ്ശാസ്ത്രം, മാനസികാപഗ്രഥനം മുതലായ വിഷയങ്ങ

Digitized By Kerala Sahitya Akademi

ളെപ്പററി സവിസ്തരം പ്രതിപാദിക്കുന്ന ശാസ്ത്രഗ്രന്ഥങ്ങൾ നമുക്കില്ലെന്നുതന്നെ പറയാം. നാലപ്പാടനോ ഭാസ്കരൻനായരോ അതിൽ ശ്രദ്ധ പതിച്ചിരുന്നെങ്കിൽ നമ്മുടെ സാഹിത്യത്തിനു് എന്തൊരനുഗ്രഹമാകുമായിരുന്നു!

ഗദ്യസാഹിത്യത്തിനു—വിശേഷിച്ചും കഥാസാഹിത്യത്തിനു്—അടുത്തകാലത്തു് അത്ഭുതാവഹമായ വികാസം സിദ്ധിച്ചിട്ടുണ്ടെന്നു കാണാം. "പാവങ്ങളു"ടെ ആവിർഭാവമാണു് ഈ പരിവർത്തനത്തിനു് അടിത്തറ കെട്ടിയതെന്നു് അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. തകഴിയുടേയും, ബഷീറിൻേറയും, ദേവിൻേറയും, കാരൂരിൻേറയും, പൊൻകുന്നം വർക്കിയുടേയും ഗദ്യശൈലിക്കു് അവരുടെ കഥാപാത്രങ്ങളും കഥാരംഗങ്ങളുമായിട്ടുള്ള പൊരുത്തം അത്ഭുതകരമാണു്. തൂലികയുടെ ഒരു നേരിയ ചലനംകൊണ്ടു് അസീമമായ ഒരു വികാരമണ്ഡലത്തിൻെറ ആവിഷ്ക്കരണം അവർ എത്ര നിഷ്പ്രയാസം നിർവ്വഹിക്കുന്നു! ശ്രീ. ടി. എൻ. ഗോപിനാഥൻനായരുടെ "സുധ" എന്ന കൃതിയും ഇതിനു് ഉത്തമോദാഹരണമാണു്. യാതൊരാഡംബരകോലാഹലങ്ങളുംകൂടാതെ ഹൃദയവികാരങ്ങളെ അതേപടി അന്യഹൃദയങ്ങളിലേയ്ക്കു പകരുവാനും, മാച്ചാലും മാച്ചാലും മനസ്സിൽനിന്നു മാഞ്ഞുപോകാത്തതരത്തിൽ വസ്തുക്കളെ അവയുടെ തികഞ്ഞ സ്വാഭാവികതയോടെ ചിത്രീകരിക്കുവാനും ഈ ഗ്രന്ഥകാരന്മാർക്കും അവരുടെ അകൃത്രിമവും സജീവവുമായ ഗദ്യശൈലിക്കും ഉള്ള കഴിവിനെക്കുറിച്ചു് ആരാണു് അഭിനന്ദിക്കാത്തതു്! സംസ്കൃതപക്ഷപാതികളും മാമൂൽ

Digitized By Kerala Sahitya Akademi

പ്രിയന്മാരുമായ സാഹിത്യകാരന്മാർ, തങ്ങൾ പൂവിട്ടു പൂജിക്കുന്ന സംസ്കൃതത്തിനോട് ഈ ഗദ്യശൈലിക്കു എന്തു കടപ്പാടാണുള്ളതെന്നു്, ഒന്നു വിശദമാക്കിയാൽ കൊള്ളാം:

പദ്യത്തേക്കാൾ ഗദ്യശാഖയാണു് യൂറോപ്യൻസാഹിത്യത്തോട് അധികം കടപ്പെട്ടിരിക്കുന്നതു്. ഒന്നാംകിടയിലുള്ള ലോകോത്തരങ്ങളായ അനേകം ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ അടുത്തകാലത്തു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. "കുററവും ശിക്ഷയും", "പ്രണയരംഗം", "കാമുകൻ", "ബുഭുക്ഷ", "പ്രേതങ്ങൾ", "മുല്ലയ്ക്കൽ ഭവനം" തുടങ്ങിയ കൃതികൾ ഇതിനുദാഹരണമായി എടുക്കാം. മംഗളോദയം കമ്പനി "വിശ്വസാഹിതി" എന്ന പേരിൽ, വിശ്വസാഹിത്യത്തിലെ മികച്ച കൃതികൾ വിവർത്തനംചെയ്യിച്ചു പ്രസിദ്ധപ്പെടുത്തുന്നതിലേയ്ക്കായി, ഒരു ഗ്രന്ഥാവലി ആരംഭിച്ചിട്ടുള്ളതു നമ്മുടെ ഭാഷയ്ക്കു വിലമതിക്കാവതല്ലാത്ത ഒരു നേട്ടമായിത്തീരുമെന്നുറപ്പു കരുതാം. ഭാഷാസ്നേഹികളായ കഴിവുകളുള്ള യുവാക്കന്മാർ ഈ പ്രസ്ഥാനത്തെ പോഷിപ്പിക്കേണ്ടതു് അവരുടെ കടമയായിക്കരുതുമെന്നു ദൃഢമായി വിശ്വസിക്കുകയും, ആ ഗ്രന്ഥാവലിയുടെ പ്രസിദ്ധീകരണാധിപന്മാർ എന്ന നിലയിൽ ഞാനും മി. മുണ്ടശ്ശേരിയും അതിനായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ സാഹിത്യം അധികമധികം ജനകീയമായിത്തീരുവാനും, പുതിയപുതിയ പ്രസ്ഥാനങ്ങൾ രൂപമെടുക്കുവാനും ഇടയാകണമെങ്കിൽ പാശ്ചാത്യസാഹിത്യം ആസക്തിയോടും ശ്രദ്ധയോടുംകൂടി പഠിച്ചാസ്വദി

Digitized By Kerala Sahitya Akademi

യ്യേണ്ടതു് അത്യാവശ്യമാണു്. സംസ്കൃതംകൊണ്ടു ഇനി നമുക്കു വലിയ മെച്ചമുണ്ടാകുവാൻ വഴിയില്ല. നമ്മുടെ സാഹിത്യത്തെക്കുറിച്ചു പഴമക്കാക്കു അതിർകവിഞ്ഞ ദുരഭിമാനം ദൂരീകരിക്കുവാനുള്ള ആദ്യത്തെ മാർഗ്ഗം യൂറോപ്യൻസാഹിത്യത്തിലെ ഉത്തമകൃതികളെ മലയാളികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുകയാണു്. അനേകസംവത്സരങ്ങളായി കാവിവസ്ത്രത്തിൽ പൊതിഞ്ഞു വെച്ചിട്ടുള്ള ഈ ആദർശഭ്രാന്തും, അതിനെപ്പുലർത്തുന്ന സ്വപ്നസാഹിത്യവും മനുഷ്യനിനിയും മടുത്തിട്ടില്ലെങ്കിൽ, അതിന്നർത്ഥം അവൻ പുരോഗമനത്തിൻെറ ശത്രുവും മാമൂലിൻെറ അടിമയുമാണെന്നാണു്. സമുദായം പുഴുത്തിരിക്കുന്നു. ആ പരമാർത്ഥം അതിനറിയാം. എന്നിരുന്നാലും, ശ്മശാനരംഗത്തിൽ ഉപഗുപ്തനെക്കണ്ടപ്പോൾ വാസവദത്തയെന്നപോലെ, പുരോഗമനസംരംഭത്തിനു മുൻപിൽ അതു് അതിന്റെ മാലിന്യങ്ങളെ നിഷ്ഫലമായി മറച്ചുപിടിക്കാൻ ശ്രമിക്കുകയാണു്. അതിന്റെ മാലിന്യങ്ങളെ വെളിച്ചത്തുതന്നെ പരിശോധിച്ചു വേണ്ട ചികിത്സചെയ്യണം. അല്ലാതെ, ആദർശത്തിൻെറ മന്ത്രം ആയിരം പ്രാവശ്യം ഉരുക്കഴിച്ചു തീർത്ഥജലം തളിച്ചതുകൊണ്ടൊന്നും യാതൊരു വിശേഷവുമില്ല. വിഷാണുക്കളെ നശിപ്പിക്കാൻ അവയെക്കാൾ ശക്തിയേറിയ വിഷം കുത്തിവെച്ചെങ്കിൽമാത്രമേ ഒക്കൂ!

അന്ധമായ വീരാരാധന സ്ഥാനത്തും അസ്ഥാനത്തും നമ്മെ ഇന്നും കമ്പംപിടിപ്പിക്കുന്നുണ്ടു്. കേരളവർമ്മദിനാഘോഷങ്ങളും സഞ്ജയസ്മാരകകോലാഹലങ്ങളും മററം ഇതിനുത്തമദൃഷ്ടാന്തങ്ങളാണു്. നമുക്കു സഞ്ജയനെ

Digitized By Kerala Sahitya Akademi

അടുത്തൊന്നു പരിശോധിച്ചുനോക്കാം. ഒരു യഥാൎത്ഥ ഹാസസാഹിത്യകാരൻ എന്ന നിലയിൽ സഞ്ജയനി ലേയ്ക്കു ചുഴിഞ്ഞുനോക്കുമ്പോൾ ഇത്ര വലിയ ഒച്ചപ്പാടു കൾക്കൊന്നും നാം ഇടം കാണുന്നില്ല. ഫലിതത്തിൽ ഇ. വി. യേയോ, ഹാസ്യാനുകരണവൈദഗ്ദ്ധ്യത്തിൽ സീതാരാമനേയോ സമീപിക്കുവാൻ സാധിക്കാത്ത ഒരു മൂന്നാംകിട സാഹിത്യകാരൻ എന്നതിൽക്കവിഞ്ഞു സ ഞ്ജയനിലെന്തുണ്ടു്? ഫലിതമൂൎത്തികളായ നമ്പൂതിരിമാ രുടേയും തോലന്റേയും കുഞ്ചന്റേയും ജന്മഭൂവായ കേര ളത്തിന്റെ സൂക്ഷ്മദൃഷ്ടിക്കു മുൻപിൽ, പക്ഷംപിടിച്ചു വീരാരാധന അന്ധമായി അൎപ്പിക്കുന്ന പ്രചരണാത്മക ങ്ങളായ പരിധിയററ പരിവേഷങ്ങൾ ക്രമേണ മാഞ്ഞു മാഞ്ഞുപോവുകയും, ഒടുവിൽ അവയ്ക്കു പിന്നിൽ, ഉഗ്ര മായ ലോകവിദ്വേഷത്തേയും തന്നിഷ്ടത്തേയും മനഃപൂൎവ്വം മറച്ചുപിടിക്കുവാൻ, പച്ചച്ചിരികളേയും കൂക്കുവിളികളേ യും കൂട്ടുവിളിച്ചു ലക്കില്ലാതെ കൂത്തടിക്കുന്ന വാശിപി ടിച്ച ദോഷൈകദൃക്കായ ഒരു ദുർബ്ബലവിദൂഷകനെമാത്രം കാലം ബാക്കിനിൎത്തുകയും ചെയ്യുകയില്ലെന്നുറപ്പുകരുതു വാൻ കുറെപ്പേരൊത്തുചേൎന്നുറപ്പിച്ചുമൂളിയതുകൊണ്ടുമാ ത്രം മതിയാകുമോ എന്നു ഞാൻ സംശയിക്കുന്നു. ചില പ്രത്യേകതാൽപര്യങ്ങളുടെ സങ്കുചിതമേഖലയിൽ പ്രവ ൎത്തിച്ചുകൊണ്ടിരുന്ന, കൃത്രിമമായ ഹാസ്യച്ഛായം പുര ട്ടിയ തൂവലുകൾ പിഴുതുകളഞ്ഞാൽ സഞ്ജയനിൽ ശേഷി ക്കുന്നതു് അദ്ദേഹത്തിന്റെ യഥാൎത്ഥസത്തയായ മൂപ്പെ ത്താത്ത കവിത്വവും അതിനേക്കാൾ ഉൾക്കട്ടിയുള്ള ഉപ ന്യാസരചനാപാടവത്വവുമാണു്. യഥാൎത്ഥത്തിൽ അ

Digitized By Kerala Sahitya Akademi

ദ്ദേഹത്തിൻെറ പ്രവൎത്തനമേഖല അതായിരുന്നുവെന്നും ഹാസ്യം അദ്ദേഹത്തിനു മനഃപൂൎവ്വം അവലംബിക്കേണ്ടി വന്ന ഒരു കൃത്രിമോപകരണമായിരുന്നുവെന്നും അദ്ദേഹത്തിൻെറ കൃതികൾ സൂക്ഷ്മമായിപ്പഠിച്ചാൽ നിഷ്പ്രയാസം മനസ്സിലാക്കാം. ലാംബിൻെറ ചിരിക്കുപോലും സഞ്ജയൻേറതിനേക്കാൾ ആത്മാൎത്ഥതയുണ്ടായിരുന്നു. വിഷാദാത്മകതയോടു് അദ്ദേഹം വീറോടെ നടിച്ചിരുന്ന വിദ്വേഷംതന്നെ, അദ്ദേഹമവലംബിച്ച കൃത്രിമപ്രസാദാത്മകതയേയും അദ്ദേഹത്തിൽ അന്തൎല്ലീനമായിരുന്ന കനത്ത വിഷാദാത്മകതയേയും മനശ്ശാസ്ത്രദൃഷ്ട്യാ സാധൂകരിക്കുന്ന ഒരൊന്നാംതരം തെളിവാണു്.

ഞാൻ ഇതൊന്നുകൂടി വിശദമാക്കാം.

1930-ൽ അദ്ദേഹം അൎപ്പിച്ച 'തിലോദക'ത്തിൽ കൂടി യഥാൎത്ഥസഞ്ജയനെ നാം കാണുന്നു. അതിൽ ആത്മാൎത്ഥതയുണ്ടു്; അല്ല, അദ്ദേഹത്തിൻെറ ആത്മാവിൻെറ അംശംതന്നെയാണതു്.

"വിരമിക്കുവിനെൻ വയസ്യരേ
തിരിയെപ്പോകുവിനെൻ സഖാക്കളേ!
കരുതേണ്ടിഹ ജീവിതായുധ-
ക്കളരിക്കുള്ളിലിവൻ കടക്കുവാൻ!"

എന്നു ദയനീയമായി വിലപിച്ചുകൊണ്ടു് നീറിപ്പുകയുന്ന ഹൃദയത്തോടുകൂടി ഇതികൎത്തവ്യതാമൂഢനായി മി. എം. ആർ. നായർ കാലത്തിന്റെ അണിയറയ്ക്കുള്ളിൽ കടന്നു് ഒളിച്ചിരിക്കുന്നു. അവിടെനിന്നും പിന്നീടദ്ദേഹം പുറത്തു വരുന്നതു സഞ്ജയൻെറ വേഷത്തിലാണു്. ആ വേഷ

Digitized By Kerala Sahitya Akademi

ത്തിലണിഞ്ഞൊരുങ്ങുവാൻ അദ്ദേഹത്തിന്ന് ആറുകൊല്ലം വേണ്ടിവന്നു. ഇക്കാലമത്രയും അദ്ദേഹത്തിന്റെ ഹൃദയം വിവിധവികാരങ്ങളുടെ ഒരു സമരരംഗംതന്നെ ആയിരുന്നു. ഒടുവിൽ തനിക്കു ജീവിക്കണമെങ്കിൽ ആ വിദൂഷകവേഷം കെട്ടാതെ തരമില്ലെന്നു വന്നുകൂടി. ഹാസ്യത്തിൻെറ ചട്ടയിട്ടു് അദ്ദേഹം വെളിയിലിറങ്ങി. ജന്മസിദ്ധമായ പ്രേരണയല്ല, കാലികമായ ആവശ്യമാണു് അദ്ദേഹത്തെ ആ വേഷം കെട്ടിച്ചതു്. അണിയറയിൽ കഴിച്ചുകൂട്ടിയ കാലമത്രയും അദ്ദേഹം അതിനുവേണ്ട അഭിനയപരിപാടി സജ്ജീകരിക്കയായിരുന്നു; സ്വയം അഭിനയരീതികൾ അഭ്യസിക്കുകയായിരുന്നു. എന്നിട്ടും അദ്ദേഹത്തിന്നു് ആത്മവിശ്വാസത്തോടെ അരങ്ങത്തു വരുവാൻ ധൈര്യം വന്നില്ല.

"അടിയനീ മുടിയഴിച്ചു വെയ്ക്കുവാ-
നനുവാദം കനിഞ്ഞരുളണേ, വിഭോ"

എന്നാണു് അദ്ദേഹം 'കളിയോഗനാഥ'നോടു് അതീവ ദീനനായി കേണിരക്കുന്നതു്. അദ്ദേഹത്തിൻെറ 'കരളുഴറുന്നു'ണ്ടു്, 'കഴൽ പതറുന്നു'ണ്ടു്.

"ഒരു ചിരിപോലും ചിരിക്കുവാനെനിക്കരുതു്...."

എന്നുള്ളതു സഞ്ജയന്റെ പരമാർത്ഥമാണു്; അതേ ആത്മാർത്ഥമായി അദ്ദേഹം ഒരു ചിരിപോലും ചിരിച്ചിട്ടില്ല; നീറുന്ന ആത്മാവോടുകൂടിയ അദ്ദേഹത്തിനതു സാധിക്കയുമില്ല. 'വിഷാദാത്മാവിൽ വിഷം' എന്നദ്ദേഹം പറയുന്നു; ശരിയാണു്—ആത്മാവിൽ അള്ളിപ്പിടിച്ച ആ വിഷത്തെ അദ്ദേഹം കൃത്രിമമായ ഒരു ചിരികൊണ്ടു

Digitized By Kerala Sahitya Akademi

പൊതിയുവാൻ നോക്കി. ആ 'കൃത്രിമച്ചിരി'യുടെ ഭംഗി യില്ലെന്നു ഞാൻ പറയുന്നില്ല; പക്ഷേ ആത്മാർത്ഥമായ ചിരി—അതൊന്നു വേറെ. ഈ. വി. യുടെ ആ ചിരിയു ണ്ടായിരുന്നു. പുലർകാലത്തു മഞ്ഞുതുള്ളികളണിഞ്ഞു മന്ദമന്ദം ഇതൾവിടർന്നുല്ലസിക്കുന്ന പനിമലരുകൾക്കും, വർണ്ണസാമ്യവും മൃദുതവുമുള്ള പട്ടുകൊണ്ടുണ്ടാക്കിയ പ നീർപ്പൂക്കൾക്കും തമ്മിലുള്ള വ്യത്യാസം അവരുടെ ചി രികൾക്കു തമ്മിലുണ്ടു്.

ഹാസസാഹിത്യചക്രവർത്തിയെന്നു കൊട്ടിഗ്ഘോ ഷിക്കപ്പെടുന്ന സഞ്ജയൻ അതേ ആയുധവുമായി തന്നെ ആക്രമിക്കുന്നവരുടെ മുൻപിൽ വീറോടെ എതിർത്തു നിൽക്കുന്നതിനു ധൈര്യപ്പെടാത്ത ഒരു പടച്ചട്ടയില്ലാത്ത പോരാളിയായിരുന്നുവെന്നു് എന്റെ സ്വന്താനുഭവത്തിൽ നിന്നുതന്നെ എനിക്കനുമാനിക്കാൻ കഴിയും. ഞാൻ അ ദ്ദേഹത്തെ കണ്ടിട്ടില്ല. എൻെറ കാവ്യസൃഷ്ടിയിലുള്ള വൈകല്യങ്ങളെ ഹാസ്യഭാവത്തിൽ വെളിപ്പെടുത്തുന്ന അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ ഞാൻ എന്തെന്നില്ലാ തെ രസിച്ചിട്ടുണ്ടു്. എന്നാൽ ഒടുവിലൊടുവിൽ അദ്ദേ ഹത്തിൻെറ ലേഖനങ്ങൾ നിർദ്ദോഷമായ ഹാസ്യത്തിൽ നിന്നും അകന്നകന്നു വെറും വ്യക്തിവിദ്വേഷത്തെ ആ ശ്ലേഷിച്ചു തുടങ്ങിയപ്പോൾ ഞാൻ നേരിട്ടദ്ദേഹത്തെ ആക്രമിക്കാൻ ഒരുമ്പെട്ടു. ജന്മനാ ഒരു ഹാസസാഹിത്യ കാരനല്ലാത്ത എനിക്കു്, അദ്ദേഹത്തെപ്പോലെതന്നെ ശ്രമിച്ചാൽ കൃത്രിമഹാസ്യം കരസ്ഥമാക്കുവാൻ കഴി വുണ്ടാകയില്ലെന്നു കരുതരുതെന്നും, അതിൻെറ

Digitized By Kerala Sahitya Akademi

ആവശ്യം കാണാത്തതുകൊണ്ടു ചാടിപ്പുറപ്പെട്ടാണെന്നും വിവരിച്ച് അദ്ദേഹത്തെത്തന്നെ പരിഹസിച്ചുകൊണ്ടു രണ്ടു പദ്യങ്ങൾ എഴുതി ഞാൻ അദ്ദേഹത്തിനയച്ചുകൊടുക്കുകയുണ്ടായി. അതു 'വിശ്വരൂപ'ത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നും, അങ്ങനെ നേരിട്ടു തുലികാസമരം നടത്തണമെന്നും നിർദ്ദേശിച്ച് ഞാൻ അദ്ദേഹത്തെ വെല്ലുവിളിച്ചു. പക്ഷെ അദ്ദേഹം എന്റെ തുടർച്ചയായിച്ചെന്ന നാലു കത്തുകളിൽ ഒന്നിനെങ്കിലും മറുപടി അയയ്ക്കുകപോലും ചെയ്തില്ല. എന്നാലും ഞാൻ അദ്ദേഹത്തെ സമരഭീരുവെന്നു വിളിക്കുകയില്ലായിരുന്നു.

> "കൊച്ചേട്ടാ, കൈയിലതെന്താണപ്പത്രം?"
> "പിച്ചും പിരാന്തും പുലമ്പുന്ന പത്രം"
> "ആരാണാപ്പത്രം നടത്തുന്ന കോന്തൻ?"
> "പാറപ്പുറത്തെയാസ്സഞ്ജയഭ്രാന്തൻ!"

എന്നുതുടങ്ങിയ ഒരു പദ്യവും,

> "കൈമ്മളാം ചങ്ങാതി കാശിയ്ക്കു പോവാൻ
> ചെമ്മുണ്ടും ചേളാവും ബന്ധിച്ച നേരം
> പിന്നാലെ തൂങ്ങിനാൻ പാറപ്പുറാഢ്യ-
> നൊന്നാംകിട'ക്കേഡി' ശ്രീകൃഷ്ണ കൃഷ്ണ!
> മാറാതെ പിന്നാലെ തൂങ്ങുന്ന വിഡ്ഢിം
> മാറാപ്പുധാരീ സമാലോക്യ കൈമ്മൾ
> ദാരിദ്രവാസീ, സ്വാമീശൻ, പറഞ്ഞൂ
> പാറപ്പുറത്തോടു ശ്രീകൃഷ്ണ കൃഷ്ണ!
> 'കാശറ്റ ദാരിദ്രവാസീ, ഹലാക്കേ,
> കാശീനിവാസം നിനക്കാവതല്ലേ!

Digitized By Kerala Sahitya Akademi

ശാശേ, തമാശാകവേ, വിശപ്പുരൂപം
ഭേഷായ് നടത്തീട്ട ശ്രീകൃഷ്ണ കൃഷ്ണ!
സഞ്ജയൻ പോരേണ്ട പോരേണ്ട ക്രൂവേ
കഞ്ചാവുകള്ളിന്നുപായങ്ങളില്ലേ?
ഹേ, ഘോര, ഗംഗാനദിയുണ്ടവിടെ-
പ്പാപക്ഷതിക്കെന്റെ ശ്രീകൃഷ്ണ കൃഷ്ണ!
ഹോമങ്ങളും, നാനാമഹഷീശവൃന്ദം
ശ്രീമൽപ്രയാഗാദിതീത്ഥങ്ങളുണ്ട്.
ഹാ, മഹാന്മാരുണ്ട പോരേണ്ട ക്രൂവേ
കോമാളിവേഷാത്ഥി, ശ്രീകൃഷ്ണ കൃഷ്ണ!'
'എന്നുററചങ്ങാതി കാശിയ്ക്കുപോയാൽ
പിന്നെയെൻഘോറൊക്കെയാരുണ്ട കേൾക്കാൻ?
നിന്നുടെ വാലിന്മേൽ തൂങ്ങുന്നു ഞാനും'
എന്നാൻ മഹാവിഷ്ണു ശ്രീകൃഷ്ണ കൃഷ്ണ!..."

* * *

എന്നു തുടങ്ങിയ ഒരു ഹാസ്യാനുകരണവും 'കൊള്ളരുതാത്തതെന്നു, തോന്നിയിട്ടദ്ദേഹം പ്രസിദ്ധപ്പെടുത്തിയില്ലെന്നു സമാധാനിക്കാമായിരുന്നു. വ്യക്തിപരമായി ഇതിനെക്കാളം കർശനമായ രീതിയിലാണ് ഒടുവിലത്തെ ലേഖനങ്ങളിൽ അദ്ദേഹം എന്നെ ആക്രമിച്ചിട്ടുള്ളതെന്നും അതിനുശേഷമേ ഞാനിതെഴുതുവാൻ തുനിഞ്ഞിട്ടുള്ളുവെന്നും പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അന്യപത്രങ്ങളിലല്ലാ, അദ്ദേഹത്തിൻെറ സ്വന്തം പത്രത്തിലാണ് ഞാൻ അദ്ദേഹത്തെ ആക്രമിക്കാൻ ഉദ്ദേശിച്ചതു്. അതിനദ്ദേഹം എനിക്കവസരം തന്നില്ല. പക്ഷേ

Digitized By Kerala Sahitya Akademi

അദ്ദേഹം ഒരു ധീരനായിരുന്നെങ്കിൽ, അതുവരെ അനസ്യൂതമായി എന്നെ ആക്രമിക്കുവാൻ മുതിന്നിരുന്ന ആ തൂലിക അതേ വിഷയത്തിൽ കൂടുതൽ ശക്തിയായി പ്രവത്തിക്കേണ്ടതാണു്. പക്ഷേ അങ്ങനെയല്ല സംഭവിച്ചതു്. അതിനുശേഷം മരണംവരെ അദ്ദേഹം എന്റെ പേർപോലും ഒരിടത്തും ശബ്ദിച്ചിട്ടില്ല. എന്റെ 'രക്തപുഷ്പങ്ങൾ', 'സങ്കല്പകാന്തി' എന്നീ കൃതികൾക്കു ഞാൻ എഴുതിയ മുഖവുരയിൽ അദ്ദേഹത്തെ ആക്രമിക്കുകയും, ആ ഭാഗങ്ങൾ ചുവന്ന മഷികൊണ്ടു വരയിട്ടു്, നേരിട്ടദ്ദേഹത്തിനഭിപ്രായത്തിനയച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ അതിനും അദ്ദേഹം ലജ്ജാവഹമായ രീതിയിൽ മൌനം ദീക്ഷിച്ചതേയുള്ളു.

'ആദ്യോപഹാരം' എന്ന കൃതി അദ്ദേഹത്തിന്റെ സ്വാഭാവികമെങ്കിലും അപക്വമായ കവിത്വത്തിനു സാക്ഷ്യം വഹിക്കുന്നു; 'ഹാസ്യാഞ്ജലി'യിൽ നാലോ അഞ്ചോ കൃതികളൊഴികെ ബാക്കിയുള്ളതെല്ലാം കൃത്രിമമായ ചില ഹാസ്യോപകരണങ്ങളുടെ, സമാനഭാവത്താൽ വിരസമായിത്തോന്നുന്ന, ദുർബ്ബലമാതൃകകളായി വത്തിക്കുന്നു. എന്നാൽ അടുത്തകാലത്തു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള 'സഞ്ജയൻ' എന്ന കൃതിയാകട്ടെ ഒരു ഫലിതസാഹിത്യകാരൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ദയനീയമായ പരാജയത്തിനു മൂത്തമായ ഒരു ദൃഷ്ടാന്തമായിത്തീന്നിട്ടുണ്ടു്. എത്ര അന്ധമായ ആരാധനയ്ക്കും ഒരതിരെല്ലാം ആവശ്യമാണു്. "ഇന്നത്തെ മനശ്ശാസ്ത്രം അങ്ങാടിയോ പച്ചയോ എന്നു സഞ്ജയൻ അറിഞ്ഞിരുന്നില്ല" എന്നു ശ്രീ. എ. ബാലകൃഷ്ണപിള്ളയുടെ അഭിപ്രാ

Digitized By Kerala Sahitya Akademi

യത്തിനു് അദ്ദേഹത്തെ അടുത്തു പരിചയമുണ്ടായിരുന്ന മി. കെ. സി. മറുപടി പറയുന്നതു് എത്ര രസാവഹമാണെന്നു നോക്കുക:—

"സൈക്കോളജി എന്നു പറയുന്ന മനശ്ശാസ്ത്രത്തിൻെറ പുരോഗതി അദ്ദേഹം നല്ലപോലെ പഠിച്ചിരുന്നു. എന്നുമാത്രമല്ല ഫ്രോയിഡിൻെറ മാനസികാപഗ്രഥനമെന്നു വിളിക്കുന്ന മനശ്ശാസ്ത്രവിഭാഗവും അതിൻെറ വളച്ച്യയും അദ്ദേഹം ശ്രദ്ധയോടെ വായിച്ചറിഞ്ഞിരുന്നു. അ വിഭാഗത്തെപ്പററി ചെസ്റ്റർടൺെറ അഭിപ്രായത്തോടു താൻ യോജിക്കുന്നതായി അദ്ദേഹം പറയാറുണ്ടു്."

പോരേ? സഞ്ജയൻെറ മനശ്ശാസ്ത്രപാണ്ഡിത്യത്തിനു് ഇതിലധികം തെളിവെന്തുവേണം? സഞ്ജയൻ ഒരു യഥാൎത്ഥഫലിതസാഹിത്യകാരനാണോ അല്ലയോ എന്നു നിരൂപിക്കുവാൻ അദ്ദേഹത്തിൻെറ കൃതികൾ നമുക്കു ലഭിച്ചിട്ടുണ്ടു്. അ കൃതികളെ ആധാരമാക്കി അദ്ദേഹത്തിന്റെ മനശ്ശാസ്ത്രപാണ്ഡിത്യം അളന്നുനോക്കുന്ന വിദൂരവൎത്തിയായ ഒരു നിരൂപകനു് അവയിലെങ്ങുംതന്നെ അതിൻെറ ഒരു പാദമുദ്രയെങ്കിലും പതിഞ്ഞുകാണുവാൻ തരപ്പെടുന്നില്ല. അ പരമാർത്ഥം തുറന്നുപറയുമ്പോൾ, അതിനു വിരുദ്ധമായി കൊണ്ടുവരുന്ന ന്യായം ഒരനുഭവസ്ഥൻെറ 'സത്യബോധപ്പെടുത്തിയ' സാക്ഷിമൊഴിയാണു്; ഇങ്ങനെയാണെങ്കിൽ, ഓരോ കാര്യങ്ങ

---

അടിയിൽ വരയിട്ടിട്ടുള്ളതു ഞാനാണു്.

Digitized By Kerala Sahitya Akademi

ളിൽ, തുടർച്ചയായുണ്ടാകാവുന്ന സാക്ഷിമൊഴികളോ, സ്വന്തം കൈകൊണ്ടെഴുതിയ അദ്ദേഹത്തിൻെറ കൃതികളോ ഞങ്ങൾ സ്വീകരിക്കേണ്ടതു"? "ചെസ്റ്റർടൺൻെറ അഭിപ്രായത്തോടുകൂടി ഞാൻ യോജിക്കുന്നതായി ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചപ്പോൾ സദസ്സിലിരുന്ന സഞ്ജയൻ തലകുലുക്കുന്നതു കണ്ടുവെന്നു് ഒരു ദൃക്സാക്ഷി ഒരിക്കൽ എന്നോടു പറഞ്ഞിട്ടുണ്ടു്" എന്നോ മറേറാ കെ. സി. സ്വാനുഭവത്തെ ആസ്പദമാക്കി പ്രസ്താവിക്കാതിരുന്നതു് ഏതായാലും ഭാഗ്യമായി... ....ഇനി ഈ ചെസ്റ്റർടൺൻെറ അഭിപ്രായഗതിയുടെ സാധുതയെക്കുറിച്ചു ചിന്തിക്കുമ്പോഴാണു് ചിരിവരിക. ഡാർവിൻെറ പരിണാമവാദത്തെപ്പോലെയോ അതിനെക്കാൾ കവിഞ്ഞ രീതിയിലോ യൂറോപ്പിൽ ഒട്ടാകെ കോളിളക്കമുണ്ടാക്കിയ ഒന്നാണു് ഫ്രോയിഡിൻെറ മാനസികാപഗ്രഥനം. അതിനോടുള്ള പ്രതിഷേധകോലാഹലങ്ങൾ ഇനിയും നിശ്ശേഷം ശമിച്ചിട്ടില്ല. അതിൻെറ പ്രാരംഭഘട്ടത്തിൽ, ഒരു തികഞ്ഞ യാഥാസ്ഥിതികനായ (Conservative) ചെസ്റ്റർട്ടൺൻെറ അഭിപ്രായഗതിയുടെ സ്വഭാവം ഏതാണ്ടൂഹിക്കാമല്ലോ നവയുഗത്തിലെ പരിവർത്തനങ്ങളെ നിഷ്ഫലമായി എതിർത്തുകൊണ്ടിരുന്ന ഒരാളാണു് ചെസ്റ്റർടൺ. ബെർനാർഡ്ഷായോടുള്ള അദ്ദേഹത്തിൻെറ പോരാട്ടത്തിനിടയിൽത്തന്നെ അന്ധമായ മതഭക്തിനാവിശേഷം പ്രത്യക്ഷപ്പെടുന്നുണ്ടു്. മാമൂൽപ്രിയനായ ചെസ്റ്റർടൺൻെറ, മാനസികാപഗ്രഥനസംബന്ധമായ അഭിപ്രായങ്ങൾക്കു് ആ ശാസ്ത്രത്തിൻെറ യഥാർത്ഥതത്ത്വങ്ങളോടു് എത്രമാത്രം അടുക്കാൻ കഴിയുമെന്നു്

Digitized By Kerala Sahitya Akademi

ഇതിൽനിന്നു വെളിവാകുന്നുണ്ടല്ലോ. അങ്ങനെയുള്ള ഒരാളുടെ അഭിപ്രായഗതിയോടു സഞ്ജയൻ യോജിക്കുന്നതായിപ്പറയപ്പെടുന്നതുതന്നെ ആ വിഷയത്തിലുള്ള അദ്ദേഹത്തിൻെറ അജ്ഞതയെ ഒന്നുകൂടി പ്രബലപ്പെടുത്തുകയേ ചെയ്യുന്നുള്ളു.

ശ്മശാനഭൂവിൽ വിലയം പ്രാപിച്ച ഒരു സാഹിതീഭക്തൻെറ മുമ്പിൽ കൂപ്പുകൈയർപ്പിക്കുന്നതു മനുഷ്യത്വത്തിൻെറ പ്രാഥമികഘടകമാണു്. ആർക്കും അതിൽ ഒരഭിപ്രായവ്യത്യാസത്തിനവകാശമില്ല. പക്ഷേ അതിനു പുറമേ ഒന്നിനുപുറകെ ഒന്നായി എണ്ണമററ പരിവേഷങ്ങളെ തുന്നിപ്പിടിപ്പിക്കുന്നതും, നാം കണ്ണടച്ചുവയെ കൈകൂപ്പിക്കൊള്ളണമെന്നു നിർബ്ബന്ധിക്കുന്നതും ഇത്തരത്തിലുള്ള പ്രതിഷേധങ്ങൾക്കിടകൊടുക്കുന്നതു് ഒട്ടും അസ്വാഭാവികമല്ല. ഉള്ള മേന്മയെ വിലവെയ്ക്കേണ്ടതാവശ്യംതന്നെ. പക്ഷേ ഭേദപ്പെട്ട ഒരു മുദ്രണശാലയും, പ്രചാരമുള്ള ഒരു വൃത്താന്തപത്രവും, പരസ്പരം പൊരുത്തമുള്ള ചില താല്പര്യങ്ങളും ഒത്തിണങ്ങിയാൽ, ആ സംഘടിതശക്തിക്കു് ആധുനികകാലത്തുണ്ടാകാവുന്ന അത്ഭുതസാദ്ധ്യതകളിൽ ഒന്നിൻെറ പ്രത്യക്ഷീകരണമാണു് ഇന്നു സഞ്ജയൻ്റെ നാമത്തെ വലയംചെയ്യുന്ന പരിവേഷത്തിൻ്റെ വ്യാപ്തിയിൽ ദൃശ്യമാകുന്നതെന്നു വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. ലോകവും കാലവും അതിനെക്കാൾ ശക്തികൂടിയതാണെന്നു് അധികമാരും അറിയുന്നില്ല.

അന്ധമായ ആരാധനയുടെ അനൌചിത്യം ഇതിൽനിന്നു വെളിപ്പെടുന്നുണ്ടല്ലോ. ഈ ദുഷിച്ച പാരമ്പര്യ

Digitized By Kerala Sahitya Akademi

മാണു് നമ്മുടെ പുരോഗതിയുടെ മുന്നിൽ നൂററാണ്ടുകളായി നിലനിന്നുപോരുന്ന സാരമായ ഒരു പ്രതിബന്ധം. കേരള ടാഗോർ എന്നോ കേരളകാളിദാസൻ എന്നോ കേരളവ്യാസൻ എന്നോ കൊട്ടിഗ്ഘോഷിക്കുവാൻ ഒരു വിഷമവുമില്ല; ആ കവികളെസ്സംബന്ധിച്ചുള്ള നമ്മുടെ അജ്ഞതയാണു് ആവക കോലാഹലങ്ങളിൽ വെളിപ്പെടുന്നതെന്നെങ്കിലും അറിയുവാനുള്ള ബുദ്ധി നമുക്കുണ്ടായിരുന്നെങ്കിൽ! മണ്ണടിഞ്ഞുപോയ ഒരാളുടെ എത്ര ക്ഷുദ്രമായ കൃതിയേയും സ്ഥാനത്തും അസ്ഥാനത്തും പുകഴ്ത്തിപ്പൂജിക്കുവാനുള്ള അനിയന്ത്രിതമായ അഭിനിവേശം പരക്കെ കണ്ടുവരുന്ന ഒരു പകർച്ചവ്യാധിയാണു്. ഒരുത്തമകലാകാരന്റെ പ്രശസ്തി പരസ്യങ്ങളിലോ പ്രതിമകളിലോ സ്മാരകങ്ങളിലോ അല്ല, അദ്ദേഹത്തിന്റെ കലാസൃഷ്ടികളിലാണു് സ്ഥിതിചെയ്യുന്നതു്. കാളിദാസന്റെ ഒരു സ്മാരകം ലോകത്തിലെവിടേയും സ്ഥാപിച്ചിട്ടുള്ളതായി കേട്ടിട്ടില്ല. എന്നിട്ടും അദ്ദേഹം ജീവിച്ചില്ലേ? ഇന്നും ജീവിക്കുന്നില്ലേ? ഇനി ജീവിക്കയും ചെയ്യുകയില്ലേ? കാലികങ്ങളായ താൽപര്യങ്ങളുടെ തിളച്ചുപൊന്തുന്ന ആവേശങ്ങൾ കെട്ടിപ്പടുക്കുന്ന സ്മാരകങ്ങളാകട്ടെ കാലത്തിന്റെ കരുത്തുള്ള ഊത്തിൽ ദയനീയമാം വിധം ചിന്നിച്ചിതറിപ്പോകുന്നു.

*  *  *

ആധുനികഭാഷാസാഹിത്യം ഏറിയക്രമം പാശ്ചാത്യസാഹിത്യത്തോടാണടുത്തുതുടങ്ങുന്നതെന്നു മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനാൽ യൂറോപ്യൻസാഹിത്യ

Digitized By Kerala Sahitya Akademi

ത്തിലെ ഇന്നത്തെ ചില ഗതിവിശേഷങ്ങളെപ്പററിയുള്ള ചിന്ത സമുചിതമായിരിക്കം.

പത്തൊൻപതാംശതകത്തിലെ യൂറോപ്യൻസാഹിത്യം—പ്രത്യേകിച്ച് കവിത—യൂറോപ്പിലെ ജനതയുടെ മാനസികമണ്ഡലത്തിൽ തിരയടിച്ചുകൊണ്ടിരുന്ന പ്രധാനപ്പെട്ട പ്രവാഹങ്ങളെ സമർത്ഥമായി പ്രതിഫലിപ്പിക്കുന്നുണ്ട്. ഇവയിൽ രണ്ടു പ്രവാഹങ്ങളാണ് ഏററവും പ്രാധാന്യം അർഹിക്കുന്നത്.

മനുഷ്യൻ, പ്രകൃതി, ലോകം—ഇവയുടെ പരിണാമം, ചരിത്രം, ശക്തി എന്നിവയെ അടിസ്ഥാനമാക്കിയുള്ള ജ്ഞാനത്തിൻെറ അനല്പവും സുദ്രഢവുമായ വികാസമാണ് ഒന്നാമത്തെ പ്രവാഹം; അസ്തിത്വത്തിൻെറ എല്ലാ വശങ്ങളുടേയും യഥാർത്ഥമൂല്യത്തെക്കുറിച്ചുള്ള ബോധത്തിൻെറ വളർച്ച രണ്ടാമത്തേതും.

വിശേഷിച്ചും, കഴിഞ്ഞ അരചതു കൊല്ലങ്ങൾക്കിടയിൽ യൂറോപ്യൻകവിതയ്ക്ക് അത്ഭുതാവഹമായ ഒരു മാററം സംഭവിച്ചിട്ടുണ്ട്. വിവിധപ്രസ്ഥാനങ്ങൾ ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ തുടച്ചയായി ആവിർഭവിച്ചിരിക്കുന്നു. അവയിൽ ഒട്ടു മിക്കതിന്റേയും ജന്മഭൂമി ഫ്രാൻസാണ്. ഇതരരാജ്യങ്ങളിൽ അവ പകർത്തപ്പെടുകയും കരുത്തുള്ള കൈകളാൽ പോഷിപ്പിക്കപ്പെടുകയുമാണ് പതിവ്. ആദ്യം ഇററലിയും, പിന്നീടു സ്പെയിനും, അതിനുശേഷം ജമ്മനിയും, ഒടുവിൽ ഇംഗ്ലണ്ടുമാണ് ഫ്രഞ്ചുപ്രസ്ഥാനങ്ങളെ സ്വീകരിച്ചുവരുന്നതായിക്കാണുന്നതു്.

Digitized By Kerala Sahitya Akademi

സാഹിത്യദൃഷ്ട്യാ പരിശോധിക്കുമ്പോൾ മേൽപ്പറഞ്ഞ കാലഘട്ടത്തെ മൂന്നായി വിഭജിക്കാവുന്നതാണു്. ഇവയിൽ ഒന്നാമത്തെ കാലഘട്ടം പർണ്ണാസിയൻകവികളുടെ സർവ്വാധിപത്യത്തിനു സാക്ഷ്യം വഹിക്കുന്നു. ലോകത്തിൻെറ സൌന്ദര്യത്തേയും ദുരന്തസ്വഭാവത്തേയും പരമമായ സത്യശീലതയോടും, കൃത്യതയോടും അകർത്തൃകമായ ആത്മസംയമനത്തോടുംകൂടി സജീവമായി പ്രകടിപ്പിക്കുകയെന്നതായിരുന്നു അപ്പോഴത്തെ കവിതയുടെ ലക്ഷ്യം. പ്രകടനശക്തിയുടെ പരമസീമയിൽ കവിതയെ എത്തിക്കുവാൻ പർണ്ണാസിയൻകവികൾക്കു കഴിഞ്ഞിട്ടുണ്ടെന്നുള്ള പരമാർത്ഥം വിസ്മരിക്കാവതല്ല. കവികൾ ശാസ്ത്രത്തെ സമാദരിക്കുവാൻ സന്നദ്ധത കാണിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്.

അടുത്തതു 'സിംബോളിക്' പ്രസ്ഥാനത്തിൻെറ വാഴ്ചയാണു്. അതു ശാസ്ത്രത്തോടു പ്രത്യക്ഷമായ വിരോധം തന്നെ ധൈര്യപൂർവ്വം പ്രദർശിപ്പിക്കയുണ്ടായി. "അതു് അഗണ്യകോടിയിൽ തള്ളുകയോ നിരസിക്കുകയോ ചെയ്തിരുന്ന ഒരു യാഥാർത്ഥ്യാംശത്തിൻെറ പേരിൽ വസ്തുനിഷ്ഠമായ യാഥാർത്ഥ്യം ലക്ഷ്യമാക്കിയുള്ള ശാസ്ത്രത്തിൻെറ വിശ്വാസപൂർണ്ണമായ അപഗ്രഥനത്തെ സിംബോളിക്കവികൾ നിശ്ശേഷം ഹനിക്കുകതന്നെചെയ്തു"വെന്നു ഫ്രഞ്ചു സിംബോളിക്പ്രസ്ഥാനപണ്ഡിതനായ ആർഥർ സിമൺസ് പ്രസ്താവിക്കുന്നു. നേരിട്ടുള്ള വിവരണത്തിൽനിന്നു കൌശലത്തിൽ തെററിമാറുന്നതും വാച്യത്വത്തെ ഭഞ്ജിക്കുന്നതുമായ ഒരമൂർത്തപ്രപഞ്ചത്തെ ഒരു മിസ്റ്റിക്മനോഭാവത്തോടെ ഗ്രഹിക്കുകയായിരുന്നു അവർ ചെയ്തതു്;

Digitized By Kerala Sahitya Akademi

വർണ്ണം, സംഗീതം, ചിഹ്നം ഇവകൊണ്ടുണ്ടാക്കാവുന്ന മാന്ത്രികങ്ങളായ ധ്വനിവൈചിത്ര്യങ്ങളായിരുന്നു അതിന്റെ ആവിഷ്ക്കരണത്തിനുള്ള അവരുടെ ഉപകരണങ്ങൾ.

മൂന്നാമത്തെ കാലഘട്ടം—ആധുനികകാലഘട്ടം—ശാസ്ത്രത്തിനോടു കൂടുതൽ മമത കാണിക്കുന്നുണ്ട്. യാഥാർത്ഥ്യത്തിൽനിന്നു ടലെടുത്തു വളരുന്ന നൂതനമായ ഒരു കല്പനാവിശേഷമാണ് ഏറിയക്രമം അതിനടിസ്ഥാനം. പ്രകൃതിയ്ക്കും ആത്മസത്തയ്ക്കും മദ്ധ്യേ സ്ഥാനം പിടിക്കുവാൻ ശാസ്ത്രം ധാരാളം ഇടംകണ്ടെത്തിയിരിക്കുന്നതിനാൽ കാവ്യത്തിനു് ഇന്നതിനോടു കലഹിക്കേണ്ട ആവശ്യവുമില്ല. ആദ്യത്തെ കൂട്ടർ ശില്പത്തിൻെറ സുഖനമ്യമായ വിശ്രാന്തിയിലും, രണ്ടാമത്തെ കൂട്ടർ സംഗീതത്തിൻെറ ദുർജ്ഞേയമായ സ്വരസംക്രമങ്ങളിലുമാണ് കലയുടെ ലക്ഷ്യമായ സൌന്ദര്യം ദർശിച്ചതെങ്കിൽ ഇരുപതാം നൂററാണ്ടിലെ കവിതയാകട്ടെ അതിൻെറ പരമലക്ഷ്യം കണ്ടെത്തിയതു ജീവിതത്തിലാണ്; അസ്തിത്വത്തിന്റെ സർഗ്ഗാത്മകപരിണാമത്തിലാണ്.

പത്തൊൻപതാംശതകത്തിൻെറ മദ്ധ്യകാലത്തിനു ശേഷം, സ്വപ്നത്തിൽ ജീവിച്ചിരുന്ന കവികളോടും സാഹിത്യകാരന്മാരോടും യൂറോപ്പ് അവജ്ഞ കാണിക്കാൻ തുടങ്ങി. സാഹിത്യകാരന്മാർ അവരുടെ സ്വപ്നസൌധങ്ങളിൽനിന്നിറങ്ങി പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാനുള്ള ആഹ്വാനം ആദ്യമായി ഫ്രാൻസിൽനിന്നാണ് ആവിർഭവിച്ചതു്. തിളച്ചുപൊന്തുന്ന ഇന്നത്തെ റഷ്യൻജീവത്സാഹിത്യത്തിനുപോലും

Digitized By Kerala Sahitya Akademi

ഉത്തേജനം ലഭിച്ചതു ഫ്രാൻസിൽനിന്നാണ്. ആധുനിക വിശ്വസാഹിത്യത്തിന്റെ അണിയറയാണ് ഫ്രാൻസെന്നു പറയാം. ശാസ്ത്രത്തിന്റെ വ്യാഖ്യാനത്തിനു വിധേയമായിനിന്ന യാഥാർത്ഥ്യത്തെ സമീപിക്കുകയായിരുന്നു സാഹിത്യത്തിന്റെ ആദ്യത്തെ ഉദ്യമം. കലയെ തീവ്രവും പരിഷ്ക്കരിക്കുന്നവുമാക്കി രൂപാന്തരപ്പെടുത്തുവാനുള്ള സംരംഭത്തിന് അക്കാലത്തു വലിയ പിൻതുണ സിദ്ധിക്കുകയുണ്ടായി. ഫ്ളോബേർട്ടിന്റെ 'മാഡംബോവറി' (പ്രണയരംഗം) എന്ന വിഖ്യാതമായ നോവലിന്റെ ആവിർഭാവത്തോടുകൂടി യൂറോപ്പിൽ നാച്വറലിസത്തിന്റെ ആരംഭമായി. അധികം താമസിയാതെ സാദൃശ്യാത്മകവർണ്ണനാരീതി (Realism) ടോൾസ്റ്റോയിയുടേയും ഡാസ്റ്റവസ്കിയുടേയും കൃതികളിലൂടെ റഷ്യയിൽ പ്രചരിച്ചുതുടങ്ങി. റിയലിസം അതിന്റെ പരിപൂർണ്ണമായ ആഹാര്യതയോടെ പ്രത്യക്ഷപ്പെടുന്നതു മോപ്പസാങ്ങിന്റേയും ഇബ്സെന്റേയും കൃതികളിലാണ്. എന്നാൽ ഇബ്സെന്റെ ചില നാടകങ്ങളിൽ സിംബോളിസത്തിന്റെ സ്വാധീനശക്തിയും സ്പഷ്ടമായി പ്രത്യക്ഷപ്പെടുന്നുണ്ട്. സാഹിത്യത്തിനു നേരിട്ട ഈ ആധുനികപരിവർത്തനം ഫ്രാൻസിൽ രണ്ടു വിഖ്യാതവിമർശകന്മാരെ സൃഷ്ടിക്കയുണ്ടായി: സാങ്ബോവും, ടെയിനും.

വ്യൽപത്തിക്കും കലർപ്പററ കലാഭംഗിക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഉൽകൃഷ്ടകാവ്യങ്ങൾ മിൽട്ടൺന്റെ കാലത്തിനുശേഷം യൂറോപ്പിനു ലഭിക്കുന്നതു പർണ്ണാസിയൻകവികളിൽനിന്നാണ്. 'കല കലയ്ക്കുവേണ്ടി' എന്ന വാദത്തെ മുറുകെപ്പിടിച്ചുകൊണ്ടിരുന്നവരാണിവർ.

Digitized By Kerala Sahitya Akademi

ലിക്കോന്ത്ദെ ലൈൽ എന്ന കവിയാണു് ഇവരുടെ നായകനായി പരിലസിക്കുന്നതു്. സൌന്ദര്യമായിരുന്നു അവരുടെ പരമലക്ഷ്യം. മാക്സ്നോർഡോ എന്ന ജർമ്മൻചിന്തകൻ പറയുന്നു: "പർണ്ണാസിയൻകവികൾക്കു നന്മ, തിന്മ, ഇവ രണ്ടിനേയുംകുറിച്ചു ചിന്തയില്ല. ഒന്നിൽമാത്രമേ അവരുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നുള്ളു—സൌന്ദര്യം!"

"കവിത—അതിനു് അതൊഴികെ മറെറാരു ലക്ഷ്യവുമില്ല. ഉണ്ടാകുവാനും തരമില്ല. ആനന്ദത്തിനു വേണ്ടി മാത്രം എഴുതപ്പെട്ടിട്ടുള്ള ഒരു കവിതയെപ്പോലെ അത്ര ശ്രേഷ്ഠവും ഉത്തമവുമായ ഒരു കവിത വേറെ കാണുകയില്ല; അതിനുമാത്രമേ യഥാർത്ഥത്തിൽ കവിത എന്ന പേരിനർഹതയുള്ളു"എന്നാണു് ബോദ്ലേർ പറയുന്നതു്.

ഇററലിയിൽ കാർഡുച്ചി, ലിയോപ്പാർഡി, പാസ്കോലി, ദ''അനൺസിയോ തുടങ്ങിയ മഹാകവികളുടെ കൃതികളിൽ ഈഷദ്ഭേദത്തോടുകൂടിയാണെങ്കിലും ഫ്രഞ്ചുപർണ്ണാസിയൻകവികളുടെ സ്വാധീനശക്തി സ്പഷ്ടമായിക്കാണുവാൻ കഴിയും. സ്പെയിനിൽ റൂബെൻ സാരിയോവും, ഇംഗ്ലണ്ടിൽ ജെ. ഈ. ഫ്ളെക്കറും പർണ്ണാസിയൻതത്ത്വങ്ങളെ മാതൃകയാക്കി മനോഹരകാവ്യങ്ങൾ രചിക്കയുണ്ടായി. ജർമ്മനിയിൽ സ്റ്റീഫൻജോർജ്ജിൻെറ നേതൃത്വത്തിൽ സമാരംഭിക്കപ്പെട്ട ഭാവഗായകന്മാരുടെ സംഘമാണു് ആ സിദ്ധാന്തങ്ങളെ പ്രചരിപ്പിച്ചതു്. ഈ കവികളുടെ കൃതികളിൽ, ആധുനികശാസ്ത്രത്തോടുള്ള

Digitized By Kerala Sahitya Akademi

അടുത്ത ബന്ധംകൊണ്ടായിരിക്കാം, മതത്തിൽനിന്നുള്ള ഒരൊഴിഞ്ഞുമാററം—ചിലപ്പോഠം അതിനോട്ട് പ്രത്യക്ഷമായ വിരോധംപോലും—തെളിഞ്ഞുകാണുന്നുണ്ട്. ജെയിംസ്തോംസൺ, സ്വിൻബേൺ തുടങ്ങിയ ആംഗലകവികളിൽ ഈ സ്വഭാവം മുഴച്ചുനില്ക്കുന്നതായിക്കാണാം. വിക്തോർ യൂഗോ ഒരു റൊമാൻറിക്കവിയായിട്ടാണ് ഏററിയക്രമം അറിയപ്പെടുന്നതെങ്കിലും പണ്ണാസിയൻകവികളുടെ സ്വാധീനശക്തി അദ്ദേഹത്തിൻെറ രണ്ടുമൂന്നു മികച്ച കൃതികളിൽ പൊന്തിനില്ക്കുന്നു.

ക്രിസ്ത്വാബ്ദം 1870-നോടുകൂടി യൂറോപ്പിലെ ജനതയുടെ സ്വഭാവത്തിൽ ശ്രദ്ധേയങ്ങളായ ചില മാററങ്ങഠം പ്രത്യക്ഷപ്പെട്ടുതുടങ്ങി. ശാസ്ത്രത്തിൻെറ കണ്ടുപിടുത്തങ്ങളിലും വിജയബോധത്തിലും ഉണ്ടായിരുന്ന അടിയുറച്ച വിശ്വാസത്തിന് അല്പാല്പം ഇളക്കം തട്ടിക്കൊണ്ടിരുന്നു. ഒന്നിലും ഒരെത്തും പിടിയുമില്ലായ്മയും, ഏതൊന്നിന്മേലാണ് പററിപ്പിടിച്ചു നില്ക്കേണ്ടതെന്നുള്ള ഉൽക്കണ്ഠയും ജനതയെ സദാ അമ്പരപ്പിക്കുകയും രൂക്ഷമായ വിഷാദാത്മകത്വവും സംശയാത്മകത്വവും മനുഷ്യഹൃദയത്തിൽ വേരൂന്നിത്തുടങ്ങുകയും ചെയ്തു. 'ജീവിത'ത്തിൻെറ സ്ഥിതി വിശ്വസിച്ചിരുന്ന വിധത്തിലൊന്നുമല്ലെന്നും അതു് അപ്രമേയവും ദുർജ്ഞേയവും കൂടുതൽ ബൃഹത്തരവുമായ ഒന്നാണെന്നും, ശാസ്ത്രത്തിൻെറ അളവുകോൽകൊണ്ട് അതിനെ സമീപിക്കുന്നതു വ്യർത്ഥമാണെന്നും, ഏററവും പരിപൂർണ്ണമായ കലയ്ക്കുപോലും അതിനെ യഥാർത്ഥമായ രീതിയിൽ പ്രതിഫലിപ്പിക്കു

Digitized By Kerala Sahitya Akademi

വാൻ സാദ്ധ്യമല്ലെന്നും ഒരു ബോധം ജനങ്ങൾക്കുണ്ടായി. രാഷ്ട്രീയവും സാമുദായികവുമായ സ്ഥിതിഗതികൾ ഈ ബോധസ്ഫുലിംഗത്തെ ഒന്നുകൂടി ഊതി ജ്വലിപ്പിച്ചു. ജർമ്മനിയാണു് ഇതിനാദ്യമായി വിത്തുപാകിയതു്. വിപ്ലവാത്മകമായ സോഷ്യലിസത്തിൻെറ നൂതന സിദ്ധാന്തങ്ങളോടുകൂടിയ, കാർൾമാർക്സിൻെറ ആവിർഭാവം യൂറോപ്യൻചിന്താഗതിയെ ആമൂലാഗ്രം ഒന്നു പിടിച്ചു കുലുക്കുവാൻ തുടങ്ങിയതു് ഇക്കാലത്താണു്. ഫ്രെഡ്നറു ടെ മനശ്ശാസ്ത്രസിദ്ധാന്തങ്ങളും നൂതനമായ ഒരു ചിന്താഗതിക്കു വഴിതെളിച്ചിട്ടു. ഉച്ഛൃംഖലമായ ആ ചിന്താഗതി പരമപ്രധാനമായ അതിൻെറ സാഹിത്യരൂപത്തെ കൈക്കൊണ്ടതു 'സിംബോളിസ'ത്തിൻെറ വളച്ചയിലാണു്. ഫ്രഞ്ചുസാഹിത്യത്തിൽ സിംബോളിസം ഒരു തത്ത്വസംഹിതയായി, ഒരു മതമായിത്തന്നെ, പ്രതിഷ്ഠ നേടുകയുണ്ടായി. ശാസ്ത്രത്തെ അടിച്ചുതകൎക്കുവാനായിരുന്നു അതിൻെറ ആദ്യത്തെ ശ്രമം. ഫ്റാൻസിലെ സിംബോളിസസ്ഥാപകനായ വില്ലീഴ്സ് ദെ ലൈൽ ആദാം "ശാസ്ത്രം മുടിഞ്ഞു മുദ്രകുത്തിപ്പോയി" എന്നുൽഘോഷിച്ചുകൊണ്ടു വിജയഭേരിയടിച്ചു. ശാസ്ത്രത്തിനു് അതുവരെത്തുറന്നുകാട്ടുവാൻ സാധിക്കാഞ്ഞ വിചിത്രരാമണീയകത്തോടും അദൃശ്യദുർജ്ഞേയതയോടുംകൂടിയ ഒരു നൂതനലോകത്തെ തൻെറ തൂലികാചലനത്തിൻെറ മാന്ത്രികശക്തിയാൽ വില്ലീഴ്സ് നിഷ്പ്രയാസം ആവിഷ്കരിക്കയുണ്ടായി. ബോദ്ലേർ, വെർലേൻ, മല്ലർമേ ഇവരാണു് ഈ പ്രസ്ഥാനത്തിലെ നായകന്മാർ.

Digitized By Kerala Sahitya Akademi

സിംബോളിസത്തിൽനിന്നു് ഈഷദ്ഭേദത്തോടുകൂടിയ 'ഇൻസ്ട്രുമെൻറാലിസം' എന്ന ഉപപ്രസ്ഥാനത്തിലെ സമ്രാട്ടായി ആർഥർ റിംബോ എന്ന ഒരത്ഭുതകവി ആവിർഭവിച്ചു. പർണ്ണാസിയൻകവികളുടെ വ്യൽപത്തിയോടും വാഗ്മിതയോടുമുള്ള ശക്തിയേറിയ എതിർപ്പ് ഈ പ്രസ്ഥാനത്തിൻെറ ഒരു പ്രധാനലക്ഷണമാണു്. അകൃത്രിമരമണീയവും വാഗ്മിതാരഹിതവും സംഗീതാത്മകവുമായ ഒരന്തരീക്ഷമാണു് സിംബോളിക്പ്രസ്ഥാനത്തിൻെറ പശ്ചാത്തലം. വാഗ്മിതയും അലങ്കാരധാടിയും ആത്മാർത്ഥതയുടെ അഭാവത്തിൻെറ പര്യായമായി അധിക്ഷേപിക്കപ്പെട്ടു. "Take Eloquence and wring her neck! Nothing but music and nuance — all the rest is 'Literature', mere writing — futile verbosity" എന്നാണു് വെർലോൻ ഘോഷിച്ചതു്. (വാഗ്മിതയെ കടന്നു പിടികൂടി അവളുടെ കഴുത്തു ഞെരിക്കുക! മറെറാന്നും വേണ്ട, സംഗീതവും നേരിയ ലയഭേദങ്ങളുംമാത്രം—ശേഷമുള്ളതെല്ലാം ഗ്രന്ഥരചന, വെറും എഴുത്തു്—വ്യർത്ഥമായ വാഗ്വിസ്തരം!)

കലയിൽ—കവിതയിൽ—കലർപ്പററ ആത്മാർത്ഥതയ്ക്കുവേണ്ടി സിംബോളിക് കവികൾ മുറവിളികൂട്ടി. കാവ്യത്തിലെ വാഗ്മിതാംശത്തെസ്സംബന്ധിച്ചിടത്തോളം ബോദ്‌ലേർക്കു പർണ്ണാസിയൻകവികളോടാണടുപ്പം. വികാരാനുഭൂതികളിൽ അന്തർല്ലീനമായി വർത്തിക്കുന്ന ധ്വനിപ്രവണതകളിലാണു് സിംബോളിക്കവികളുടെ വിജയവൈജയന്തി അധിഷ്ഠിതമായിരിക്കുന്നതു്. ഇതാദ്യമായി കണ്ടുപിടിച്ച ആൾ ബോദ്‌ലേറാണു്.

Digitized By Kerala Sahitya Akademi

"ഒരു ദിവ്യക്ഷേത്രമീ ലോക,മതിനുള്ളിൽ
നിരനിരയായ്ത്തൂണുകഠം തിങ്ങിവിങ്ങി,
അതിവക്രസരണികളുണ്ടവയിങ്കൽ നി-
ന്നണയുന്നു സംഭ്രാന്തമമ്മരങ്ങഠം;—
ഉയിരിയലുമുച്ചാരണത്തിൻ, ശിഥിലമാ-
യുതിരു,മവ്യക്ത സ്വരാങ്കുരങ്ങഠം;—
അതിനുള്ളിൽ, പരിചയം വഴിയുന്ന മിഴികളാ-
ലവനെയും ധ്യാനിച്ചണിയണിയായ്,
അമരും,ചിഹ്നങ്ങഠംതൻ വനവീഥിയിലൊന്നിലൂ-
ടടിവെച്ചു മന്ദം ചരിപ്പൂ മർത്ത്യൻ!

അനുമാത്രമനുമാത്രമുടനീളം വെച്ചുവെ-
ച്ചുലതല്ലിത്തല്ലിയല,ഞ്ഞൊട്ടുവിൽ,
അതിദൂര,ത്തിരുഠംമുററമാഴത്തിലൊന്നിൽ,ച്ചെ-
ന്നൊരുമിച്ചുചേരും മാറെറാലികഠംപോലെ;
ഇരുളും വെളിച്ചവും പോലെയസ്പൃശ്യമായ്
സ്വരഗന്ധവർണ്ണങ്ങളേകോപിപ്പൂ!"

(സ്വന്തം തർജ്ജമ)

ഇന്ദ്രിയാനുഭൂതികളുടെ ഏകതാനതയിലുള്ള സംയോഗത്തെസ്സംബന്ധിച്ച. ഈ ബോധം സിംബോളിക്കവിതയുടെ ജീവനാണു്. വാഗ്നരുടെ ഗാനാത്മകനാടകങ്ങഠംക്കു പ്രചോദനമരുളിയതും മറെറാന്നല്ല. ത്വരയോടുകൂടിയ ഈ യാഥാർത്ഥ്യാന്വേഷണത്തിൽ സിംബോളിക് കവികഠംക്കു് അതിനെ സ്പർശിക്കുവാൻ സാധിച്ചിട്ടുള്ളതു് ആന്തരികജീവിതത്തിലൂടെയാണു്. അക്കാര്യത്തിൽ, അവരുടെ സ്വന്തം രീതിയിൽ, അവർ റിയലിസ്ററുകഠം

Digitized By Kerala Sahitya Akademi

തന്നെ. ആൽബേർട്ട് സാമേയിൻ എന്ന കവിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ,

"ഈ വിശ്വപ്രാണൻതൻ ഗാനപ്രവാഹം, നീർ
താവിത്തുളുമ്പും തിരകണക്കേ,
തങ്ങൾതന്നുള്ളിലണഞ്ഞതിലാത്മാവു
മുങ്ങിടും പോലുള്ളനുഭവവും,
സ്വർഗ്ഗീയസ്പന്ദങ്ങൾ തങ്ങൾതൻ ചിത്തത്തിൽ
സ്വച്ഛന്ദം കേൾക്കുവാനുള്ള കെല്പും,"

(സ്വന്തം തർജ്ജമ)

സിംബോളിക്കവികൾക്കു സിദ്ധിച്ചിരുന്ന അമൂല്യാനുഗ്രഹങ്ങളായിരുന്നു. ബാഹ്യപ്രപഞ്ചത്തിനുനേക്കു കണ്ണടച്ചിരുന്നുകൊണ്ടു്, ആന്തരികജീവിതത്തിൽനിന്നുണ്ടാകുന്ന അനുഭൂതികൾക്കുമാത്രം സർവ്വതോമുഖമായ പ്രാധാന്യം കല്പിച്ചിരുന്നവരിൽ അഗ്രഗണ്യനാണു് 'ബൽജിയൻ ഷേക്സ്പിയർ' എന്നു വിളിക്കപ്പെടുന്ന മാറിസ് മേററർലിൻക്. അദ്ദേഹത്തിന്റെ ആദ്യകാലത്തെ കവിതകളെല്ലാം ഈ അനുഭൂതികളുടെ ചിത്രശാലകളാണു്.

"മയിലുക,ളുത്ര്ദധ മയിലുകൾ, തൂവെള്ള-
മയിലുകൾ മുഴുവനും പറപറന്നു.
പറപറന്നു വെള്ളമയിലുക,ളുണർവിന്റെ
പരവശതയിങ്കൽനിന്നകലെച്ചെന്നു.
മയിലുകൾ, തൂവെള്ളമയിലുക,ളിന്നത്തെ
മയിലുകളെ ഞാനിതാ മുന്നിൽക്കാണ്മൂ.
മമ നിദ്രയിൽനിന്നും ചിറകടിയോടു മറഞ്ഞീടിന
മയിലുകളെ, മയിലുകളെക്കാൺമൂ ഹാ ഞാൻ!

Digitized By Kerala Sahitya Akademi

മയിലുക,ളശ്രുദ്ധ മയിലുക,ളിന്നത്തെ
മയിലുക,ളലസതയിലണിയണിയായ്,
ദിനകരരഹിതമാം വനവാപീതീരത്തി-
ലണയുന്നു, കേഠംക്കുന്നു കളകളങ്ങഠം.
മയിലുകഠം, മാനസികഗ്ലാനിതൻ തൂവെള്ള-
മയിലുക,ളകലെച്ചെന്നലസതയിൽ,
ദിനകരരഹിതമാം സമയങ്ങളണയുവാ-
നണിയണിയായങ്ങനെ കാത്തുനില്പൂ!"
(Ennui—സ്വന്തം തർജ്ജമ)

ജർമ്മനിയിൽനിന്നു പുറപ്പെട്ട, നീററ്ഷിൻെറ അഭിനവമായ തത്വചിന്തയും ഇക്കാലത്തെ യൂറോപ്യൻ കവിതയിൽ അനല്പമായ സ്വാധീനശക്തി ചെലുത്തിയിട്ടുണ്ട്. സിംബോളിക്പ്രസ്ഥാനത്തിനു ജർമ്മനിയിലും ഇററലിയിലും അഭൂതപൂർവ്വമായ സ്വാഗതംലഭിച്ചു. റഷ്യയിൽ അത്രയ്ക്കുണ്ടായെന്നു പറയുവാൻ നിവൃത്തിയില്ല. വെർലെയിനെ ഗുരുവായി സ്വീകരിച്ച്, ജർമ്മനിയിൽ ഡെഹ്മലും, ഇററലിയിൽ ദി'അനൺസിയോവും ഒന്നാംതരം സിംബോളിക്കവിതകഠം രചിച്ചിട്ടുണ്ട്. ഐർലണ്ടിലെ 'കെൽടിക് കവിസംഘം' ഈ നവീനപ്രസ്ഥാനത്തിൻെറ ഉത്തമപ്രചാരകരായിരുന്നു. ബ്ലേക്കിൻെറ മിസ്റ്റിക്കവിതകഠം ഈ പ്രസ്ഥാനത്തെ ഒന്നുകൂടി ഉജ്ജ്വലിപ്പിച്ചു. കെൽടിക്കവിസംഘത്തിലെ നായകന്മാരായിരുന്നു 'ഏ. ഈ.', യീററ്സ് എന്നിവർ.

ഇരുപതാംശതകത്തിലെ യൂറോപ്യൻസാഹിത്യം അതിനാവശ്യമുള്ള ചൂടും വെളിച്ചവും സംഭരിച്ചതു നീററ്ഷ്, ബർഗ്ഗ്സൺ, ഷോഫനോർ എന്നിവരുടെ

Digitized By Kerala Sahitya Akademi

തത്താചിന്തകളിലും ബനഡെറേറാ ക്രോച്ചേയുടെ രസ ജ്ഞാനശാസ്ത്രത്തിലും, വൺഡ്ട്, മൺസ്റ്റെർബർഗ്ഗ് എന്നിവരുടെ മനശ്ശാസ്ത്രത്തിലും, ഫ്രോയ്ഡിന്റെ മാന സികാപഗ്രഥനത്തിലുംനിന്നാണ്. വിക്രമകർമ്മങ്ങളിൽ പ്രതിപത്തി കാണിക്കുന്ന ഒരു പ്രകൃതിയാണ് ഈ കാല ഘട്ടത്തിലെ കാവ്യങ്ങളിൽ മുഴച്ചുനില്ക്കുന്നതു്. കലാലോ കത്തിൽ ഇത്രയധികം പ്രസ്ഥാനങ്ങൾ അടിക്കടി ആവി ർഭവിച്ചിട്ടുള്ള ഘട്ടം വേറെ ഉണ്ടായിട്ടില്ല. ഒരു നവലോകം സൃഷ്ടിക്കുവാനുള്ള സമരത്തിൽ, ബദ്ധശസ്ത്രരായ പോരാ ളികളെപ്പോലെയാണ് കലാകാരന്മാരുടെ നില. ഫ്രാൻ സിൽ ക്ലാഡലും ജർമ്മനിയിൽ ആർനോഹോൾസും ഇവ രുടെ മുന്നണിയിൽ നില്ക്കുന്നു. കവിതയുടെ ബാഹ്യരൂപ ത്തിൽപ്പോലും ഇവർ സാരമായ പല്ഭേദഗതികളും വ രുത്തുകയുണ്ടായി. വൃത്തനിബന്ധനകൾ വികാരാവിഷ്ക്ക രണത്തിനു പ്രതിബന്ധങ്ങളാണെന്നും അവയെ തട്ടിത്ത കർത്താൽ മാത്രമേ കവിത അതിൻെറ സ്വാഭാവിക ശക്തിയോടും ജീവചൈതന്യത്തോടുംകൂടി രൂപമെടുക്കു കയുള്ളുവെന്നും ഇവർ ശക്തിയായി വാദിച്ചു. അന്യത്ര ഉദ്ധരിച്ചിട്ടുള്ള ജി. ശങ്കരക്കുറുപ്പിൻെറ ജൈത്രപടഹം പോലെ വൃത്തരഹിതവും എന്നാൽ സൂക്ഷ്മതയോടെ നിറ്വ്വ ഹിക്കപ്പെട്ടിട്ടുള്ള പദഘടനകളാൽ സംഗീതസാന്ദ്രവുമാ യ ഒരു പദ്ധതിയാണ് ഇവർ കാവ്യരചനയ്ക്കായി അം ഗീകരിച്ചതു്. ഇവരിൽ ഏററവും വിജയം നേടിയ ആൾ അമേരിക്കൻമഹാകവി വാൾട്ട് വിററ്മാൻ ആ ണ്. സാദൃശ്യാത്മകവർണ്ണനാരീതിയെ ഏററവും മാനി

Digitized By Kerala Sahitya Akademi

ച്ചിരുന്ന കവികളാണിവർ. എന്നാൽ നമ്മുടെ ഭാഷയിൽ, ജി. ശങ്കരക്കുറുപ്പു് അംഗീകരിച്ചിട്ടുള്ള പദ്ധതി ലജ്ജാവഹമായ രീതിയിൽ കൃത്രിമമാണെന്നു സൂചിപ്പിക്കാതെ നിവൃത്തിയില്ല. ആർനോഫോഠംസ്, ക്ലാഡൽ, വിററ്മാൻ, മേറററ്ലിങ്ക് തുടങ്ങിയവർ വികാരാവിഷ്കരണത്തിനു തികച്ചും പ്രാപ്തിയുള്ള അകൃത്രിമമായ ഒരു ശൈലിയെയാണു് അംഗീകരിച്ചതു്; ശങ്കരക്കുറുപ്പാകട്ടെ അദ്ദേഹത്തിന്റെ മിസ്റ്റിക്കവിതകഠം എന്നു വിശ്വസിക്കപ്പെടുന്നവയിൽ ഒരൊററ ആശയാവിഷ്കരണത്തിനായി അസംഖ്യം ചിഹ്നങ്ങളുടെ പുറകെ അലഞ്ഞുനടക്കുന്നതുപോലെ, സ്വാതന്ത്ര്യമെന്നു ഭാവിക്കപ്പെടുന്ന പദ്യാത്മകഗദ്യശൈലിയിൽ അനുപ്രാസങ്ങഠംക്കായി അത്യധികം ക്ലേശിക്കുന്നതായി പ്രത്യക്ഷപ്പെടുന്നു. ഫോഠംസിലും വിററ്മാനിലും ഈ ദൂഷ്യം ലേശംപോലും കാണുന്നില്ല.

വൃത്തത്തിൽനിന്നു നേടുന്ന സ്വാതന്ത്ര്യം വൃഥാ സ്ഥൂലതയ്ക്കായി വിൽക്കപ്പെടുന്നതു കഷ്ടമാണു്.

"മരിക്ക സാധാരണ,മീ വിശപ്പിൽ-
ദ്ദഹിക്കലോ?—നമ്മുടെ നാട്ടിൽ മാത്രം
ഐക്യക്ഷയത്താലടിമശ്ശവങ്ങ-
ളടിഞ്ഞുകൂട്ടം ചുടുകാട്ടിൽ മാത്രം"

എന്ന വികാരനിർഭരമായ പദ്യം ഒന്നു പരിശോധിക്കുക. ഇതേ ആശയം സ്വാതന്ത്ര്യമെന്നഭിമാനിക്കപ്പെടുന്ന ഇന്നത്തെ പദ്യാത്മകഗദ്യശൈലിയിലേയ്ക്കു പകർത്തപ്പെടുമ്പോഠം ഏതാണ്ടു് ഈ രൂപം കൈക്കൊള്ളുവാനാണു് എളുപ്പം:

Digitized By Kerala Sahitya Akademi

"മരണം!—അതെത്ര സാധാരണം!
പക്ഷേ,
ഈ വിശപ്പിൽ, പട്ടിണിയുടെ അടപ്പിൽ, മരി
ക്കുന്നതോ?
എങ്ങുമില്ല; ഒരിടത്തുമാത്രം—അതെ, നമ്മുടെ
നാട്ടിൽ!
അടിമകളായ പാവങ്ങൾ, അവരുടെ ശവശരീര
ങ്ങൾ അടിക്കടി അടിഞ്ഞുകൂടുന്നതോ?—
ഹാഹോ, കഷ്ടം, ചുടുകാട്ടിൽ, ചുടുകാട്ടിൽ!"

അടിച്ചുപരത്തിയപ്പോൾ വികാരം എത്ര ചോർന്നുപോയി! സമ്പ്രദായത്തിനെന്തുടവുതട്ടി! നവീനമെന്നു ഘോഷിക്കപ്പെടുന്ന ഇന്നത്തെ മലയാളഗദ്യകവിതയ്ക്കുള്ള പ്രധാനദൂഷ്യമാണിതു്.

ഈ പ്രസ്ഥാനത്തിൽ അദ്വിതീയനെന്നു പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ള ആർനോ ഹോൾസിന്റെ 'മായികച്ഛായകൾ' എന്ന കൃതിയിൽനിന്നു് ഒരു പദ്യം ഇവിടെ ഉദ്ധരിക്കുന്നതു് ഉചിതമായിരിക്കും.

> "രക്തം വമിച്ചു മരിക്കുന്ന നിലയുറച്ച നക്ഷത്രങ്ങ
> ളുടെ തീക്ഷ്ണശോണമായ വനാന്തരത്തിൽ,
> എന്റെ ചിറകുള്ള കുതിരയെ,
> ഞാൻ ചമ്മട്ടിയുലച്ചടിക്കുന്നു.
> മുന്നോട്ടു്!
> ജർജ്ജരിതങ്ങളായ ഗോളയൂഥങ്ങൾക്കപ്പുറം,
> ആദികാലംമുതൽക്കുള്ള മരവിച്ച ആദിത്യമണ്ഡല
> ങ്ങൾക്കപ്പുറം,

Digitized By Kerala Sahitya Akademi

രാത്രിയുടേയും ശൂന്യതയുടേയും മരുപ്പരപ്പുകൾക്ക
പ്പുറം,
മിന്നിമിന്നിത്തെളിഞ്ഞുകൊണ്ടു്,
നവലോകങ്ങൾ ഉദിച്ചുയരുന്നു—
കോടാനകോടി കുങ്കുമപ്പൂവുകൾ!!..."

(സ്വന്തം തർജ്ജമ)

സമരകോലാഹലങ്ങളുടേയും രക്തപ്പുഴകളുടേയും ഇടയ്ക്കു കൂടി വിജയഭേരിയടിച്ചുകൊണ്ടു താരിതപ്രയാണംചെയ്യുന്ന മനുഷ്യശക്തി അതിമാനുഷത്വത്തെ അധിരോഹണംചെയ്തു പ്രകൃതിയെമാത്രമല്ല, മൃതിയെപ്പോലും തന്റെ കാൽച്ചുവട്ടിൽ അടക്കിനിർത്തുന്ന ഒരു കാലം—ഒരു നവലോകം—ആസന്നമല്ലെന്നാക്കറിയാം?

വിററ്മാൻ തുടങ്ങിയവർ പരുപരുത്ത യാഥാർത്ഥ്യങ്ങൾ നിറഞ്ഞ ഈ ഭൂമിയിൽനിന്നു് ഒരടിയെങ്കിലും മേലോട്ടുയരുവാനിഷ്ടപ്പെട്ടില്ല. മനുഷ്യൻെറ ജീവിതം—ശോകാത്മകവും ദുരിതസമ്പൂർണ്ണവും മത്സരാങ്കിതവുമായ ഐഹികജീവിതം—അതിൻെറ സകല വശങ്ങളും സൂക്ഷ്മമായി നോക്കി മനസ്സിലാക്കുവാനും, അവയെ ഏററവും പരിപൂർണ്ണമായ വിധത്തിൽ കലയിൽ പകർത്തുവാനുമായിരുന്നു ഇവരുടെ ശ്രമം. "ഒരു നാടകത്തിന്റെ വില തിട്ടപ്പെടുത്തുന്നതു് അതുൾക്കൊള്ളുന്ന ജീവിതത്തിൻെറ പൂർണ്ണതയിലാണു്" എന്ന ദ്''അനൺസിയോവിൻെറ പ്രസ്താവനയിൽ ഇതു സ്പഷ്ടമാകുന്നുണ്ടു്. പുണ്യപാപങ്ങളുടേയും സ്വർഗ്ഗനരകങ്ങളുടേയും ചിത്രപ്രശ്നം പൂരിപ്പിക്കുവാനായി നീതിശാസ്ത്രങ്ങളുടേയും മതത്തിന്റേയും കനത്ത

Digitized By Kerala Sahitya Akademi

നിഘണ്ടുക്കളിൽ സമയം പാഴാക്കാൻ അവർ ഒരുമ്പെട്ടില്ല. "നിങ്ങൾ ജീവിതത്തിൻെറ സാധാരണമായ ഒഴുക്കിലേയ്ക്കു കുതിച്ചുചാടുക......നിങ്ങളുടെ കഥാനായകനായി, നിത്യജീവിതത്തിൻെറ അകൃത്രിമതത്വത്തിൽ സ്ഥിതിചെയ്യുന്ന ഒരു സാധാരണക്കാരനെ സ്വീകരിക്കുക!" എന്നുള്ള സോളായുടെ ഉപദേശം ഈ ഘട്ടത്തിൽ സ്മരണീയമാണു്. ജീവിതത്തെ അടുത്തു പരിശോധിക്കുകയാൽ അതിൻെറ ഇരുണ്ട ഭാഗങ്ങളോടും വൈരൂപ്യത്തോടുമുള്ള വെറുപ്പു ക്രമേണ മാഞ്ഞുപോവുകയും അവയ്ക്കു സാഹിത്യത്തിൽ അനിഷേധ്യമായ ഒരു സ്ഥാനം സിദ്ധിക്കുകയുംചെയ്തു. ഈ മതത്തിൻേറയും ആദ്യത്തെ പ്രവാചകൻയഥാർത്ഥത്തിൽ ബോദ്ലേറാണു്. മോറിസ് റോള്ളിനാററ് എന്ന കവി ഇപ്രകാരം പ്രസ്താവിക്കുന്നു:-

"ഞാൻ എവിടെയായാലും, ഏതവസരത്തിലും— കവികർമ്മത്തിന്റെ ഉത്തുംഗമേഖലയിൽ വർത്തിക്കുമ്പോൾപ്പോലും—ദുഷ്ടവിചാരങ്ങൾ എൻെറ ആത്മാവിൽ പാഞ്ഞണയുന്നു......എത്ര തടുത്താലും ഒരു വിശേഷവുമില്ല. ചെയ്ത്താൻ മുട്ടിവിളിക്കുന്ന എൻെറ ഹൃദയത്തിൽ അനസ്യൂതമായി സ്പന്ദിച്ചുകൊണ്ടിരിക്കുന്ന നാരകീയസ്വരങ്ങൾക്കു ഞാൻ സശ്രദ്ധം ചെവികൊടുത്തുപോകുന്നു. ശനിപിടിച്ച വെറിക്കൂത്തിൽ എനിക്കൊരു ഭയമുണ്ടു്; അതിൻെറ വെറുമൊരു നിഴൽമാത്രം മതി എന്നെ അരിശംകൊള്ളിക്കാൻ; ഇങ്ങനെയെല്ലാമാണെങ്കിലും എനിക്കുതന്നെ അടക്കാൻ സാധിക്കാത്ത രീതിയിൽ ആ നാരകീയസ്വരങ്ങൾക്കു ഞാൻ ചെവികൊടുത്തുപോകുന്നു.

Digitized By Kerala Sahitya Akademi

എൻെറ മാസ്തിഷ്കമണ്ഡലത്തിൽ, ന്യായബോധത്തെ വിലങ്ങടിച്ച്, അപരാധാസക്തിയുടെ അസിതച്ഛായാരൂപം ഗ്രൂഢമായങ്ങനെ ചുററിനടക്കുന്നു...കുത്തിക്കൊല, ബലാൽസംഗം, കൊള്ള, പിതൃഹത്യ ഇവയെല്ലാം കിടുകിടുപ്പിക്കുന്ന ഇടിമിന്നലുകളെപ്പോലെ എൻെറ മനസ്സിലൂടെ കടന്നുപോകുന്നു......"

സമുദായനീതിയുടെ ദൃഷ്ടിയിൽ അധമമെന്നോ അസാന്മാർഗ്ഗികമെന്നോ കരുതപ്പെടുന്നതും, മാമൂൽപ്രിയന്മാർ അവജ്ഞയോടെ ചൂളിമാറുന്നതുമായ പല 'വൈരൂപ്യങ്ങൾ'ക്കും ബോദ്ലേർ കലാലോകത്തിൽ അനിഷേദ്ധ്യമായ സ്ഥാനംകൊടുത്തു. ചീഞ്ഞളിയുന്ന ശവശരീരങ്ങൾ, ഉൽക്കടവ്യാധികളുടെ വിലാപഭേദങ്ങൾ, അധമാധമങ്ങളായ അപരാധങ്ങളുടെ പൈശാചികാവേശങ്ങൾ, നിസ്സഹായകളായ തേവിടിശ്ശികളുടെ ബീഭത്സപരിണാമങ്ങൾ—ഇങ്ങനെ മടുപ്പിക്കുന്ന പലതും ബോദ്ലേയറുടെ കൃതികളിൽ തികഞ്ഞ കലാഭംഗിയാർന്ന അനശ്വരരൂപങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. സമുദായനീതിയാൽ അടിച്ചമർക്കപ്പെടുന്ന ജന്മവാസനകളിൽ വേരുറച്ച വികാരങ്ങളുടെ ഉച്ഛൃംഖലമായ ഉദ്ധ്യയനത്തിനു് ഉത്തമോദാഹരണങ്ങളാണു് തീയോഫീൽഗോത്തിയെ, കാത്തുളെമെൻഡെ തുടങ്ങിയവരുടെ കൃതികൾ. ലോകപ്രസിദ്ധനായ സാങ്-ബോ എന്ന വിമർശകകേസരിയുടെ 'വളപ്പെറ്റ്' എന്ന ആഖ്യായികയിൽ നാം ദർശിക്കുന്നതു കാമവികാരത്തിൻെറ തമോമയമായ അന്തരീക്ഷത്തിൽ അലറിപ്പായുന്ന കൊടുംകാററുകളുടെ സംഹാരതാണ്ഡവമാണു്.

Digitized By Kerala Sahitya Akademi

ഫ്രാൻസ് ബ്രെൻറാനോ, പാറംഹാൻ, ഒസ് വേറംഡ് സിമ്മെർമാൻ തുടങ്ങിയ ചിന്തകന്മാർ 'കവിതയിൽ തിന്മയ്ക്കുള്ള സ്ഥാന'ത്തെക്കുറിച്ച് ദീർഘമായി ഉപന്യസിച്ചിട്ടുണ്ട്. ചിന്തകന്മാരെ ഇന്നും അലട്ടിക്കൊണ്ടിരിക്കുന്ന ഒന്നാണ് ബോദ്‌ലേറുടെ കലാപ്രപഞ്ചമെന്ന് ഈ ഘട്ടത്തിൽ പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ 'തിന്മയുടെ പുഷ്പങ്ങറം' (Les Fleurs du mal) കാവ്യലോകത്തിലെ അത്ഭുതപൂർവ്വമായ ഒരത്ഭുതമാണ്.

"ശപ്തവ്യഥാപൂർണ്ണപാത്രമേ, ഹാ, മഹാ
ശബ്ദശൂന്യതടമേ, നിന്നെത്തൊഴുന്നു ഞാൻ!
അല്ലിൻനിഗ്രഢകുഹരാന്തരങ്ങറംപോൽ
ചൊല്ലെഴും നിന്നെയാരാധിച്ചിടുന്നു ഞാൻ!

കഷ്ടം, പറന്നുപോം; നില്ക്കില്ല നീ—നിന്നെ-
യിഷ്ടപ്പെടുന്നിതതുമൂലമേറെ ഞാൻ!
എൻനിശീഥത്തിൻെറ ലാവണ്യകേന്ദ്രമേ,
കുന്നുകൂട്ടുന്നതായ് തോന്നുകയാണു നീ;

ഇന്നിപ്പൊഴും—വെറം ഹാസ്യ,മെന്നാൽ സ്തുതി-
യെന്നു ഭാവിച്ചതേ, കുന്നുകൂട്ടുന്നു നീ;
എൻകൈയിൽനിന്നുമാ നീലനിസ്സീമത
പങ്കിട്ടകററം മഹായോജനകളെ!

പൂഴിയിൽ ഭ്രഗർഭഗഹ്വരത്തിൽപ്പെട്ട
ചീയുമൊരുഗ്രശവശരീരത്തിനെ,
ആയത്തയൌവനരാകും പുഴക്കളാം
ഗായകന്മാരുടെ സംഘമൊന്നെന്നപോൽ,

Digitized By Kerala Sahitya Akademi

ആക്രമത്തിന്നു, കൈയേററത്തി,നിന്നിര-
ച്ചാർത്തു മുന്നോട്ടു മുന്നോട്ടു കുതിപ്പു ഞാൻ!
നിശ്ശാമ്യരോഷോഗ്രമേ, മൃഗമേ, നിത്യ-
നിഷ്ഠുരമേ, നിൻെറ നീങ്ങാത്ത നീരസം!—
നിന്നഴകിന്നതു മാറേററിടുകയാ-
ണെന്നാല്ല,മായതെൻ കണ്ണുകൾക്കുത്സവം!!"

(ബോദ്‌ലേർ—സ്വന്തം തർജ്ജമ)

തിന്മയുടെ തിമിരാത്മകമായ തിരസ്കരണിയിലൂടെ അവ്യക്തഗഹനമായ ഒരു സംഗീതധാരയുടെ ആരോഹണാവരോഹണങ്ങൾക്കൊപ്പിച്ച് മിന്നൽക്കൊടികൾ നൃത്തംചെയ്യുന്ന അജ്ഞാതലോകങ്ങളെ ബോദ്‌ലേർ നമുക്കു കാണിച്ചുതരുന്നു. അദ്ദേഹം ഒരസ്ഥിപഞ്ജരത്തോടു സംസാരിക്കുമ്പോൾ (Dance macabre) അതിൻെറ ചുററും മാംസം ഉരുണ്ടുകൂടി കൺപോളകൾ വിടൎന്ന് അത്ഭുതരശ്മികൾ പ്രസരിക്കുന്നതായും, ക്രമേണ അതിന്റെ അംഗങ്ങൾ ചലിക്കുന്നതായും, അതിനു ചുററും അദൃശ്യരായ ആയിരമായിരം ദേവതകൾ കൈകോർത്തുപിടിച്ചു നൃത്തംചെയ്യുമ്പോൾ, അവരുടെ മിനുത്തുനേർത്ത തൂകിൽത്തുമ്പുകളുടെ ദിവ്യസ്പർശം നാം അനുഭവിക്കുന്നതായും നമുക്കു തോന്നിപ്പോകുന്നു. കാമുകൻ തലയറുത്തുകൊണ്ടുപോയ സുന്ദരിയായ ഒരു വേശ്യയുടെ കബന്ധം മഞ്ചത്തിൽക്കിടന്നു പിടയ്ക്കുന്നതു തികഞ്ഞ പ്രസന്നതയോടെ സുസൂക്ഷ്മമായി അദ്ദേഹം ചിത്രീകരിക്കുമ്പോൾ (Une Martyre) നാം അത്ഭുതസ്തബ്ധരായിത്തീരുന്നു. ആബേലും കെയിനും തമ്മിലുള്ള പടവെട്ടലിൽ കെയിനിൻെറ

Digitized By Kerala Sahitya Akademi

പക്ഷം പിടിക്കുവാനോ (Abel et cain) ചെയിത്താൻെറ പാദങ്ങളിൽ പുഷ്പാഞ്ജലി ചെയ്യുവാനോ (Les Litanies de Satan) ബോദ്‌ലേർക്ക് യാതൊരു മടിയുമില്ല. അദ്ദേഹത്തിൻെറ 'സാഡിസ'മാണ് സ്വിൻബേണിലേയ്ക്കു പകന്നതു്. അദ്ദേഹത്തിൻ്റെ ശിഷ്യന്മാരായ വില്ല്യെഴ്‌സ് ദെ ലൈൽ ആദാമിലും ബാർബേദെ' ആരെവില്ലിയിലും ഈ സ്വഭാവം മുഴച്ചുകാണാം.

മനുഷ്യപ്പുഴുക്കൾ മദിച്ചുപുളച്ചിരുന്ന ഈ ലോകത്തെ ആധുനികകവികൾ വെറുക്കുകയല്ല അധികം ഇഷ്ടപ്പെടുകയാണു് ചെയ്തതു്. മരീചികാസദൃശങ്ങളായ സ്വപ്നലോകങ്ങളെ അവർ കഠിനമായി വെറുത്തു. മേസ്ഫീൽഡ് പറയുന്നതു നോക്കുക:

"പാടിടാമപരന്മാർ മുന്തിരിച്ചാറും, വിത്ത-
ധാടിയു,മാഹ്ലാദവും വണ്ണിച്ചുവണ്ണി,ച്ചെന്നാൽ,
മാമകഗാനം, ചേറും, പിശട്ടും, മന്നിൻമറ്റ-
മാലിന്യങ്ങളും, പൊടിപ്പടപ്പും പ്രകീർത്തിക്കും!"

(സ്വന്തം തർജ്ജമ)

മേസ്ഫീൽഡിൻ്റെ ചേറും പിശട്ടും, കലാദ്രഷ്ട്യാ, ഏതു റൊമാൻറിക്കവിയുടെ ആദർശസുന്ദരങ്ങളായ വസ്തുക്കളേക്കാളും കമനീയമാണു്. വെർഹേരൻ എന്ന ബൽജിയൻ മഹാകവിയുടെ കൃതികളിലാണു് ഈ കലാവൈചിത്ര്യം അതിൻെറ ഏററവും വിജയകരമായ പരിപൂർണ്ണതയിൽ പ്രത്യക്ഷപ്പെടുന്നതു്. ശബ്ദകോലാഹലമുണ്ടാക്കുന്ന ഫാക്ടറികളും, ജനനിബിഡങ്ങളായ ആപണവീഥികളും, മദ്യശാലകളും, വേശ്യാലയങ്ങളും തിങ്ങിനിറഞ്ഞ, വ്യവ

Digitized By Kerala Sahitya Akademi

സായസങ്കേതങ്ങളായ ആധുനികനഗരങ്ങാം അവയുടെ സവ്വമാലിന്യങ്ങളോട്ടുംകൂടി വെർഹേരൻെറ കൃതികളിൽ സ്ഥാനംപിടിച്ചിട്ടുണ്ടു്. "ജീവിതത്തിൻെറ ചൂളയിൽ നിന്നുത്ഭവിക്കുന്ന ഗജ്ജനസംഘട്ടനങ്ങളുടെ കോലാഹലാകലിതങ്ങളായ ശക്ത്യാവേശങ്ങളുടെ കവിയായിരുന്നു വെർഹേരൻ" എന്നു പ്രൊഫസർ സി. എച്ച്. ഹെർഫോർഡ് പറയുന്നു. അപ്രതിമമായ ശക്തിയാണു്— അനിരോദ്ധ്യമായ സമരാസക്തിയാണു്—അദ്ദേഹത്തിൻെറ കവിതയുടെ ജീവൻ. നീററ്ഷിൻെറ തത്വചിന്തയുടെ സ്വാധീനശക്തി അദ്ദേഹത്തിൻെറ പരാജയബോധത്തിനു കനംകൂട്ടിയിരുന്നു എങ്കിലും അദ്ദേഹത്തിനു മനുഷ്യവൎഗ്ഗത്തിൽ ഉദാരമായ ഒരു വിശ്വാസമില്ലാതിരുന്നില്ല. ശക്തിയിലുള്ള പ്രതിപത്തി, അദ്ദേഹത്തിൻെറ ഭസ്മീകരിക്കുന്ന വിലാപങ്ങളുടേയും കിടുകിടുപ്പിക്കുന്ന ഗർജ്ജനങ്ങളുടേയും ഇടയിൽ, ആനന്ദത്തിൻെറ ഒരു നേരിയ ഇഴ ഇടയ്ക്കിടെ പാകിക്കൊണ്ടിരുന്നതായിക്കാണാം:—

"മത്ത്യനെ സ്നേഹിപ്പൂ ഞാൻ ഗാഢമാ,യതുപോലെ
മൽച്ചിത്തം ലോകത്തെയും സതതം സ്നേഹിക്കുന്നു.
മത്ത്യനിൽനിന്നു്, ലോകരംഗത്തിൽനിന്നും, മമ
ശക്തി,യാതൊരു ശക്തി സതതം സമാർജ്ജിപ്പൂ;
അതുപോൽ, മമശക്തി മത്ത്യനും ലോകത്തിനും
സതതം നൽകും ശക്തിയേ,തതാരാധിപ്പൂ ഞാൻ!"

(വെർഹേരൻ—സ്വന്തം തജ്ജമ)

ഈ ശക്തിയുടെ—അതിമാനുഷികമായ ഈ അത്ഭുത

Digitized By Kerala Sahitya Akademi

ശക്തിയുടെ—ഉപാസകന്മാരാണു് ബർണാഡ് ഷായും ഗെർഹെർട് ഹാപ്റ്ററ്മാനും.

സദാ മുന്നോട്ടൊഴുകിക്കൊണ്ടിരിക്കുന്നതും നിമിഷം പ്രതി പരിണാമത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നതുമായ ജീവിതവാഹിനിയെ, അതിൻെറ തടത്തിൽ ഒഴിഞ്ഞുനിന്നുകൊണ്ടു വീക്ഷിക്കുവാനല്ല, നേരേമറിച്ചു്, അതിലേയ്ക്കു കുതിച്ചുചാടി നീന്തിത്തിമിർക്കുകയും, അതിൻെറ നിഗൂഢങ്ങളായ അഗാധതകളിലേയ്ക്കു ആണ്ടിറങ്ങുകയും, ആ വിക്രമകർമ്മത്തിൽനിന്നുണ്ടാകുന്ന അനുഭവപരമ്പരകളിലൂടെ അതിൻെറ സ്വഭാവത്തെ വ്യാഖ്യാനിക്കുകയും ചെയ്യുന്നതിലാണു് ആധുനികസാഹിത്യകാരന്മാർ പ്രതിപത്തിയും സാമർത്ഥ്യവും പ്രദർശിപ്പിക്കുന്നതു്. ധ്യാനത്തിനായിട്ടല്ല, ജീവിക്കുവാൻ, അനുഭവിക്കുവാൻ, ആയിട്ടാണു് അത്ര ഗാഢമായി അവർ ജീവിതത്തെ മാറോടടുക്കിപ്പിടിച്ചിട്ടുള്ളതു്. ഇതിനുവേണ്ട ഏററവും സമുചിതമായ പശ്ചാത്തലം 1914-ലെ മഹായുദ്ധം അവക്കൊരുക്കിക്കൊടുത്തു. സമരാങ്കണത്തിൽനിന്നു സമാർജ്ജിക്കപ്പെട്ട നൂതനാനുഭവങ്ങൾ അവരുടെ മനഃപ്രസാദത്തെ മന്ദീഭവിപ്പിക്കുകയോ അവരുടെ ആത്മാവിൽ തീക്ഷ്ണമായ വിശ്വവിദ്വേഷം കൊളുത്തുകയോ ആശയുടേയും വിശ്വാസത്തിൻേറയും പൊൻചിറകുകൾ അരിഞ്ഞുവീഴ്ത്തുകയോ അല്ല ചെയ്തിട്ടുള്ളതെന്നു പ്രത്യേകം ഓർക്കേണ്ടതായിട്ടുണ്ടു്. നാശം, രോഗം, അനാഥത്വം, മരണം, അടിക്കടിയുണ്ടാകുന്ന അവധിയററ ജീവിതക്ലേശം—ഇവയുടെ ഭയങ്കരതകൾക്കു സാക്ഷ്യംവഹിച്ച അവർ മനുഷ്യാത്മാവിൻെറ ഉൽക്കർഷസോപാനത്തിലേ

Digitized By Kerala Sahitya Akademi

യ്ക്കുള്ള പ്രയാണത്തെ ദർശിക്കുകയും, അതിൻെറ ശുഭാപ്തിയിൽ അവർക്ക് തോന്നിയ അടിയുറച്ച വിശ്വാസത്തെ കലാസൃഷ്ടികളിൽ സമർത്ഥമായ രീതിയിൽ പ്രതിഫലിപ്പിക്കുകയുമാണു് ചെയ്തതു്.

*　　　*　　　*

ആധുനികയൂറോപ്യൻസാഹിത്യത്തിലെ ഗതിവൈചിത്ര്യങ്ങളെക്കുറിച്ചു് ഇങ്ങനെ ചില സൂചനകൾ നല്കുവാൻമാത്രമേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളു. ഓരോ പ്രസ്ഥാനവിശേഷത്തെക്കുറിച്ചും അതിലെ നായകന്മാരുടെ പ്രത്യേകതയെക്കുറിച്ചും സവിസ്തരം പ്രതിപാദിക്കുന്നതിന്ന്, സാമാന്യത്തിലധികം ദീർഘിച്ചുപോയ ഈ പ്രസംഗത്തിൽ സ്ഥാനമില്ലാത്തതിനാൽ, തൽക്കാലം ഞാൻ തുനിയുന്നില്ല.

മേൽപ്രസ്താവിച്ച ചില പ്രസ്ഥാനങ്ങളെ, അവയുടെ ശരിയായ രൂപത്തിലല്ലെങ്കിലും, ആധുനികഭാഷാസാഹിത്യം സ്വാഗതം ചെയ്തിട്ടുണ്ടു്. ഗ്രന്ഥകാരന്മാർ അവയിൽ എത്രത്തോളം വിജയം നേടിയിട്ടുണ്ടെന്നോ അവരുടെ കൃതികളിൽ ഉള്ള പോരായ്മകൾ എന്തെല്ലാമാണെന്നോ നിരൂപിക്കുവാൻ ഞാനിപ്പോൾ ഒരുമ്പെടുന്നില്ല. ഏതായാലും ഒന്നു പറയാം: പ്രസ്ഥാനങ്ങളിൽ ഭ്രമിച്ചു്, ഒന്നിൽനിന്നു മറ്റൊന്നിലേയ്ക്കു്, ഒന്നിലും ഉറച്ചുനില്ക്കാതെ, സദാ അങ്ങനെ ചാടിക്കൊണ്ടിരിയ്ക്കുന്നതു നന്നല്ല. ഡാർവിൻെറ പരിണാമവാദത്തെ അനുസ്മരിപ്പിക്കുന്ന ഒരു ശീലമാണതു്. "ഒരാൾക്കു നദിയിൽനിന്നാണെങ്കിലും വയററിൽ കൊള്ളുന്നിടത്തോളം വെള്ളമേ കുടിക്കാനൊക്കു; വനാന്തരത്തിലാണെങ്കിലും ഒരു പക്ഷിക്കു് ഒരൊററ വൃക്ഷശിഖരത്തിലേ വിശ്രമിക്കാൻ

Digitized By Kerala Sahitya Akademi

സാധിക്കു!" എന്നു് ഒരു ചീനമഹാകവി പാടിയിട്ടുള്ള തത്വം സ്മരണീയമാണു്. എല്ലാ വഞ്ചിയിലും കാലു കുത്തിയാൽ ഒന്നിലും നിലകിട്ടാതെ വെള്ളത്തിൽ വീണു പോവാനാണെളുപ്പം. കാലികമായ ഒഴുക്കിൽ മുന്നണിയിലെത്താൻ തരപ്പെട്ടില്ലെങ്കിലോ എന്ന ഭയമാണിതിനു കാരണമെന്നുകാണാം. ഒരു പ്രതിഭാശാലിക്കു് ഒരിക്കലും കാലത്തെ ഭയപ്പെടേണ്ടതായിട്ടില്ല. "The ages are all equal; but genius is always above its age" എന്നു ബ്ലേക്ക് അഭിപ്രായപ്പെട്ടിട്ടുള്ളതു് ശരിയാണു്. ഒരു കാൽ ക്ലാസിസത്തിൽ കുത്തി, ഒരു കൈ റൊമാൻറിസിസത്തിന്മേൽ മുറുക്കിപ്പിടിച്ചു മറേറക്കാൽ മിസ്റ്റിസിസത്തിലേയ്ക്കുയർത്തി മറേറക്കൈകൊണ്ടു വഴുതിമാറുന്ന പുരോഗമനത്തെ തപ്പിപ്പിടിക്കുവാനായി ചിലർ കാട്ടിക്കൂട്ടുന്ന പ്രാണപരാക്രമങ്ങൾ കാണുമ്പോൾ, ചിരിച്ചു തലതല്ലിപ്പോകും.

സാഹിത്യത്തിൽ വിവിധപ്രസ്ഥാനങ്ങൾ ഉണ്ടാകുന്നതിൽ ഒട്ടും പരിഭ്രമിക്കാനില്ല; അതിൻെറ പുരോഗമനത്തിനും വികാസത്തിനും അവ കൂടിയേ കഴിയൂ. പക്ഷേ ഒന്നുണ്ടു്: ഓരോ പ്രസ്ഥാനക്കാരും അവരുടെ കലാകർമ്മം മാത്രമാണുൽകൃഷ്ടമെന്നും അതുകൊണ്ടുമാത്രം കലയുടെ പരമലക്ഷ്യം പ്രാപിക്കാമെന്നും ദുരഭിമാനംകൊള്ളുന്നതു് ഒരിക്കലും ആശാസ്യമല്ല. മാനവസമുദായത്തിൻെറ സാംസ്കാരികപുരോഗമനമായിരിക്കണം കലയുടേയും കലാകാരന്മാരുടേയും പൊതുലക്ഷ്യം. തങ്ങളുടെ സിദ്ധാന്തങ്ങളിൽമാത്രം അന്ധമായ വിശ്വാസവും മററുള്ളവയിൽ അതിരുകവിഞ്ഞ വെറുപ്പും പ്രത്യേകതാൽപര്യങ്ങളുടെ പ്രേരണയാലുണ്ടാകുന്ന കക്ഷിപിടുത്തവും പക്ഷപാതബുദ്ധിയും ഒരിക്കലും നന്നല്ല. മനുഷ്യൻ ഇന്നും അപൂർണ്ണനാ

Digitized By Kerala Sahitya Akademi

ണു്; കലാസൃഷ്ടി അവൻേറതാണല്ലോ. ആ നിലയ്ക്കു് അതു പൂർണ്ണമാണെന്നഭിമാനിക്കുന്നതിൽ അർത്ഥമില്ല. 1932-ൽ ഇംഗ്ലണ്ടിൽ 'The Federation of Progressive Societies and Individuals' എന്ന വിഖ്യാതസംഘടന ആരംഭിച്ചപ്പോൾ അതിന്റെ അദ്ധ്യക്ഷനായ സി. ഇ. എം. ജോഡ് പ്രസിദ്ധപ്പെടുത്തിയ 'മാനിഫെസ്റ്റോ'വിൽ എച്ച്. ജി. വെൽസ് ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു:—

"The aim to make the world anew and nearer the heart's desire of mankind is universal; but the methods are generally local, sectarian, partisans hysterical and confused........"

പുരോഗമനസാഹിത്യകാരന്മാരുടെ സംഘടന വെൽസിൻെറ ഈ അഭിപ്രായത്തെ പ്രത്യേകം ശ്രദ്ധിക്കുകയും അതനുസരിച്ചു പ്രവൎത്തിക്കുകയും ചെയ്യേണ്ടതായിട്ടുണ്ടു്.

കലാകാരൻ ഒരിക്കലും ഒരു ദേവനല്ല; നമ്മെപ്പോലെതന്നെ മജ്ജയും മാംസവും രക്തവും അസ്ഥിയും ഒത്തുചേൎന്ന ഒരു മനുഷ്യൻമാത്രം. അയാൾ തൻെറ കലാസൃഷ്ടി പ്രദർശിപ്പിക്കുന്നതു മനുഷ്യരുടെ മുമ്പിലാണു്; മനുഷ്യൎക്കുവേണ്ടിയാണു്. ദേവന്മാൎക്കു മനുഷ്യരെക്കൊണ്ടാവശ്യമില്ല; മനുഷ്യൎക്കു ദേവന്മാരെക്കൊണ്ടും. ഈ ബോധമായിരിക്കണം കലാകാരൻെറ പ്രവൎത്തനങ്ങളെ നയിക്കേണ്ടതു്. മനുഷ്യൻെറ അവശതകളെ, ആവശ്യങ്ങളെ, കാണാത്ത ഭാവം നടിച്ചു ഭാവനയുടെ ചിറകുകൾ വിടൎത്തി പൊന്മേഘമാലകൾക്കിടയിൽ സ്വച്ഛന്ദവിഹാരം ചെയ്തതുകൊണ്ടായില്ല; അയാൾ കാലുറപ്പിച്ചുനില്ക്കേണ്ടതു് പരുപരുത്ത ഈ മണ്ണിൽത്തന്നെയാണു്. അയാ

Digitized By Kerala Sahitya Akademi

ളെ ചൂഴന്ന ജീവിതയാഥാർത്ഥ്യങ്ങളിൽനിന്ന കേവലം ഭീരുവിനെപ്പോലെ പലായനംചെയ്യുകയല്ലാ, അവയുമായി പടവെട്ടി വിജയംനേടാൻ ശ്രമിക്കുകയാണു് അയാളുടെ ധമ്മം. ജീവരക്തത്തിൽ മുക്കി ജീവിതം പകർത്തിക്കാണിച്ചാൽമാത്രം പോരാ; ആ ജീവിതത്തിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന മാലിന്യങ്ങളെ നിമ്മാജ്ജനംചെയ്തു ജീവിതത്തെ ക്ഷേമാസ്പദമാംവിധം പരിഷ്കരിക്കുകകൂടിവേണം. പുരോഗമനേച്ഛുക്കളായ കലാകാരന്മാർ പരമമായ ആ കത്തവ്യത്തെ വിസ്മരിക്കുകയില്ലെന്ന വിശ്വസിച്ചുകൊണ്ടു്, ശ്രീ. വൈക്കം മുഹമ്മദ്ബഷീറിന്റെ വാക്കുകളിൽ ഞാൻ നിങ്ങൾക്കു മംഗളാശംസ ചെയ്തുകൊള്ളുന്നു.

"യുവജനങ്ങളേ,

മുമ്പോട്ടു പോകുവാൻ വെമ്പുന്ന നിങ്ങൾക്കു പരാജയപ്പെട്ടു കഴിഞ്ഞ കാലങ്ങളുടെ പ്രതിനിധികളായ ഞങ്ങൾ മംഗളം ആശംസിക്കുന്നു! വിജയം എന്നും നിങ്ങളുടെ കണ്ഠങ്ങളിൽ വരണമാല്യം അണിയിക്കട്ടേ! ധീരമോഹനമായ ഒരു നവ്യപ്രപഞ്ചത്തിലേയ്ക്കുള്ള അരുണോദയത്തിലൂടെയാവട്ടെ, നിങ്ങളുടെ ജൈത്രയാത്ര!

യുവാക്കളേ, യുവതികളേ,

എല്ലാം ഞങ്ങൾ നിങ്ങളിൽ സമപ്പിച്ചിരിക്കയാണു്. പുരോഗതിയും വികാസവും: നിങ്ങൾക്കുള്ളതാണഖിലവും. പോകുക, പോകുക! ഉജ്ജ്വലഗംഭീരങ്ങളായ സംഗ്രാമഗീതങ്ങളാൽ പ്രപഞ്ചത്തെ ഞെട്ടിച്ചുണർത്തിക്കൊണ്ടു്, അവസാനിക്കാത്ത ധീരപ്രവൃത്തികളാൽ ലോകത്തെ പുതുക്കിക്കൊണ്ടു്, ആശയും ആവേശവും നിറഞ്ഞ യുവത്വമേ, പോകുക! മുന്നോട്ടു്!"

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi